# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08** **ഓഗസ്റ്റ്–2017** **ലക്കം 8**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ............ | 05 |
| സർക്കുലർ ............ | 10 |
| പുരോഹിതനും സുവിശേഷോപദേശങ്ങളും ............ | 13 |
| രൂപതാകച്ചേരി വാർത്തകൾ ............ | 21 |
| *General Collection* ............ | 23 |
| വൈദികരുടെ മാസധ്യാനം ............ | 31 |
| മതബോധനരംഗം ............ | 32 |
| ചെറുപുഷ്പമിഷൻലീഗ് ............ | 40 |
| *Department of Youth Ministry* ............ | 49 |
| കെ.സി.വൈ.എം. ............ | 53 |
| കുടുംബപ്രേഷിതത്വം ............ | 62 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ............ | 65 |
| സാമൂഹ്യ സേവനരംഗം (WSSS) ............ | 68 |
| ബയോവിൻ അഗ്രോ റിസർച്ച് ............ | 74 |
| റേഡിയോ മാറ്റൊലി ............ | 79 |
| Mary Matha Arts & Science Collge ............ | 84 |
| CEADOM വിദ്യാഭ്യാസ മേഖല ............ | 85 |
| കെസിബിസി മദ്യവിരുദ്ധസമിതി ............ | 93 |
| ഡി.എഫ്.സി. ............ | 94 |
| അറിയിപ്പുകൾ ............ | 95 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............ | 97 |
| ബിഷപ്സ് പ്രോഗ്രാം ............ | 98 |

# തടവറ പ്രേഷിത ദിനം

**2017 ആഗസ്റ്റ് 13 ഞായർ**

## കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെകീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്കു സമാശ്വാസവും നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ 61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് താദാത്മ്യപ്പെടുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടുത്തെ കാത്തിരുന്നത്. അവിടുന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. 'കുറ്റവാളി' യായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. അവൻ തടവുകാരുടെ അടുക്കലേക്ക് ചെന്നു അനേകം ആത്മാക്കളെ മോചിപ്പിച്ചുവെന്ന് പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. തടവറ ശുശ്രൂഷ യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്.

2017 ആഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വ മകുടം ചൂടിയ വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ

ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യപിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ട വനാക്കുന്ന കാര്യമാണ്. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' കുറ്റകൃത്യങ്ങളുടെ നാടായി മാറികൊണ്ടിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തി ലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.8 ഉം, 2017-ൽ 723.3 ഉം ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ അഞ്ച് മടങ്ങ് കൂടുതലാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 348.3 മാത്രമാണെന്ന് ഓർക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായ പ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഓരോ വർഷവും രേഖപ്പെടുത്തുന്നത്. ഒരുപക്ഷേ മറ്റു സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങൾ എത്രമാത്രം രജി സ്റ്റർ ചെയ്യുന്നുവെന്നത് ഒരു കാരണം ആയേക്കാം. എങ്കിലും നമ്മുടെ സ്ഥിതി ഏറെ പരിതാപകരം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണ മെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടു ന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാല

പ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). പാപം പോലും മനുഷ്യന്റെ ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടുന്നു നീതിമാന്മാരുടെമേലും നീതിരഹിതരുടെമേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേക്കാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും, ക്രൂരകൃത്യങ്ങൾക്ക് ഇരയായവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊണ്ട് ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും

ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ചയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31- രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ എട്ട് സോണുകളിലെ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിത ദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പിഒസിയിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2017 ഓഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 05/2017***
***Prot. No. 20086/2017***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2017 ലെ തന്റെ മാധ്യമദിനസന്ദേശത്തിൽ ഇപ്രകാരം പറയുന്നു "ആശയവിനിമയത്തിനുള്ള മാധ്യമങ്ങളുടെ വർദ്ധിച്ച സംലഭ്യത ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് വാർത്തകൾ ക്ഷണനേരംകൊണ്ട് പങ്കുവെയ്ക്കുന്നതിനും അവയെ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും സാധ്യത നൽകുന്നു. ആ വാർത്തകൾ നല്ലതോ മോശമോ, ശരിയോ തെറ്റോ ആകാം". പരിശുദ്ധ പിതാവ് സൂചിപ്പിക്കുന്ന മാധ്യമങ്ങളുടെ വേഗത നമുക്കെല്ലാം അനുഭവമുള്ളതാണ്. പ്രത്യേകിച്ചും നവമാധ്യമങ്ങളായ വാട്സ് ആപ്, ഫെയ്സ് ബുക്ക് പോലുള്ളവയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളിൽ നിന്ന് ശരിയായവരെയും നല്ലവയെയും കണ്ടെത്തുക വലിയൊരു ഭഗീരഥ പ്രയത്നം തന്നെ ആവശ്യപ്പെടുന്നു. നിക്ഷിപ്ത താൽപര്യക്കാർ തെറ്റായ വാർത്തകൾ നിരന്തരമായി പ്രചരിപ്പിക്കുകയും അതിലൂടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും മറ്റും എതിരായ മനോഭാവങ്ങൾ സമൂഹത്തിൽ വ്യാപകമായി വളരുന്നതിനും ഇടയാകുന്നുണ്ട്. നിരപരാധികളായ ഒരുപാട് മനുഷ്യർ അതിലൂടെ വേദന അനുഭവിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് നമ്മുടെ സമുദായ ദിനപത്രമായ ദീപികയുടെ പ്രാധാന്യം. സമൂഹമാധ്യമങ്ങളുടെ പ്രചാരം വർദ്ധിച്ചിട്ടുണ്ടെങ്കിലും വിശ്വാസ്യതയുടെ കാര്യത്തിൽ ഇന്നും ദിനപത്രങ്ങൾ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. കാരണം പത്രത്തിലൂടെ വരുന്ന കാര്യങ്ങൾക്ക് പത്രഉടമകളും ലേഖകരുമെല്ലാം ഉത്തരവാദികളാകും എന്നതുകൊണ്ട് കുറേയെങ്കിലും ശ്രദ്ധ വാർത്തകൾ ശരിയായ രീതിയിൽ അവതരിപ്പിക്കാൻ അവരെ നിർബന്ധിതരാക്കും. പക്ഷേ ഇവിടെയും നിക്ഷിപ്ത താത്പര്യങ്ങൾ കടന്നുവരുമ്പോൾ സത്യം തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞെന്ന് വരില്ല. പ്രത്യേകിച്ചും നമ്മുടെ സമുദായത്തെക്കുറിച്ചും സമുദായ നേതാക്കളെക്കുറിച്ചും, സഭയേക്കുറിച്ചും സഭാനേതാക്കളെക്കുറിച്ചുമുള്ള സത്യാവസ്ഥ

നമ്മളെങ്കിലും പൊതുജനമദ്ധ്യത്തിൽ അവതരിപ്പിക്കേണ്ടി വരുമല്ലോ. ദീപികയുടെ ഒരു പ്രധാന ദൗത്യമിതാണ്. അതോടൊപ്പം ലോകത്തിൽ സംഭവിക്കുന്ന മറ്റുകാര്യങ്ങളെകുറിച്ചുള്ള വാർത്തകളും സത്യസന്ധ മായി ദീപിക അവതരിപ്പിക്കുന്നു.

സമുദായ അംഗങ്ങളായ നിങ്ങളെ ഓരോരുത്തരെയും നമ്മുടെ ഈ പത്രത്തിന്റെ വരിക്കാരാകുവാൻ ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കു കയാണ്. നമ്മുടെ പത്രം നമ്മൾ വാങ്ങിക്കുന്നത് അതിന്റെ കടലാസിന്റെ ഗുണമേന്മനോക്കിയോ വാർത്തകളുടെ ബാഹുല്യം നോക്കിയോ ആയി രിക്കരുത്. പ്രത്യുത അത് നമ്മുടെ ഒരു സമുദായ വികാരമായി മാറണം. സാമ്പത്തികമായി മറ്റു വലിയപത്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ വളരെ പിന്നിലാണ്. ആ പിന്നോക്കാവസ്ഥയെ മാറ്റിയെടുക്കേ ണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. കാരണം എത്രപരിമി തമാണെങ്കിലും നമ്മുടെ കാര്യങ്ങൾ പറയാൻ നമ്മുടേതായ വേദികൾ ഇല്ലാതാകുമ്പോൾ അതിന്റെ ദുഷ്ഫലം നമ്മൾ അനുഭവിക്കേണ്ടിവരും. എന്തു ത്യാഗം സഹിച്ചും നാം അത് ഒഴിവാക്കണം. സാമ്പത്തിക ക്ലേശ ങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടെന്ന് എനിക്കറിയാം. എങ്കിലും മാരകമായ രോഗത്തിന് കടം വാങ്ങിയും ചികിത്സ നടത്തുന്ന മനോഭാവത്തോടെ ഇക്കാര്യത്തിലും നമ്മൾ പ്രവർത്തിക്കുവാൻ തയ്യാറാകേണ്ടതാണ്. ഈ വരുന്ന ഒക്ടോബർ 30 ന് അകം നമ്മുടെ പരമാവധി വീടുകളിൽ ദീപിക ഉണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.


ഇപ്പറഞ്ഞതിന് അർത്ഥം മറ്റു പത്രങ്ങളെയോ മാധ്യമങ്ങളെയോ നമ്മൾ ഒഴിക്കാണം എന്നല്ല പ്രത്യുത കഴിയുന്നവരെല്ലാം അവയോ ടൊപ്പം തന്നെ ദീപികയും വാങ്ങണമെന്നുള്ളതാണ്. ഇക്കാര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ പ്രശ്നമായേക്കാം അതുകൊണ്ട് തീരു മാനം നിങ്ങൾ തന്നെ ആലോചിച്ച് എടുക്കേണ്ടതാണ്.

പത്രത്തിന്റെ വരിക്കാരാകാൻ ധാരാളം പേർ മുന്നോട്ട് വന്നാലും അത് ക്രമമായും കൃത്യമായും ലഭ്യമാകുന്നുണ്ടെന്ന് ആരെങ്കിലും ഉറപ്പ് വരുത്തേണ്ടത് ആവശ്യമാണ്. അതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഏതാനും നാളുകളായി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ദീപിക ഫ്രണ്ട്സ് ക്ലബ് അഥവാ DFC. ഇത് ഒരു സംഘടന അല്ല. അത് ദീപിക പത്ര ത്തിന്റെ പ്രചരണത്തിനും വികാസത്തിനുമായിട്ടുള്ള ഒരു സംരഭവും സംവിധാനവുമാണ്. അതുകൊണ്ടുതന്നെ സാമ്പത്തികമായി ബാധ്യ തകളുള്ള പദ്ധതികളിലേയ്ക്കും പരിപാടികളിലേക്കും അവർ കടക്കേ ണ്ടതില്ല. DFC യിൽ ഉള്ളവരുടെ പ്രധാന ദൗത്യം എല്ലാ ദിവസവും കൃത്യ മായി പത്രം വരിക്കാരുടെ കയ്യിൽ വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നുള്ളതാണ്. ഓരോ സ്ഥലത്തും ഉള്ള DFC ഭാരവാഹികൾ ഇക്കാര്യ ത്തിൽ ഗൗരവപൂർണ്ണമായ ഒരു സമീപനം വെച്ചുപുലർത്തിയാൽ മാത്രമേ

ഇതു സാധ്യമാവുകയുള്ളു. വരിക്കാർക്ക് അവരുടെ ബുദ്ധിമുട്ടുകൾ അറിയിക്കാൻ ഈ ഭാരാവാഹികളുടെ ഫോൺ നമ്പറുകളും മേൽവിലാസവും മറ്റും ലഭ്യമാക്കേണ്ടത് ആവശ്യമാണ്. വരിക്കാരുടെ പരാതികൾ യഥാസമയം പത്രത്തിന്റെ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ച് പരിഹാരം കണ്ടെത്തി പരാതിക്കാരെ അറിയിക്കാനുള്ള ചുമതലയും DFC ഭാരവാഹികളുടേത് തന്നെ. അതോടൊപ്പം കൂടുതൽ കൂടുതൽ കൈകളിലേയ്ക്ക് ദീപിക എത്തിക്കാനുള്ള പരിശ്രമവും അവർ നടത്തണം. ക്രമമായ മീറ്റിംഗുകളും അവലോകനങ്ങളും ഇതിന് ആവശ്യമാണ്.

DFC യുടെ പ്രവർത്തനത്തിന് വൈദികരുടെ സഹായം ഉണ്ടാകുമെങ്കിലും ഇത് അത്മായരുടെ തന്നെ ഒരു ഉത്തരവാദിത്വമാണ്. അതുകൊണ്ടുതന്നെ നേതൃത്വം തരാൻ വൈദികരില്ലാ എന്നതിന്റെ പേരിൽ ഇക്കാര്യത്തിൽ അലംഭാവം വരുത്തുന്നതിന് ന്യായീകരണമില്ല. അതോടൊപ്പം DFC ക്ക് ആവശ്യമായ എല്ലാ സഹായസഹകരണവും നൽകാൻ ബഹുമാനപ്പെട്ട വൈദികരേയും സന്യസ്തരേയും ഞാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ഇത്തരണുത്തിൽ രൂപതയിൽ ദീപികയുടെ കോർഡിനേറ്ററായി സ്തുത്യർഹമായ സേവനം നടത്തുന്ന ബഹു. സുനിൽ വട്ടുകുന്നേൽ അച്ചനെ നന്ദിപൂർവ്വം ഓർക്കുകയും അദ്ദേഹത്തോടൊത്ത് പ്രവർത്തിക്കാനായി ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ രൂപതയിൽ ഡി.എഫ്.സി.യിൽ ഉള്ളവർ അവരുടെ ദൗത്യനിർവ്വഹണത്തിൽ വളരെ ശ്രദ്ധാലുക്കളാണ് എന്നുള്ളത് എടുത്ത് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആ തീക്ഷ്ണതയിൽ ഇനിയും മുന്നോട്ട് പോവുകയും തളർച്ച അനുഭവപ്പെടാതിരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഏവർക്കും ദൈവാനുഗ്രഹവും വിജയവും നേരുന്നു. DFC പ്രവർത്തകർക്കും മുൻകൂട്ടി നന്ദി പറയുന്നു. ദൈവം നിങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2017 ജൂലൈ 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2017 ഓഗസ്റ്റ് 27-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

### പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷ വിചിന്തനങ്ങൾ

# പുരോഹിതനും സുവിശേഷോപദേശങ്ങളും

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: മർക്കോ 10,1–52)**

ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിച്ചുകൊണ്ട് യൂദയായിലേക്കു പോയ ഈശോയുടെ യാത്രയാണ് ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം. തന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നു പ്രവചനങ്ങളും ഈ യാത്രയിലാണ് ഈശോ നടത്തുന്നത്. യാത്രയുടെ അന്ത്യഘട്ടമാണ് മർക്കോസ് 10-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. പതിനൊന്നാമദ്ധ്യായത്തിൽ ഈശോയുടെ ജറുസലേം പ്രവേശനമാണ് വിവരിക്കുന്നത്. ഈ അദ്ധ്യായത്തിൽ ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനവും അവസാനം ബർതിമേയൂസിന് കാഴ്ച നല്കുന്ന അത്ഭുതവും പ്രതീകാത്മകമായി പ്രാധാന്യമർഹിക്കുന്നവയാണ്. തന്റെ പീഡാനുഭവത്തോടനുബന്ധിച്ചാണ് ശിഷ്യത്വത്തെക്കുറിച്ചുള്ള തന്റെ പ്രബോധനം ഈശോ ശിഷ്യർക്കു നല്കുന്നത്. കുരുടനായിരുന്ന ബർതിമേയൂസിന് "കാഴ്ച ലഭിച്ചു. അവൻ ഈശോയെ അനുഗമിച്ചു" (10,52) എന്നു പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത് വളരെ അർത്ഥവത്താണ്. ശിഷ്യത്വത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനം അതിന്റെ തനിമയിൽ മനസ്സിലാക്കി നാം ഈശോയെ അനുഗമിക്കണം എന്ന് അതു സൂചിപ്പിക്കുന്നുണ്ട്.

വിവാഹത്തെ സംബന്ധിച്ചുള്ള പ്രബോധനം (10,1–12), ശിശുക്കളെപ്പോലെയാകുക (10,13–16), ധനികനായ മനുഷ്യൻ (10,17–31), പീഡാനുഭവം മൂന്നാം പ്രവചനവും ശുശ്രൂഷയെക്കുറിച്ചുള്ള പ്രബോധനവും (1,32–45), ബർതിമേയൂസിനു കാഴ്ച (10,46–52) എന്നിങ്ങനെ അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗത്തെ തിരിക്കാം. ശിഷ്യത്വം പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനമാണ്; ശ്ലൈഹിക പുരോഹിത ശുശ്രൂഷയുടെ അവശ്യവ്യവസ്ഥയും, പുരോഹിത ജീവിതത്തിൽ സുവിശേഷോപദേശങ്ങൾക്കുള്ള പ്രസക്തി ആദ്യത്തെ മൂന്നു ഭാഗങ്ങൾ വ്യക്തമാക്കുമ്പോൾ, തുടർന്നുള്ള രണ്ടു ഭാഗങ്ങൾ പുരോഹിതശുശ്രൂഷയുടെ സ്വഭാവം വ്യക്തമാക്കുന്നു.

**1. പുരോഹിതനും ബ്രഹ്മചര്യവും**

*"എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ*

*പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീര മായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീര മായിരിക്കും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടു ത്താതിരിക്കട്ടെ"* (10,6-9).

വിവാഹത്തെ സംബന്ധിച്ചുള്ള ഈശോയുടെ പ്രബോധനമാണ് ഇവിടെ നല്കപ്പെടുന്നത്. വിവാഹമോചനം നിയമാനുസൃതമാണെന്ന് ഫരിസേയർ വിശ്വസിച്ചിരുന്നു. നിയ 24,1-4 ആയിരുന്നു ഈ വിശ്വാസ ത്തിന് ആധാരം. എന്നാൽ ഭാര്യയിൽ അസ്വീകാര്യമായതെന്തെങ്കിലും കണ്ടാൽ ഭർത്താവ് അവൾക്ക് ഉപേക്ഷാപത്രം കൊടുത്തു പറഞ്ഞു വിടുന്നതിനെക്കുറിച്ചാണ് അവിടെ പ്രതിപാദിക്കുന്നത്. വിവാഹമോചനം നേടാൻ പര്യാപ്തമായ കാരണങ്ങളെന്തൊക്കെയാണെന്ന് പ്രസ്തുത ഭാഗം വ്യക്തമാക്കുന്നില്ല. അതുകൊണ്ട് അവയെക്കുറിച്ച് ഫരിസേയ രുടെയിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നു. ഈ സാഹചര്യത്തി ലാണ് അവർ ഈശോയോട് ഈ ചോദ്യം ഉന്നയിക്കുന്നത്. അവരുടെ വാദപ്രതിവാദങ്ങളിൽ ഇടപെടാതെ ദൈവവചനത്തെമാത്രം ആധാര മാക്കിയാണ് ഈശോ സംസാരിച്ചത്. സൃഷ്ടിയുടെ പുസ്തകത്തിലെ വിവാഹത്തെക്കുറിച്ചുള്ള വീക്ഷണമാണ് ഈശോ ഉദ്ധരിക്കുന്നത് (ഉല്പ 1,27; 2,24). ദൈവത്തിന്റെ പദ്ധതിയിൽ പുരുഷനും സ്ത്രീയും തമ്മിൽ ഏകശരീരമായിത്തീരുന്ന സ്നേഹത്തിന്റെ അനന്യമായ ഒരു ബന്ധ മാണ് വിവാഹത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്. ഇതു വെറും മാനുഷി കമായ സ്നേഹത്തിന്റെ ബന്ധമല്ല, പ്രത്യുത ദൈവികമായ സ്നേഹ ബന്ധമാണ്. മാറ്റം വരാത്ത സ്നേഹബന്ധം.

വി. മത്തായിയുടെ സുവിശേഷത്തിൽ ഇതിന്റെ സൂചനയുണ്ട്. "ഭാര്യാഭർതൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ, വിവാഹം ചെയ്യാതി രിക്കുന്നതാണല്ലോ ഭേദം" എന്ന് ശിഷ്യർ പറഞ്ഞപ്പോൾ, "കൃപ ലഭിച്ച വരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല" എന്ന് ഈശോ പ്രത്യു ത്തരിച്ചു (മത്താ 19,10-11). ഇത് ദൈവത്തിന്റെ കൃപയോടുകൂടി മാത്രം മനുഷ്യർക്കു ജീവിക്കുവാൻ സാധിക്കുന്ന ദൈവികസ്നേഹമാണ്. ഗ്രീക്കുഭാഷയിൽ ഈ സ്നേഹത്തിന് 'അഗാപ്പേ' എന്നാണ് പറയുക. ഈ ദൈവിക സ്നേഹത്തിലേയ്ക്കാണ് ശിഷ്യരെല്ലാം വിളിക്കപ്പെട്ടിരി ക്കുന്നത്. വിവാഹജീവിതത്തിന്റെ പരിമിതികളില്ലാതെ ഈ സ്നേഹം ജീവിക്കുവാനുള്ള വിളിയാണ് ബ്രഹ്മചര്യത്തിലേക്കുള്ള വിളി. "സ്വർഗ രാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുടെ" വിളിയാ ണത് (മത്താ. 19,11). ബ്രഹ്മചര്യജീവിതം സ്നേഹത്തിന്റെ ജീവിതമാണ്. "ദൈവസ്നേഹം മാത്രം മതി; അതു ധാരാളം മതി" എന്ന നിലപാടു

സ്വീകരിച്ചുകൊണ്ട്, ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുവാനുള്ള വിളിയാണിത്; പരിമിതികൾ കൂടാതെ എല്ലാവർക്കും സ്നേഹശുശ്രൂഷ ചെയ്യുവാൻ വിളിക്കപ്പെട്ട പുരോഹിതർക്ക് ഇതു തികച്ചും യോജ്യമാണെന്ന് മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് പാശ്ചാത്യസഭയിലും പിന്നീട് കത്തോലിക്കാ സഭാകൂട്ടായ്മയിലുള്ള ചില പൗരസ്ത്യ സഭകളിലും ബ്രഹ്മചര്യം പുരോഹിത ശൈലിയായി സ്വീകരിക്കപ്പെട്ടത്. അതുകൊണ്ട് ശിഷ്യത്വം തീവ്രതയിൽ ജീവിക്കുവാൻ ബ്രഹ്മചര്യം പുരോഹിതർക്ക് സഹായകമാണ്.

**2. പുരോഹിതനും അനുസരണവും**

"*ഇതു കണ്ടപ്പോൾ ഈശോ കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എന്റെയടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല*" (10,14-15).

"ഈശോ തൊട്ട് അനുഗ്രഹിക്കുന്നതിനുവേണ്ടി ശിശുക്കളെ അവന്റെ അടുക്കൽ അവർ കൊണ്ടുവന്നു. ശിഷ്യന്മാരാകട്ടെ അവരെ ശകാരിച്ചു" (10,13) എന്നു പറഞ്ഞുകൊണ്ടാണ് ഈ സുവിശേഷഭാഗം ആരംഭിക്കുന്നത്. അവരുടെ തലയിൽ കൈവച്ച് ഈശോ അനുഗ്രഹിക്കണമെന്നതാകാം അവരെ കൊണ്ടുവന്നവർ ആഗ്രഹിച്ചത്. കുഞ്ഞുങ്ങളുമായി സമയം പങ്കിടുന്നവർ സമയം പാഴാക്കുന്നുവെന്നാണ് യഹൂദ റബ്ബിമാർ പൊതുവെ കരുതിയിരുന്നത്. ശിശുക്കൾക്കുവേണ്ടി സമയം കളയുന്നത് ഈശോയെപ്പോലൊരു റബ്ബിക്കു ചേർന്നതല്ലെന്ന് ശിഷ്യർ വിചാരിച്ചിട്ടുണ്ടാകും. അതുകൊണ്ടായിരിക്കാം ശിഷ്യന്മാർ അവരെ ശകാരിച്ചത്. ഇതുകണ്ടപ്പോൾ ഈശോ കോപിച്ചതായിട്ടാണ് സുവിശേഷകൻ പറയുന്നത്. ഈശോയുടെ സ്നേഹം ദൈവത്തിന്റെ സ്നേഹമാണ്. അത് ആരെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് എന്നുള്ള വസ്തുത ഇവിടെ എടുത്തുകാണിക്കുകയാണ് സുവിശേഷകൻ. അതോടൊപ്പം ദൈവരാജ്യത്തെക്കുറിച്ചും, എങ്ങനെയുള്ള വ്യക്തികളാണ് അതിൽ പ്രവേശിക്കുന്നതെന്നും പഠിപ്പിക്കുവാനുള്ള അവസരമായി ഈശോ ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നു.

ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കുന്നവർ മാത്രമേ ദൈവരാജ്യത്തിൽ പ്രവേശിക്കുകയുള്ളു എന്നാണ് ഈശോ പഠിപ്പിക്കുന്നത്. ശിശുവിന്റെ ഏതെങ്കിലും സവിശേഷത എന്നതിനെക്കാൾ ശിശുവിന്റെ മനോഭാവമാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. ശിശുവിന്റെ പ്രത്യേകത നിസ്സാരതയും നിസ്സഹായതയും ആശ്രയത്വവുമാണ്.

സ്ഥാനത്തിനും അധികാരത്തിനുമുള്ള വ്യഗ്രതയില്ലാതെ ചെറുതാകുവാൻ തയ്യാറാകുന്ന അനുസരണാമനോഭാവമാണ് ദൈവരാജ്യത്തിന്റെ സുവിശേഷത്തിന്റെ മുമ്പിൽ നമുക്കുണ്ടാകേണ്ടത്. ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷകനായ പുരോഹിതനിൽ അവശ്യം ഉണ്ടായിരിക്കേണ്ട മനോഭാവമാണ് അനുസരണത്തിന്റേത്. മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെയാകാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ലെന്നാണ് ഈശോ പറയുന്നത് (മത്താ 18,3). മാനസാന്തരം എന്നു പറയുന്നത് ദൈവസ്നേഹത്തിലേക്കുള്ള നിർണായകമായ തിരിവാണ്. സ്നേഹത്തിന്റെ അവശ്യഭാവമാണ് അനുസരണം. പരിശുദ്ധ ത്രിത്വത്തിലും ഭാര്യാഭർതൃബന്ധത്തിലും ആ അവശ്യഭാവം നമുക്കു കാണാം. പുരോഹിതശുശ്രൂഷയിലും കൂട്ടായ്മയിലും സ്നേഹത്തിന്റെ ഈ അവശ്യഭാവം അനുപേക്ഷണീയമാണ്.

### 3. പുരോഹിതനും ദാരിദ്ര്യവും

*"ഈശോ സ്നേഹപൂർവം അവനെ കടാക്ഷിച്ചുകൊണ്ടു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക"* (10,21).

ദൈവരാജ്യം പ്രവൃത്തികൾവഴി നാം നേടിയെടുക്കേണ്ട ഒന്നല്ല, ഒരു ശിശുവിനെപ്പോലെ അവകാശവാദങ്ങളൊന്നുമില്ലാതെ സ്വീകരിക്കേണ്ട സമ്മാനമാണെന്ന് ഈശോ പറഞ്ഞുകഴിഞ്ഞ ഉടനെതന്നെ, അതിനു കടകവിരുദ്ധമായ മനോഭാവവുമായി ഒരാൾ ഈശോയെ സമീപിച്ചു ചോദിക്കുന്നു: "നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" (10,17). കുറെ സത്പ്രവൃത്തികൾകൊണ്ട് ദൈവരാജ്യം അവകാശമാക്കാം എന്ന താൻപോരിമാഭാവമാണ് അവനിൽ കാണുന്നത്. യഹൂദരുടെയിടയിൽ പൊതുവെ ആദ്ധ്യാത്മികതയെക്കുറിച്ചുണ്ടായിരുന്ന ഒരു ധാരണയാണ് ഈ ചോദ്യവുമായി ഈശോയെ സമീപിക്കാൻ അവനെ പ്രേരിപ്പിച്ചത്. സത്പ്രവൃത്തികൾ ചെയ്ത് നിത്യജീവൻ കരസ്ഥമാക്കാം എന്ന ധാരണയാണ് അവരുടെയിടയിൽ ഉണ്ടായിരുന്നത്. ഇതിനെ 'കച്ചവട ആദ്ധ്യാത്മികത' എന്നു വിശേഷിപ്പിക്കാം. പലപ്പോഴും ആദ്ധ്യാത്മിതയുടെ ഈ സ്വഭാവം ക്രിസ്ത്യാനികളുടെയിടയിലും കാണാറുണ്ട്. ഈ ആദ്ധ്യാത്മികതയ്ക്കുള്ള ഒരു തിരുത്തലാണ് ഈശോയുടെ പ്രതികരണം: "എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരും ഇല്ല" (10,18). എല്ലാ നന്മകളും ദൈവം നല്കിയവ മാത്രമാണെന്ന് നാം അംഗീകരിക്കണം. നമുക്കു ദൈവത്തിനു

നല്കാൻ സ്വന്തമായി ഒന്നുമില്ല. നമുക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. ദാരിദ്ര്യചൈതന്യം ഉണ്ടാവണമെങ്കിൽ ആദ്യമായി നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്നു നാം അംഗീകരിക്കണം.

ഇതേത്തുടർന്ന് നിത്യജീവൻ അവകാശമാക്കാൻ പ്രമാണങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഈശോ അയാളോടു പറയുന്നത്. ഇവിടെ പറയുന്ന പ്രമാണങ്ങളെല്ലാം മനുഷ്യബന്ധങ്ങളെ സ്പർശിക്കുന്ന പ്രമാണങ്ങളാണെന്നത് പ്രത്യേകം ശ്രദ്ധിക്കണം. ശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികത അവശ്യം മനുഷ്യബന്ധ കേന്ദ്രീകൃതമാണെന്ന് ഈശോ ഇവിടെ വ്യക്തമാക്കുന്നു. ചെറുപ്പംമുതൽ താൻ ഇവയെല്ലാം പാലിക്കുന്നുണ്ട് എന്ന് അവൻ പറഞ്ഞപ്പോൾ ഈശോ സ്നേഹപൂർവം അവനെ കടാക്ഷിച്ച് ശിഷ്യത്വത്തിനു സഹജമായ പരിപൂർണതയിലേക്ക് അവനെ വിളിക്കുന്നു. "നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ" എന്ന് മത്തായി സുവിശേഷകൻ ഇവിടെ കൂട്ടിച്ചേർക്കുന്നുണ്ട് (മത്താ. 19,21). സ്വന്തമായുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുവാൻ തയ്യാറാകുന്ന ദാരിദ്ര്യചൈതന്യമുണ്ടെങ്കിലേ ശിഷ്യത്വസഹജമായ പൂർണത കൈവരിക്കാനാവൂ എന്ന് ഈശോ ഇവിടെ വ്യക്തമാക്കുകയാണ്. ദാരിദ്ര്യചൈതന്യം ജീവിക്കാനുള്ള പ്രയാസം ശിഷ്യത്വത്തിലേക്കുള്ള വിളി സ്വീകരിക്കുന്നതിൽനിന്നും അയാളെ പിന്തിരിപ്പിക്കുന്നു (10,22). പുരോഹിതജീവിതത്തിലും ദാരിദ്ര്യചൈതന്യത്തിന് വലിയ പ്രസക്തിയുണ്ട്. ലളിതജീവിതം നയിക്കുവാനും അജപാലനസ്നേഹം അതിന്റെ പൂർണതയിൽ പ്രാവർത്തികമാക്കുവാനും സാധിക്കണമെങ്കിൽ പുരോഹിതൻ തനിക്കുള്ളതെല്ലാം ത്യജിച്ച് സ്നേഹിക്കുവാൻ തയ്യാറാകുന്ന ദാരിദ്ര്യ ചൈതന്യമുള്ളവരാകണം.

**4. പുരോഹിതനും സഹനശുശ്രൂഷാ ജീവിതവും**

"*ഈശോ അവരെ അടുത്തുവിളിച്ചു പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം*" (10,42-44).

തന്റെ പീഡാനുഭവത്തെയും മരണത്തെയുംകുറിച്ച് ഈശോ നടത്തുന്ന അവസാനത്തെ പ്രവചനവും (10,32-34) അതേത്തുടർന്ന് ശുശ്രൂഷയെക്കുറിച്ചുള്ള അവിടുത്തെ പ്രബോധനവും (10,35-45) ആണ്

ഈ സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. ഈശോ തന്റെ പീഡാനുഭവത്തെപ്പറ്റി ആദ്യമായി അറിയിച്ചപ്പോൾ ശിഷ്യന്മാർ രൂക്ഷമായി പ്രതികരിച്ചു (8,32). രണ്ടാം തവണ ഈശോ പ്രവചിച്ചപ്പോൾ ശിഷ്യർക്കു മനസ്സിലായില്ലെങ്കിലും വിശദീകരണം ചോദിക്കാൻ അവർ ഭയപ്പെട്ടു (9,32). മൂന്നാം പ്രാവശ്യത്തെ പ്രവചനത്തിനുശേഷം സെബദീപുത്രന്മാർ നടത്തുന്ന അഭ്യർത്ഥന, ശിഷ്യർക്ക് ഈശോ പറഞ്ഞതിന്റെ അർത്ഥം ശരിക്കു മനസ്സിലായില്ല എന്നു വ്യക്തമാക്കുന്നു. തന്റെ പീഡാനുഭവവും മരണവും സൃഷ്ടിക്കാവുന്ന പ്രതിസന്ധി നേരിടുവാൻ ശിഷ്യന്മാരെ തയ്യാറാക്കുവാൻ ഈശോ ശ്രമിക്കുമ്പോൾ, ശിഷ്യന്മാർ ഈശോ പറയുന്നതു ശ്രദ്ധിക്കുകയോ അതിന്റെ അർത്ഥമെന്തെന്നു ഗ്രഹിക്കുവാൻ കൂട്ടാക്കുകയോ ചെയ്യാതെ തങ്ങൾക്ക് എന്തു ലാഭമുണ്ടാക്കാമെന്ന ചിന്തയിൽ മുഴുകിയിരിക്കുന്നു. താൻ കുടിക്കുന്ന പാനപാത്രം കുടിക്കാനും താൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കുവാനും അവർക്കു കഴിയണമെന്ന് ഈശോ അവരെ ഉത്ബോധിപ്പിക്കുന്നു (10,38-39). സ്വാർത്ഥപരമായ മോഹങ്ങൾ പരിത്യജിച്ച് തന്റെ ഭാഗധേയത്വത്തിൽ പൂർണമായി പങ്കുചേരുവാൻ അവർ തയ്യാറായാൽ മാത്രമേ തന്റെ ശിഷ്യത്വം സ്വന്തമാക്കുവാൻ കഴിയൂ എന്ന് ഈശോ അവരെ ബോദ്ധ്യപ്പെടുത്തുകയാണ്. പുരോഹിത ജീവിതം അവശ്യം ഈശോയുടെ സഹനജീവിതത്തിൽ പങ്കുചേരുന്നതാവണം.

ഈ സന്ദർഭത്തിൽ അധികാരശുശ്രൂഷയെക്കുറിച്ച് വ്യക്തമായ ഒരു പ്രബോധനവും ഈശോ നല്കുകയാണ്. വിജാതീയരുടെ ഭരണകർത്താക്കളുടെ പ്രവർത്തനശൈലി സഭയിലെ അജപാലനശുശ്രൂഷയിൽ ഉണ്ടാകരുത് എന്ന് ഈശോ ഉത്ബോധിപ്പിക്കുന്നു: “നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്” (10,43). പൊതുസമൂഹത്തിലെ ഭരണാധികാരികളുടെ പ്രവർത്തനശൈലിയെക്കുറിക്കാൻ ഉപയോഗിക്കുന്ന രണ്ടു പദങ്ങൾ ‘കത്തകീരിയേയൊ’യും ‘കത്തെക്സൂസിയാസ്സോ’യുമാണ്. ആദ്യത്തേത് ‘യജമാനത്വം പുലർത്തുക’ എന്നും രണ്ടാമത്തേത് ‘അധികാരം പ്രയോഗിക്കുക’ എന്നുമാണ് വിവർത്തനം ചെയ്യുക. ‘യജമാനത്വം പുലർത്തുക’ എന്നുവച്ചാൽ അധീനരുടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കാതെ ഭരിക്കുക എന്നതാണ്. ‘അധികാരം പ്രയോഗിക്കുക’ എന്നതിന്റെ അർത്ഥം സ്വാർത്ഥപരമായ ലക്ഷ്യങ്ങൾ മുൻനിർത്തി അധികാരം പ്രയോഗിക്കുക എന്നതാണ്. ഇവ രണ്ടും സഭയുടെ അജപാലനാധികാരത്തിൽ വർജ്ജ്യമാണ്. സഭയിൽ പ്രാവർത്തികമാകേണ്ട അധികാരശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന രണ്ടു പദങ്ങൾ ‘ദിയാക്കൊനോസ്’ (ശുശ്രൂഷകൻ), ‘ദൂളോസ്’ (ദാസൻ) എന്നിവയാണ്. മേശയിൽ ശുശ്രൂഷ

ചെയ്യുന്നവനെപ്പോലെ സ്നേഹത്തോടും ജാഗ്രതയോടുംകൂടെ വേണം സഭയിൽ ശുശ്രൂഷ നിർവഹിക്കാൻ. അതുപോലെതന്നെ, സ്വന്തമായ താല്പര്യങ്ങളെല്ലാം മാറ്റിവച്ച് തികച്ചും നിസ്വാർത്ഥമായി വേണം സഭാ ശുശ്രൂഷ ചെയ്യുവാൻ. ഇതിനു മാതൃകയായി ഈശോ തന്റെ ബലി ജീവിതംതന്നെ എടുത്തുകാണിക്കുന്നു. പുരോഹിതന്റെ അജപാലന ശുശ്രൂഷ നിസ്വാർത്ഥവും സ്നേഹപൂർണവുമായിരിക്കണമെന്ന് ഇതു വ്യക്തമാക്കുന്നു.

**5. പുരോഹിതൻ: വഴിയേ അനുഗമിക്കുന്നവൻ**

"*ഈശോ പറഞ്ഞു: നീ പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ ഈശോയെ അനുഗമിച്ചു*" (10,52).

ബർതിമേയൂസിനു കാഴ്ച നല്കുന്ന ഈ സംഭവം ഈശോയുടെ പരസ്യജീവിത ശുശ്രൂഷയുടെ പരിസമാപ്തിയാണ്. വി. മർക്കോസിന്റെ വിവരണമനുസരിച്ച് ഈശോ നല്കുന്ന അവസാനത്തെ അത്ഭുത രോഗ ശാന്തിയുമാണിത്. ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിച്ചുകൊണ്ട് ഈശോ ജറുസലേമിലേക്കു നടത്തിയ യാത്ര ഈ അത്ഭുതവിവരണംകൊണ്ട് അവസാനിക്കുന്നു. ബർതിമേയൂസിന് ഈശോ കൊടുത്ത കാഴ്ച ശിഷ്യർക്ക് ഉൾക്കാഴ്ച നല്കുന്നതിന്റെ നാന്ദിയായിട്ടാണ് സുവിശേഷ കൻ ചിത്രീകരിക്കുന്നത്. അന്ധരെ സുഖപ്പെടുത്തുന്ന രണ്ടു സംഭവ ങ്ങൾ മർക്കോസിന്റെ സുവിശേഷത്തിലെ ഒരു പ്രധാനപ്പെട്ട പ്രമേയ മായ ശിഷ്യന്മാരുടെ പരിശീലനത്തിന്റെ (8,27-10,52) ആരംഭവും (8,22-26) അവസാനവും (10,46-52) കുറിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെ ടേണ്ടതാണ്. ബർതിമേയൂസിന് കാഴ്ച നല്കുന്ന വിവരണം ഒരന്ധനെ ഈശോ സുഖപ്പെടുത്തുന്ന ഒരത്ഭുതത്തിന്റെ വിവരണമെന്നതി നെക്കാൾ ശിഷ്യത്വത്തെ ഉദാഹരിക്കുന്ന ഒരു സംഭവമാണ്.

ശിഷ്യത്വത്തിന്റെ വഴിയിൽ നടക്കുന്നതിനു പകരം അന്ധതമൂലം ഇരുന്നുപോയ മനുഷ്യനാണ് ബർതിമേയൂസ്. മറ്റുള്ളവർ 'നസറായ നായ ഈശോ' എന്നു പരിചയപ്പെടുത്തിയവനെ 'ദാവീദിന്റെ പുത്രൻ' എന്നു വിളിച്ച് ഏറ്റുപറയുന്നതിൽനിന്ന് ബർതിമേയൂസ് ശിഷ്യഗണ ത്തിന്റെ പ്രതീകമാണെന്നു വ്യക്തമാകുന്നുണ്ട്. കാരണം, 'ദാവീദിന്റെ പുത്രൻ' എന്നത് മെസിയാനികനാമമാണ്. ഈശോയുടെ വിളിയോടുള്ള അവന്റെ പ്രതികരണം പ്രതീകാത്മകമാണ്. അതുവരെ അവന്റെ ജീവി തത്തിന്റെ അത്താണിയായിരുന്ന, ഭിക്ഷ സ്വീകരിക്കാൻ തന്റെ മുമ്പിൽ വിരിച്ചിരുന്ന പുറങ്കുപ്പായം അവൻ വലിച്ചെറിയുന്നു. കുതിച്ചുചാടി അവൻ ഈശോയുടെ അടുത്തുചെല്ലുന്നു. യാചകനായിരുന്നെങ്കിലും

ഈശോയിൽനിന്നും അവനു വേണ്ടത് പണമോ സ്ഥലമോ സ്ഥാനമോ ഒന്നുമല്ല, പ്രത്യുത കാഴ്ചയാണ്. ഈശോയുടെ മുമ്പിൽ സ്ഥാനമാനങ്ങൾക്കായി കൈനീട്ടി നിന്ന ശിഷ്യന്മാരെക്കാൾ മെച്ചമാണവൻ. കാഴ്ച കിട്ടിയതോടെ അവൻ ഈശോയെ അനുഗമിക്കുന്നു. 'വഴിയേ അനുഗമിച്ചു' എന്ന് പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. ഈശോ തന്റെ പീഡാനുഭവവഴിയിലാണ് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പുരോഹിതനും മേൽ വിവരിച്ച സുവിശേഷോപദേശങ്ങളുടെയും സഹന ശുശ്രൂഷാ ജീവിതത്തിന്റെയും ശിഷ്യത്വവഴികളിലൂടെ വിശ്വാസദീപം തെളിച്ച് ഈശോയെ 'വഴിയേ' അനുഗമിക്കേണ്ടവനാണ്.

**ജീവിതസൂചിക**

1. എന്റെ ബ്രഹ്മചര്യജീവിതം എല്ലാവരെയും ദൈവികമായി സ്നേഹിക്കുവാൻ എന്നെ പ്രാപ്തനാക്കുന്നുണ്ടോ?
2. ശിശുസഹജമായ തുറവിയോടെ അനുസരണാജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. ദാരിദ്ര്യചൈതന്യത്തോടെ ലളിതജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. സ്വാർത്ഥതാല്പര്യങ്ങൾ പരിത്യജിച്ച് സഹനജീവിതം നയിക്കുവാൻ ഞാൻ ശ്രമിക്കുന്നു?
5. വ്യക്തമായ കാഴ്ചപ്പാടോടെ ശിഷ്യത്വ ആദ്ധ്യാത്മികത അഭ്യസിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**അനുസ്മരണം**

ബഹുമാനപ്പെട്ട ജോസഫ് മഴുവഞ്ചേരി അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 2 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 22-ാം തീയതി വെള്ളിയാഴ്ചവരെയും സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച മുതൽ 29-ാം തീയതി വെള്ളിയാഴ്ചവരെയുമായിരിക്കും. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കം കൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും ചെയ്യുമല്ലോ. ഗൗരവതരമായ കാരണങ്ങളാൽ ആർക്കെങ്കിലും ധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്തപക്ഷം അക്കാര്യം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്ക് കൊണ്ടുവരുന്ന കാര്യം ഓർക്കുമല്ലോ.

**ജീസസ് ഫ്രട്ടേണിറ്റി ഞായർ - ഓഗസ്റ്റ് 13**

ഓഗസ്റ്റ് 13-ാം തീയതി ജീസസ് ഫ്രട്ടേണിറ്റി ഞായർ ആയി ആഘോഷിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരികയും ചെയ്യുമല്ലോ.

**ജെസ്റ്റീസ് സൺഡേ - ഓഗസ്റ്റ് 20**

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യാനി സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജെസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ഓഗസ്റ്റ് 20 ന് വി.കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

1. ഇടവകയിലേയ്ക്ക് കുടുംബ രജിസ്റ്റർ ആവശ്യമുണ്ടെങ്കിൽ അവയുടെ കോപ്പികളുടെ എണ്ണം എത്രയും വേഗം രൂപതാ ചാൻസിലറുടെ ഓഫീസിൽ അറിയിക്കുമല്ലോ.

2. കരുണയുടെ വർഷത്തോടനുബന്ധിച്ച് ഓരോ ഇടവകയും നിർമ്മിച്ച് നൽകിയ ഭവനങ്ങളുടെ എണ്ണവും സാധിക്കുമെങ്കിൽ അവയുടെ ഫോട്ടോയും കരുണയുടെ വർഷാചരണത്തെകുറിച്ചുള്ള ഒരു റിപ്പോർട്ടും രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**നന്ദി**

മാനന്തവാടി രൂപതയിലെ ചാരിറ്റി, ഒലിവുമല എന്നീ ഇടവകകളിലെ സ്തുത്യർഹമായ സേവനത്തിനുശേഷം തിരിച്ചുപോകുന്ന ബഹു. അബ്രാഹം ചേറാടിയിൽ CMF അച്ചനേയും, ബഹു. ജോഷി നിരപ്പേൽ CMF അച്ചനേയും നന്ദിയോടെ ഓർക്കുന്നു. ഇവരുടെ ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റേയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. ജെയിംസ് മഠത്തികണ്ടത്തിൽ CMF (ഒലിവുമല), ബഹു. ആന്റണി താന്നിക്കൽ CMF (ചാരിറ്റി), ബഹു. വർഗീസ് മുതുപുരയിടത്തിൽ VC (കരണി) അച്ചനും മാനന്തവാടി രൂപതയിലേയ്ക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

## New Appoitments:

1. Rev. Fr. Paul Vazhappilly - Diocesan Director, Kudumba Koottaima (additional charge)
2. Rev. Fr. Thomas Kattamkottil - Diocesan Asst. Director, Kudumba Koottaima (additional charge)
3. Rev. Fr. Anto Mampallil - Diocesan Director A K C C (additional charge)
4. Rev. Fr. John Kizhakkanputhupally- Asst Manager De Paul Public School, Kalpetta (additional charge)

## New Address

Fr. Abraham Nadukunnel
St Augustine's Parish, 71 Somerville Road, Yarraville
Victoria - 3013, Melbourne, Australia, Mob: 0061469736317

**മോൺ. അബ്രാഹം നെല്ലിക്കൽ** – പ്രോട്ടോസിഞ്ചെല്ലൂസ്

# General Collection from 1st June 2016 to 31st May 2017

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Adakkathode | | 1000 | | | 1000 | 500 | 11055 | | | 1000 | 1000 | 2000 | 1500 | 500 | | | 26255 | 50000 |
| Adikolly | 1000 | 1500 | 4000 | | 1000 | 1500 | 2000 | | 4000 | 2000 | 2000 | 1000 | 2000 | 1000 | 1000 | 1000 | | 35000 |
| Alattil | 700 | 1200 | 6000 | | 1000 | 1000 | 1700 | | 2500 | 800 | 800 | 700 | 1500 | 800 | 1000 | 1200 | | 47850 |
| Amarakuni | | | | | | | | | | | | | | | | | 5000 | 30000 |
| Ambalavayal | 1000 | 1050 | 4500 | | 1100 | 1025 | 1500 | | 30000 | 1200 | 1250 | 1000 | 1800 | 1700 | | | | 15000 |
| Ambayathode | 500 | 300 | | | 300 | 300 | 2545 | | 7000 | 1200 | 500 | 300 | 1300 | | 1000 | 1300 | 8000 | 49988 |
| Appapara | | | 1000 | | | | | | | | | | | | | | 3000 | 5000 |
| Arattuthara | | | | | | | | | | | | | | | | | | |
| Arinchermala | 1860 | 1480 | | 9827 | 1412 | 1500 | 5033 | | 4250 | 1700 | 1500 | 2000 | 2500 | 1000 | 1300 | 2000 | 8374 | 31840 |
| Arulnilayam | | | | | | | | | | | | | | | | | | 10000 |
| Aruvankad | | | | | | | | | | | | | | | | | | |
| Bavali | | | | | | | | | | | | | | | | | | 5000 |
| Bekki | | 300 | 2000 | 3250 | 400 | 320 | 420 | | | 600 | 300 | 650 | 340 | 250 | | | 4540 | 20000 |
| Bhoodanam | 300 | 300 | | | 300 | 300 | 400 | | 500 | 400 | 300 | 300 | | | | | | |
| Boy's Town | | | | | | | | | | | | | | | | | | 9000 |
| Charity | 100 | 100 | 500 | 300 | 100 | 100 | 500 | 300 | 400 | 100 | 1000 | 100 | 300 | 100 | 100 | 100 | 1000 | 7000 |
| Cheenga-vallam | | | | | | | | | | | | | | | | | | 5000 |
| Chennalode | 1500 | 3000 | 15000 | 7198 | 2000 | 2000 | 4000 | | | 2000 | 1700 | 2500 | 4000 | 1200 | 1500 | 3500 | 6398 | 50000 |
| Cherukattoor | 500 | 1250 | 4000 | 39000 | 850 | 1000 | 2500 | 8860 | 2000 | 1000 | 800 | 1000 | 2000 | | | 1100 | 10000 | 125000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Chithragiri | 750 | 1500 | 10000 | | 1000 | 600 | 2500 | | | 1000 | 1500 | 1500 | 1250 | 750 | 500 | 1250 | 5000 | 20000 |
| Chokkad | 2555 | 2535 | | 3170 | 2735 | 1933 | 3159 | | 2815 | 2016 | | 2369 | 2875 | 2943 | 2330 | 2654 | 8550 | |
| Chooralmala | | | | 500 | | | | 750 | | | | | | | | | 3000 | 10000 |
| Chulliana | 250 | 250 | 2000 | 800 | 300 | 300 | 350 | 1000 | 1000 | 300 | 2000 | 400 | 500 | 1000 | 250 | 500 | 2000 | 15000 |
| Chulliode | 650 | | | | | 700 | | | | | | | | | | | | |
| Chundakkara | 2994 | 4000 | | 10900 | 4000 | 3500 | 15800 | | | 7900 | 3800 | 4950 | 3000 | 3540 | 3500 | 5000 | 20000 | 42000 |
| Chungakkunnu | 2000 | 4000 | 10000 | 10000 | 3500 | 2000 | 15000 | 10000 | 70000 | 5000 | 5000 | 8000 | 10000 | 5000 | 3000 | 3000 | 50000 | 170000 |
| Coonoor | 500 | 300 | 2000 | | 200 | 300 | 500 | | 2000 | 300 | 500 | 300 | 600 | 400 | 400 | 500 | 3000 | |
| Deepthigiri | | 725 | 3000 | | 500 | 550 | 725 | | 3000 | 575 | | 600 | 1000 | 600 | 600 | 500 | 4500 | |
| Dharmagiri | | | 2000 | | | | | | | | | | | | | | | |
| Dwaraka | 500 | 500 | 2500 | | 500 | 500 | 1500 | | 2500 | 500 | 1500 | 500 | 500 | 1000 | 500 | 1500 | | 50000 |
| Edappetty | | | 12000 | 5000 | | | 2000 | | 2000 | | | 750 | 1000 | | | | 10000 | 9500 |
| Edayoorkunnu | 100 | 150 | 200 | 150 | 100 | 100 | 200 | 150 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | | |
| Edivanna | | | | | | | | | | 3000 | | | | | | | | |
| Elapeedika | 300 | 300 | 1000 | 500 | 305 | 325 | 350 | | 1500 | 320 | 315 | 310 | 350 | 325 | 315 | 350 | 750 | 10000 |
| Irulam | 300 | 250 | 2000 | | 350 | 250 | 300 | | 2500 | 400 | 350 | 300 | 500 | 350 | 1000 | 600 | | 10000 |
| Jude's Mount | 2038 | 1707 | 4120 | 5770 | 1570 | 1378 | 1862 | 2400 | 2078 | 1945 | 1660 | 2421 | 1550 | 2342 | 1810 | 2102 | 10000 | 30990 |
| Kabanigiri | 1670 | 1510 | 15000 | | 1475 | 1750 | 2500 | | 5000 | 1925 | 1750 | 1870 | 1685 | 1410 | 1810 | 1525 | 5000 | 30000 |
| Kadalmad | | | | | | | | | | | | | | | | | | 20000 |
| Kalathuvayal | | | | | | | | | | | | | | | | | | |
| Kallody | 4440 | 3000 | | | 2190 | 4860 | 4545 | | 30000 | 4580 | | 2500 | 4285 | 3000 | 3500 | 3500 | 20000 | 199988 |
| Kallumukku | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | | 12718 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kalluvayal | 300 | 400 | | | 200 | 320 | | | | | | 405 | 600 | 200 | | 200 | 5000 | 5000 |
| Kalpetta | 1000 | 1000 | 5000 | | 1000 | 1000 | 2000 | | | 1000 | 2000 | 1000 | 3000 | 1000 | 1000 | 2000 | | 89000 |
| Kalpra | 600 | 800 | 2000 | | 500 | 700 | 800 | 750 | 1000 | 600 | 700 | 500 | 600 | 400 | 500 | 600 | 1000 | 20000 |
| Kammana | | 1036 | 3000 | | | 1040 | 1794 | | | 1101 | | | 1675 | 1125 | 1152 | 1389 | | |
| Kaniambetta | | 250 | 300 | | | | 2500 | | 350 | | | 250 | 400 | | 350 | | 12551 | |
| Karackamala | | 1350 | 5000 | | 700 | 800 | 2000 | | 9000 | 1200 | 1000 | 1000 | 1500 | 1100 | 1000 | 1500 | 17000 | 68348 |
| Karani | 568 | 723 | | | | 760 | 2167 | | | 364 | | 998 | 508 | 704 | | 1200 | 1980 | 8340 |
| Karimani | 300 | 250 | 3000 | 300 | 200 | 200 | 400 | | 300 | 250 | 200 | 200 | 250 | 200 | 300 | 200 | 3000 | 40000 |
| Karimbil | | 300 | | | 200 | 300 | 400 | | | 300 | | 300 | 500 | 200 | | 500 | 4380 | 5000 |
| Kartikulam | 200 | 300 | 3500 | 1915 | 250 | 150 | 300 | 1410 | 500 | 400 | 200 | 250 | 450 | 250 | 200 | 300 | 3600 | 68794 |
| Kavum mannam | 1250 | 1200 | 6000 | | 1150 | 1300 | 3850 | | 7500 | 1250 | 1500 | 1000 | 1600 | 1500 | 1600 | 1150 | 11330 | 72000 |
| Kayyunny | 350 | 400 | 48425 | | 500 | 550 | 650 | | 61000 | 750 | 700 | 650 | 750 | 700 | 800 | 700 | 1200 | 141000 |
| Kelakam | 750 | 2000 | 1000 | | 350 | 500 | 3000 | | 3000 | 1000 | 500 | 2000 | 1500 | 500 | 500 | 750 | | 40000 |
| Kenichira | 3450 | 4110 | 4150 | 5000 | 3500 | 3450 | 9150 | | 4275 | 3600 | 4300 | 4100 | 3430 | 4180 | 3500 | 3000 | 10000 | 49000 |
| Kolavayal | | | | | | 1950 | | | | 2951 | | 1283 | | | | 500 | | |
| Kommayad | 450 | 300 | | | 200 | 200 | 950 | | 500 | 250 | | 500 | 500 | 500 | 300 | 500 | | 2000 |
| Kottathara | 600 | 600 | 1400 | | 500 | 450 | 750 | | 1500 | 450 | 1000 | 500 | 650 | 500 | 475 | 800 | 9530 | 10000 |
| Kottiyoor | 12444 | 10508 | 25546 | | 7555 | 10302 | 11539 | | | 5858 | 13610 | 7755 | 8644 | 11314 | 12495 | 12193 | 73290 | 120320 |
| Kunjhome | 565 | 642 | 25000 | | 585 | 650 | 710 | | | 618 | 850 | 605 | 617 | 615 | 1288 | 630 | | |
| Kunnalady | | 510 | 3000 | | 510 | 460 | 810 | | | 320 | 1200 | 480 | 450 | | | | | |
| Kunnumbetta | 660 | | | | | | | | | | | | | | | | | |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kurumani | | 1380 | | | | 450 | 1168 | | | 905 | 1040 | 1492 | 1130 | 665 | 460 | 1025 | 3389 | 30000 |
| Kurumbala | | | | | | | | | | | | | | | | | | |
| Kurumbala kotta | 410 | 310 | | 1380 | 390 | 490 | 670 | | 1412 | 250 | 530 | 240 | 350 | 565 | 300 | 360 | | 15000 |
| Kuttimoola | | | | | | | | | | | | | | | | | 11850 | 6350 |
| Lakkidi | 1000 | 2000 | 1000 | 2000 | 300 | 500 | 500 | | 1000 | 500 | 500 | 500 | 500 | 500 | 300 | 500 | 3000 | 10000 |
| Machikolly | 200 | 250 | 3000 | 750 | 250 | 300 | 400 | 1000 | 1000 | 350 | 400 | 300 | 1000 | 300 | 350 | 300 | 5500 | 20000 |
| Makkiyad | | 1250 | 2000 | | 750 | | 2000 | | 1500 | 1000 | | 1500 | 1700 | | 1000 | 1200 | 4900 | 15000 |
| Mtdy - Cathedral | 14660 | | | | | 13300 | | | | | | | | | | | | 66777 |
| Mtdy- Town church | | | | | | 4100 | 3000 | | 7000 | 4000 | 3000 | 5000 | 4100 | | 4000 | | 5000 | 133990 |
| Mangalam | 470 | | 4500 | | 640 | 490 | 510 | | 2500 | 560 | 395 | 450 | 480 | 515 | 555 | 820 | 8100 | 25000 |
| Mangalassery | 1355 | 900 | 1050 | 940 | 970 | 2335 | 1150 | 1020 | 1420 | 960 | 720 | 830 | 1010 | 810 | 930 | 890 | 940 | 30000 |
| Manimooly | 3000 | 5500 | | | 2050 | 3500 | 5500 | | 10000 | 6000 | 5000 | 2520 | | | | | | |
| Manjoora | 500 | 500 | 1500 | | 500 | 400 | 600 | | 1000 | 450 | 600 | 500 | 650 | 500 | 450 | 600 | | |
| Manvayal | 500 | 200 | 500 | 300 | 200 | 200 | 500 | 200 | 5000 | 500 | 200 | 500 | 500 | 500 | 200 | 500 | 7500 | 94988 |
| Marakavu | | | 1050 | | | | | | | | | | | | | | 7000 | 17500 |
| Marakkadavu | | 2000 | | | | | 3500 | | 4000 | 2150 | | | | | | | 7000 | 25000 |
| Martin Nagar | 1000 | | | | | 1000 | 5000 | | | | 4000 | | | | | | | 50000 |
| Marutha | 1015 | 500 | | | 537 | 540 | 1510 | | | 480 | 537 | 625 | 975 | 525 | | 740 | | |
| Meenangadi | | | | | | | | | | | | | | | | | 5855 | 18200 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Moolankave | | 750 | | | | | 1500 | 1000 | | 750 | | | 1000 | | | 750 | | 139988 |
| Moolepadam | 300 | 300 | 4000 | 500 | 300 | 300 | 300 | 500 | 2500 | 300 | 300 | 250 | 250 | 200 | 300 | 250 | 2000 | |
| Mothakkara | 500 | 200 | | 1000 | 200 | 500 | 1000 | 250 | 250 | 750 | 200 | 500 | 750 | 500 | 250 | 750 | 6000 | 34988 |
| Mullenkolly | 1800 | 2000 | 24000 | 15000 | 3000 | 2000 | 2000 | 10000 | 25500 | 3000 | 2000 | 1200 | 3000 | 1500 | | 2000 | 25000 | 200000 |
| Munderi | | 600 | 1200 | 750 | | | 700 | | 950 | 500 | | | 600 | | | | 1100 | |
| Muthireri | 1150 | 762 | 3810 | 3087 | 895 | 1060 | 1500 | 1271 | 2000 | 1000 | 933 | 1000 | 1290 | 1000 | 850 | 1000 | 4215 | 12169 |
| Muttiyel | 300 | 300 | 4000 | 500 | 300 | 300 | 300 | 500 | 3000 | 300 | 300 | 250 | 250 | 200 | 300 | 250 | 2000 | |
| Nadavayal | 12320 | 12100 | 14250 | 24147 | 12750 | 14466 | 17550 | 43805 | 17480 | 12696 | 17300 | 9750 | 12730 | 15390 | | 8300 | 177340 | 200000 |
| Narivala-munda | 1000 | 1000 | 5000 | | 603 | 1000 | 700 | | | 1000 | 699 | 1000 | 1500 | 800 | | 1000 | | |
| Nedumpala | 600 | 1000 | 2000 | 7000 | 600 | 750 | 2000 | 3000 | 2000 | 1000 | 1000 | 600 | 1000 | 600 | 600 | 1000 | 7000 | 47000 |
| Neikuppa | | | | | 300 | 300 | 250 | | | 300 | | 250 | | | | | 2000 | 15529 |
| Nelliyodi | 500 | | | | | | | | | 800 | | | 700 | | | | | |
| Nilambur | 5500 | 5500 | 80000 | 10500 | 7200 | 6250 | 15250 | 7500 | 12500 | 5000 | 11000 | 7200 | | | | | | |
| Niravilpuzha | 1035 | 300 | 3245 | 1750 | 350 | 932 | 400 | 1000 | 300 | 660 | 1850 | 650 | 500 | 400 | 600 | 600 | 3140 | 10000 |
| Olivumala | | | | | | | | | | | | | | | | | | 12001 |
| Ootty | | | 500 | | | | | | | | | | | | | | | 9988 |
| Ottaplavu | | 1400 | | | 900 | 1200 | 1250 | | | 1100 | 1150 | 1300 | | | | | | |
| Ozhukkan-moola | 750 | 750 | 4500 | | 650 | 750 | 1500 | 3500 | | 800 | | | | | 750 | 1000 | 4000 | 74000 |
| Padamala | 1000 | 2000 | | 10000 | 1000 | 1000 | 3000 | | 5000 | 1000 | 1000 | 1000 | 1000 | 1000 | 1000 | 1000 | | 43000 |
| Padichira | | 1000 | 5000 | 2500 | | | 1500 | | 3000 | 2500 | 2000 | 1500 | 1500 | | | 1000 | 5650 | 50000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Palankara | 1500 | 2500 | 4500 | 4000 | 1700 | 1600 | 4300 | 5000 | 40000 | 3100 | 2800 | 2400 | 4200 | 1650 | 2000 | 3100 | | |
| Palchuram | 1200 | 1000 | 3000 | 2250 | 750 | 1700 | 2500 | 500 | 3250 | 750 | 500 | 1200 | 2500 | 500 | 1200 | 700 | 6500 | 65000 |
| Palemad | 1000 | 1500 | 4000 | 1000 | 1000 | 1000 | 4000 | 2000 | 3000 | | 4000 | 1500 | 2500 | 1000 | 500 | 1500 | 5000 | |
| Panamaram | 150 | 200 | | | 200 | 150 | 200 | | | 150 | 200 | 200 | 150 | 150 | 150 | 150 | 3080 | |
| Panamchira | | 800 | 1200 | | 850 | | 600 | | 900 | 800 | 500 | | 950 | | 1000 | 900 | 11210 | 20000 |
| Panavally | 349 | 310 | 540 | 430 | 305 | 408 | 325 | 480 | 820 | 210 | 307 | 405 | 415 | 315 | 270 | 281 | 3000 | 25000 |
| Panthipoil | 200 | 200 | 5400 | 200 | 300 | 200 | 500 | 200 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 600 | 15000 |
| Paralikunnu | 1200 | 1200 | 1500 | 2750 | 1500 | 1900 | 1800 | 2050 | | 1200 | | 1300 | | 1200 | 1500 | 1200 | 9000 | 13500 |
| Parathottam | | | 10000 | | | | 1700 | | 2000 | 1300 | 850 | 1150 | 1650 | | | | 7000 | 40000 |
| Pathiripadam | | 2000 | 5000 | 11100 | | 2000 | 4000 | 7500 | 10000 | 2500 | 2500 | | 4500 | 1500 | 2000 | 3000 | 7000 | |
| Pattanikoop | 250 | 350 | 4000 | | 250 | 250 | 350 | | 2500 | 400 | 300 | 250 | 400 | 300 | 300 | 300 | | |
| Payyampally | 500 | 500 | 3000 | | 500 | 500 | 1000 | | 30000 | 500 | 500 | 500 | 500 | 500 | 500 | 500 | | 50000 |
| Pazhoor | 450 | 2407 | | | | 550 | | | 7850 | 800 | | | 750 | 650 | 800 | | | 25000 |
| Peria | 350 | 600 | 30000 | | 300 | 400 | 600 | | 5000 | 350 | 400 | 350 | 1000 | 300 | | 350 | | 50000 |
| Pookkottum padam | | 400 | 3000 | | 300 | 250 | 3000 | | 10000 | 500 | 2000 | 500 | 750 | 300 | | 500 | | |
| Poolapadam | | | | | | | | | | | | | | | | | | |
| Poroor | 3500 | 2750 | 4200 | 3500 | 3100 | 3200 | 3300 | 10000 | 3500 | 2600 | 3800 | 3100 | 4500 | 3250 | 2400 | 3750 | 30530 | 42800 |
| Prasanthagiri | 3165 | 2256 | | 4926 | 2134 | 2685 | 2170 | | 4275 | 2343 | | | 2492 | 2340 | 2550 | 2110 | 23700 | 35559 |
| Pulpally | 5000 | 7500 | | 5000 | 500 | 4000 | 10000 | | 10000 | 5000 | 10000 | 5000 | 6000 | 5000 | 1000 | 4000 | 20000 | 82000 |
| Puthiyidam | | | | | | | | | | | | | | | | | | |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| kunnu | 250 | 250 | 1500 | 5130 | 200 | 300 | 2500 | | 1000 | 500 | 400 | 300 | 400 | 200 | 300 | 250 | 5210 | 49988 |
| Puthiyidom | 1250 | 600 | 500 | 5479 | 1450 | 1150 | 3358 | 221 | 600 | 960 | 600 | 850 | 1250 | 400 | 250 | 300 | 7243 | |
| Puthusseri kkadavu | 300 | 500 | 1000 | 9030 | 250 | 200 | 1500 | 200 | 1000 | 250 | 250 | 200 | 500 | 300 | 500 | 300 | 5650 | |
| Puthussery | 300 | 500 | 8000 | 6000 | 500 | 300 | 400 | 3000 | | 400 | 400 | 400 | 1000 | 300 | 700 | 600 | 7500 | 25988 |
| Puzhamudi | 400 | 400 | 2500 | | 400 | 400 | 600 | | | 400 | 400 | 400 | 600 | 400 | 400 | 400 | | 20000 |
| Rippon | 1200 | 1000 | 5000 | | 1000 | 1125 | 2000 | | 4000 | 3220 | 1000 | 2250 | 2000 | 1925 | 750 | 1000 | | 66347 |
| Rubynagar | | | | | | | | | | | | | | | | | | |
| Santhigiri | 500 | 400 | | | 400 | 400 | 750 | | 500 | 750 | 400 | 500 | 400 | 400 | 400 | 450 | 3500 | 10000 |
| Seethamount | 500 | 500 | 4000 | | 500 | 500 | 1000 | | 1000 | 400 | 500 | 500 | 750 | 600 | 500 | 500 | | 30000 |
| Sisumala | 500 | 500 | 4000 | | 500 | | 1000 | | 5000 | 500 | 500 | 500 | 1000 | 500 | 500 | 500 | 5000 | |
| Sulthan Bathery | | 4970 | 14700 | | 3800 | 4000 | 11000 | | 25000 | 6100 | 6200 | 5430 | | | | | 23800 | 320000 |
| T.K Colony | 485 | | 550 | | | 310 | 3205 | | 3895 | 480 | | 400 | | 315 | | 300 | | |
| Thalanji | 6596 | 6003 | 25000 | | 7610 | 6000 | 6822 | | | 7119 | 7007 | 6085 | 5000 | 7000 | 5000 | 4013 | 15000 | |
| Thalapuzha | 850 | 750 | 1200 | 2500 | 650 | 1250 | 2100 | 900 | 850 | 750 | 900 | 700 | 1250 | 950 | 1100 | 1600 | 19430 | |
| Thalipadam | 1000 | 1000 | 1000 | 3500 | 675 | 1160 | 1325 | 2000 | 5000 | 1500 | 1296 | 735 | 1000 | 900 | 1200 | 1000 | 5000 | |
| Thariode | 1200 | 2000 | 10000 | | 500 | 1000 | 2000 | 16000 | | 1000 | 1200 | 1300 | 5000 | 1200 | 1000 | 1000 | 16000 | 100000 |
| Thavinjal | 850 | 1200 | 4000 | 5100 | 1000 | 850 | 5000 | 5100 | 9000 | 800 | 1200 | 750 | 2200 | 1100 | 850 | 1500 | 13500 | 110000 |
| Thelpara | 380 | 500 | | | 580 | 385 | 350 | | 6500 | 285 | 540 | 280 | 610 | 350 | 560 | 260 | | |
| Theneri | 1100 | 2000 | 6250 | | 1000 | 2000 | 2500 | | 6000 | 1750 | 1100 | 1750 | 3500 | 1750 | 1750 | 2500 | 10000 | 15000 |

| Parishes | Jesus Frater-nity | Bible Sun-day | Educ a-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Syro Mi Su nday | Peter's Pence | Cat. Sun-day | Commu nication Media | Anti Alcho holic | Youth Day | Sneha nidhi | Mutual Aid Fund |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Thomattuchal | 500 | 400 | 400 | 400 | 300 | 400 | 500 | | 500 | 500 | 400 | 400 | 500 | 500 | 400 | 400 | 6000 | 62712 |
| Thonichal | 1200 | 1250 | | 4000 | 1460 | 1250 | 1500 | 2200 | 1250 | 1240 | 950 | 1210 | 1400 | 1150 | 1250 | 1240 | | |
| Thrikaipetta | 500 | 500 | 1000 | 5285 | 500 | 500 | 1500 | | 2000 | 500 | 1000 | 800 | 1000 | 500 | 500 | 500 | | 30000 |
| Thrissilery | 300 | 450 | 13000 | | 500 | 450 | 725 | | 1775 | 500 | 650 | 500 | 1000 | 500 | 500 | 650 | 14120 | 21000 |
| Vadakkanad | 950 | 800 | | 2000 | 500 | 700 | 900 | 1300 | 1500 | 450 | 600 | 400 | 600 | 500 | 850 | 400 | 3000 | 24300 |
| Vadapuram | 600 | 600 | 2000 | 3155 | 1000 | 1500 | 750 | | 2500 | 1500 | 1600 | 1000 | 2000 | 750 | 500 | 750 | 10170 | 72710 |
| Vakery | | 1000 | 1500 | 500 | 1000 | 1500 | 1500 | 500 | 1500 | | | | 1500 | | 1200 | 1000 | 8500 | 20000 |
| Valad | 150 | 200 | 2000 | 250 | 100 | 100 | 150 | 200 | 1000 | 100 | 150 | 100 | 250 | 150 | 100 | 200 | 2000 | |
| Valavayal | 1500 | 1463 | | | | 1500 | 720 | | | 2210 | 1672 | 2413 | 2437 | 1625 | | 1954 | | 50000 |
| Valery | 930 | 2976 | 2993 | 1422 | 1000 | 725 | 9995 | 3460 | | 900 | 1000 | 785 | 970 | 1020 | 1230 | 1570 | 8540 | 13700 |
| Valiakolly | 350 | 400 | 500 | 400 | 200 | 300 | 400 | | 500 | 673 | 400 | 310 | 250 | 227 | | 840 | | |
| Vallikett | 500 | 430 | | 2386 | 505 | 400 | 1320 | 1860 | | 670 | 935 | 350 | 515 | 400 | 470 | 450 | 5100 | |
| Vanjode | **700** | **500** | | 6000 | 700 | 600 | 1100 | 600 | 1200 | 800 | 1000 | 600 | 800 | 400 | 500 | 700 | 9840 | 35300 |
| Vazhavatta | 3500 | **3000** | | | 3000 | 3000 | 5000 | | 20000 | 3750 | 10000 | 3500 | 3500 | 4000 | 3000 | 1000 | | 49895 |
| Velloonny | 200 | 200 | | | 150 | 200 | 700 | | | 200 | 500 | 200 | 300 | 200 | | | 2150 | |
| Vilambukan dam | 1000 | 1000 | 2000 | | 1000 | 1000 | 2000 | | 3500 | 1250 | 1250 | 1000 | 2000 | 1500 | 500 | 1000 | 500 | 42000 |
| Vimalagiri | 250 | | | | | 500 | 1750 | | | 750 | | 665 | 1000 | 250 | | 500 | | 54988 |
| Vythiri | 300 | 300 | 500 | | 300 | 500 | 500 | | 1000 | 450 | 500 | 500 | 1000 | 500 | 300 | 300 | | 14000 |
| Yavanarkulam | | 588 | 1500 | | 553 | 459 | 860 | | 1500 | 525 | | | 541 | 797 | | 814 | | |

## വൈദികരുടെ മാസധ്യാനം

### നടയവയൽ ഫൊറോന

നടവയൽ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2017 ജൂലൈ 11 ന് കണിയാമ്പററ സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തി. മാസധ്യാനത്തിൽ 18 വൈദികർ പങ്കെടുത്തു. ജപമാലയോടുകൂടി ആരംഭിച്ച മാസധ്യാനത്തിന് ബഹു. വികാരി ജോസ് കുളിരാനിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ച്, ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്ന് ചേർന്ന മീറ്റിങ്ങിന് നടവയൽ ഫൊറോന വികാരി റവ. ഫാ. ബെന്നി മുതിര ക്കാലായിൽ നേതൃത്വം നൽകി. പനമരം പുഷ്പഗിരി ആശ്രമത്തിന്റെ പുതിയ സുപ്പീരിയറായി കടന്നുവന്ന റവ.ഫാ. അഗസ്റ്റിൻ പുതിയെടുത്തുചാലിൽ, നെയ്ക്കുപ്പ പള്ളോട്ടിൻ ആശ്രമത്തിലേക്കു വന്ന റവ. ഫാ. ജോൺസൻ മണിയങ്കോട്ട് എന്നീ വൈദികരെ നടവയൽ ഫൊറോനയിലേക്ക് സ്വാഗതം ചെയ്തു. സംഘടനകളുടെ പ്രവർത്തന പദ്ധതികൾ ഡയറക്ടർമാരായ റവ. ഫാ. ജോസ് കപ്യാരുമലയിൽ, റവ. ഫാ. ജോസഫ് കുഴികണ്ടത്തിൽ, റവ. ഫാ. ഷൈജു മുതിരക്കാലായിൽ, റവ. ഫാ. ജോയി പുല്ലംകുന്നേൽ എന്നിവർ അവതരിപ്പിച്ചു.കൂടുതൽ മത്സരങ്ങൾ നടത്തുക എന്നതിനേക്കാൾ നൂതനവും ഫലദായകവുമായ കർമ്മപദ്ധതികൾ വിഭാവനം ചെയ്യാൻ സംഘടനകൾ തയ്യാറാകണമെന്ന് വൈദികർ ആവശ്യപ്പെട്ടു. അടുത്ത മാസധ്യാനം ഓഗസ്റ്റ് 08 ന് പനമരം സെന്റ് ജൂഡ് പള്ളിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജിബിൻ വട്ടുകുളത്തിൽ** - സെക്രട്ടറി

### തരിയോട് ഫൊറോന

തരിയോട് ഫൊറോനയിലെ ബഹു.വൈദികരുടെ മാസധ്യാനം 13 -7-2017 ചൊവ്വാഴ്ച പുതുശ്ശേരിക്കടവ് പള്ളിയിൽ വെച്ചു നടത്തുകയുണ്ടായി. ധ്യാനചിന്തകൾക്ക് നേതൃത്വം നൽകിയത് ഫാ. സജി കല്ലൂക്കാരൻ അച്ചനായിരുന്നു. തുടർന്ന് നടന്ന മീറ്റിംഗിൽ വിവിധ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് അതാത് ഡയറക്ടർമാർ വിശദീകരിച്ചു. ഫൊറോനാ തലത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങൾക്ക് അവധിദിവസം ഒരു സെമിനാർ നടത്തുവാൻ തീരുമാനിച്ചു. തരിയോട് പള്ളിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഫൊറോനായിലെ 10 പള്ളികളിൽ ഉള്ള 75 ഉം അതിലേറെ പ്രായമുള്ള പുരുഷന്മാരേയും സ്ത്രീകളേയും ആദരിക്കുവാൻ തീരുമാനിച്ചു. ജൂലൈ മാസത്തിൽ തിരുനാൾ ആഘോഷിക്കുന്ന ബഹു. കുര്യൻ കൊച്ചുപാറയച്ചനും ബഹു. ജെയിംസ് മാങ്കോട്ടിലച്ചനും ബഹു. ജെയിംസ് കുന്നത്തേട്ടച്ചനും തിരുനാൾ ആശംസകൾ നേർന്നു. ഫൊറോനാവികാരി ഫാ. ജെയിംസ് കുന്നത്തേട്ട് അദ്ധ്യക്ഷം വഹിച്ചു.

**ഫാ. അനൂപ് കൊല്ലംകുന്നേൽ** - സെക്രട്ടറി

### ആമുഖ സെമിനാർ

ജൂലൈ 14-16 ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ആമുഖ സെമിനാറിൽ 77 പേർ പങ്കെടുത്തു. നവാഗതരായ മതാധ്യാപകർക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു.

### DCC സംഗമം

DCC 2017-19 ബാച്ചിന്റെ പ്രഥമ സംഗമം സെപ്റ്റംബർ 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. DCC യ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന കുട്ടികളെ ബഹു. ഹെഡ്മാസ്റ്റേഴ്സ് ഈ വിവരം അറിയിക്കണം. രാവിലെ 9.30 ന് വി. കുർബാനയോടു കൂടിയായിരിക്കും സംഗമം ആരംഭിക്കുന്നത്.

### ക്ലാസ്സ് പരീക്ഷ

ഓഗസ്റ്റ് 27-ാം തീയതി ഞായറാഴ്ചയാണ് ആദ്യ സെമസ്റ്ററിലെ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. നിർബന്ധമായും ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തുകയും അതിന്റെ മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണം. ഈ പരീക്ഷയിൽ പാഠപുസ്തകം 60%, ഉപപാഠപുസ്തകം (പാർട്ട് I)-20%, വിശുദ്ധഗ്രന്ഥ ഭാഗം (വചനവിളക്ക്) 5%, പൊതുവിജ്ഞാനം - 5%, നമസ്കാരങ്ങൾ - 10%, എന്നരീതിയിൽ ചോദ്യപേപ്പറുകൾ ഇടവകകളിൽത്തന്നെ തയ്യാറാക്കി പരീക്ഷനടത്തണം. ഈ മാർക്കുകളുടെ കൂടെ അടിസ്ഥാനത്തിലാണ് തുടർ മൂല്യനിർണ്ണയത്തിന് (CE) മാർക്ക് ഇടേണ്ടത്.

### HDC ക്ലാസ്സ്

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 9- ന് ദ്വാരകയിലും 16-ന് ബത്തേരിയിലും വച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്. ആദ്യക്ലാസ്സിന് വരുമ്പോൾ കൊണ്ടുവരേണ്ട അസൈന്റ്മെന്റിന്റെ വിഷയം താഴെ കൊടുക്കുന്നു. "വിശ്വാസമാകുന്ന ജ്വാല അണഞ്ഞുപോയാൽ മറ്റു വെളിച്ചങ്ങളെല്ലാം മങ്ങിത്തുടങ്ങും. വിശ്വാസവെളിച്ചത്തിന് മനുഷ്യാ സ്തിത്വം മുഴുവനെയും പ്രകാശിപ്പിക്കാൻ കഴിയുമെന്ന അനന്യമായ

സ്വഭാവ വിശേഷമുണ്ട്. ഇത്രമാത്രം ശക്തമായ ഒരു വെളിച്ചം നമ്മിൽ നിന്നുതന്നെ ഉണ്ടാവുകയില്ല. അതു ദൈവത്തിൽ നിന്നേ വരൂ." (വിശ്വാസവെളിച്ചം 4) വിശ്വാസത്തിന്റെ അനന്യതയും പ്രസക്തിയും വിശ്വാസവെളിച്ചം (Lumen Fidei) എന്ന ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുക.

**Plus Two വിദ്യാർത്ഥി സംഗമം**

Plus Two ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം, കഴിഞ്ഞ വർഷങ്ങളിലേതുപോലെതന്നെ മേഖലാതലത്തിൽ ക്രമീകരിച്ചിരിക്കുന്നു. ജൂലൈ 23-ന് കല്ലോടി ഫൊറോനയുടെയും ജൂലൈ -30 ന് ദ്വാരക ഫൊറോനയുടെയും പ്ലസ്ടു സംഗമങ്ങൾ നടന്നു. ഓഗസ്റ്റ് 13 ന് മാനന്തവാടി ഫൊറോനയുടെയും ഓഗസ്റ്റ് 20 ന് പയ്യമ്പള്ളി ഫൊറോനയുടെയും സെപ്റ്റംബർ 3 ന് തരിയോട് ഫൊറോനയുടെയും പ്ലസ്ടു സംഗമങ്ങൾ ക്രമീകരിച്ചിരിക്കുന്നു. മറ്റ് ഫൊറോനകളും കലണ്ടറിൽ തന്നിരിക്കുന്ന തിയ്യതികളിൽതന്നെ സംഗമങ്ങൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ചർച്ചാ വിഷയം:**

മതാധ്യാപകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നൽകിയിരിക്കുന്ന ഒന്നാമത്തെ ചർച്ചാവിഷയം ചർച്ച ചെയ്യേണ്ട ദിവസം ഓഗസ്റ്റ് 6-ാം തീയതിയാണെന്ന് ഓർമ്മിപ്പിക്കുന്നു. വിഷയങ്ങൾ സജീവമായും ഉപകാരപ്രദമായും ചർച്ചചെയ്യാൻ ശ്രദ്ധിക്കുമല്ലോ. ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് ഇതിന് വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. രണ്ടാമത്തെ ചർച്ചാവിഷയം താഴെ ചേർത്തിരിക്കുന്നു.

**ചർച്ചാവിഷയം II**

വൈദികർക്ക് വിവാഹം അനുവദിക്കണം - സ്ത്രീകളെ സ്ത്രീകൾ തന്നെ കുമ്പസാരിപ്പിക്കണം തുടങ്ങിയ ആവശ്യങ്ങൾ ചില കോണുകളിൽ നിന്ന് ഉയർന്നുവരുന്നു. കൂദാശകളെക്കുറിച്ച് ഉയരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നമുക്ക് സാധിക്കുന്നുണ്ടോ?

ക്രിസ്തുമതം കേവലം ഒരു വിശ്വാസസംഹിതയോ ഒരു തത്വചിന്തയോ അല്ല. അതു മിശിഹായിലുള്ള ജീവിതമാണ്. മിശിഹായിലൂടെ ദൈവീക ജീവനിലുള്ള പങ്കാളിത്തമാണ്. എന്നാൽ ഈ ദൈവീക മാനുഷിക ബന്ധം കൗദാശിക രഹസ്യങ്ങളുടെ പരികർമ്മത്തിലൂടെയാണ് സാധിക്കേണ്ടത് എന്നാണ് നമുക്ക് വെളിപ്പെടുത്തപ്പെട്ടിട്ടുള്ള രക്ഷാപദ്ധതിയിൽനിന്നും നാം മനസ്സിലാക്കുന്നത്. കൂദാശകൾ വിശ്വാസത്തിന്റെ രഹസ്യങ്ങളാണ്. വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ടേ അവ മനസ്സിലാക്കാൻ കഴിയൂ.

മനുഷ്യനെ വിശുദ്ധീകരിക്കുക, ക്രിസ്തുവിന്റെ മൗതിക ശരീരം പടുത്തുയർത്തുക, ദൈവത്തിന് ആരാധന സമർപ്പിക്കുക എന്നിവയാണ്

കൂദാശകളുടെ ലക്ഷ്യം. അടയാളങ്ങളാകയാൽ അവ പ്രബോധനത്തിനും ഉപയുക്തമാണ്. വിശ്വാസം അവയ്ക്ക് മുന്നുപാധി മാത്രമല്ല, വാക്കുകൾ കൊണ്ടും വസ്തുക്കൾ കൊണ്ടും അതിനെ പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും പ്രകടമാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് അവ വിശ്വാസത്തിന്റെ കൂദാശകൾ എന്നു പറയപ്പെടുന്നത് (CCC 1123). കൂദാശകൾ ദൈവകൽപ്പിതമായ യാഥാർത്ഥ്യങ്ങളാണ്. കൂദാശകളുടെ അർത്ഥവും ഫലങ്ങളും പരികർമ്മരീതികളും ദൈവകൽപ്പിതമായി സഭ ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്. സഭയിൽ കൂദാശകൾ ഏഴ് എന്ന് തിട്ടപ്പെടുത്തിയതും കൂദാശകളുടെ സ്വഭാവത്തെക്കുറിച്ച് പഠിപ്പിച്ചതും ട്രെന്റ് കൗൺസിലാണ്. ഈശോ സ്ഥാപിച്ചവയാണ് കൂദാശകൾ.

സഭയുടെയും ക്രൈസ്തവന്റെയും ജീവിതകേന്ദ്രമാണ് ആരാധനാക്രമമെന്നു വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ച സ്ഥാനത്തേക്കാണു തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവനും നിർഗ്ഗളിക്കുന്നതും അവിടെ നിന്നുതന്നെയാണ് (SC10). കൗദാശിക രഹസ്യങ്ങളെക്കുറിച്ചുള്ള ഈ ബോധ്യം നമ്മുടെ മനസ്സിൽ ഉറപ്പിക്കേണ്ടതാണ്. കത്തോലിക്കാ വിശ്വാസത്തിന്റെ മൗലികമായ സ്വഭാവമാണ് കൂദാശകളെക്കുറിച്ചുള്ള ഈ ഉറച്ചബോധ്യം. ഇത് നഷ്ടപ്പെടുന്നിടത്ത് കത്തോലിക്കാ വിശ്വാസം അവകാശപ്പെടുവാൻ സാധിക്കില്ല. പക്ഷേ, ഇന്ന് ഈ ബോധ്യം പലർക്കും നഷ്ടപ്പെടുന്നില്ലേ എന്ന സംശയം പരക്കെയുണ്ട്. ആദിമസഭയിലെ വിശ്വാസികൾ പൊരുതിയാണ് മിശിഹാ ദൈവവും മനുഷ്യനുമാണെന്ന വസ്തുത അംഗീകരിച്ചെടുപ്പിച്ചത്. ദൈവികരഹസ്യങ്ങളുടെ സമ്പൂർണ്ണത മിശിഹായിലാണ് വെളിപ്പെട്ടത് എന്ന സത്യമാണ് അവർ ഉയർത്തിപ്പിടിച്ചത്. ഈ അർത്ഥത്തിലാണ് മിശിഹായെ നാം മൗലിക കൂദാശയെന്നു വിളിക്കുന്നതും. കത്തോലിക്കാ ഓർത്തഡോക്സ് വിഭാഗങ്ങൾ ഇന്നും ഈ വിശ്വാസം കുറവു കൂടാതെ ഏറ്റുപറയുകയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ 16-ാം നൂറ്റാണ്ടു മുതൽ കൗദാശിക രഹസ്യങ്ങളുടെ കേന്ദ്രസ്ഥാനീയതയെ നിഷേധിക്കുന്ന പ്രവണതയാണ്, പ്രത്യേകിച്ചും പാശ്ചാത്യരാജ്യങ്ങളിൽ, വ്യാപകമായത്. ഈ പ്രവണതയുടെ തീവ്രഭാവമാണ് കൂദാശകളുടെ പൊരുൾ ഏതാണ്ടു പാടേനിഷേധിക്കുന്ന പെന്തക്കോസ്തു വിഭാഗങ്ങളിൽ കാണുന്നത്. കൗദാശിക രഹസ്യങ്ങളെക്കുറിച്ചുള്ള സഭയുടെ ബോധ്യം നഷ്ടപ്പെടുന്ന കത്തോലിക്കരാണ് ഇങ്ങനെയുള്ള പ്രസ്ഥാനങ്ങളിൽ ചെന്നുചേരുന്നത്. കൂദാശകളുടെ അർത്ഥമെന്തന്നറിയുന്നവർക്ക് അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ചു കർത്താവേ അങ്ങേയ്ക്കു സ്തുതി എന്നു പറയുവാൻ കഴിയണം. കൂദാശകളെ നിഷേധിക്കുന്നവർ പൗരോഹിത്യത്തെയും ശ്ലൈഹിക പിന്തുടർച്ചയെയും കാലക്രമത്തിൽ നിഷേധിക്കുന്നു. അതോടൊപ്പം സഭയെയും മിശിഹായുടെ സമ്പൂർണ്ണ ദൈവത്വത്തെയും നിഷേധിക്കുവാൻ അവർക്ക് എളുപ്പമായിത്തീരുന്നു. പിന്നീടു പാരമ്പര്യത്തെക്കുറിച്ചു പറയാനും പ്രയാസമുണ്ടാകും. കാരണം വിശ്വാസത്തിന്റെ ആഘോഷവും പ്രകാശനവുമായ കൂദാശകൾ

അപ്രസക്തമാകുമ്പോൾ വിശ്വാസപാരമ്പര്യവും നഷ്ടപ്പെടുകയാണ്. ഇങ്ങനെയാണ് ക്രൈസ്തവ സമൂഹം കേവലം ഒരു സെക്കുലർ സമൂഹമായിത്തീരുന്നത്.

വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ ക്ഷണിക്കപ്പെടുന്ന വിശ്വാസികളുടെ വിശ്വാസത്തിന് മുൻപേയുള്ളതാണ് സഭയുടെ വിശ്വാസം. കൂദാശകൾ അനുഷ്ഠിക്കുമ്പോൾ അപ്പസ്തോലൻമാരിൽ നിന്ന് സ്വീകരിച്ച വിശ്വാസത്തെ സഭ ഏറ്റുപറയുന്നു. വിശുദ്ധവും സജീവവുമായ പാരമ്പര്യത്തിന്റെ അടിസ്ഥാനപരമായ ഒരു ഘടകമാണ് ആരാധനക്രമം. ഇക്കാരണത്താൽ കൂദാശാപരമായ ഒരു അനുഷ്ഠാനക്രമവും ശുശ്രൂഷകന്റെയൊ സമൂഹത്തിന്റെയൊ ഇഷ്ടമനുസരിച്ച് പരിഷ്കരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാൻ പാടില്ല.

കൂദാശകൾ അനുഷ്ഠാനത്താൽത്തന്നെ (ex Opere Operato, അതായത് കർമ്മം അനുഷ്ഠിക്കപ്പെടുന്നു എന്ന വസ്തുതകൊണ്ടുതന്നെ) പ്രവർത്തിക്കുന്നു, അതായത് എന്നന്നേക്കുമായി പൂർത്തിയാക്കപ്പെട്ട ക്രിസ്തുവിന്റെ രക്ഷാകർമ്മത്തിന്റെ ശക്തിയാൽത്തന്നെ പ്രവർത്തിക്കുന്നു എന്ന് സഭ പ്രഖ്യാപിക്കുന്നതിന്റെ അർത്ഥമിതാണ്. കൂദാശ കാർമ്മികന്റെയോ സ്വീകരിക്കുന്ന വ്യക്തിയുടെയോ നീതിയാലല്ല പിന്നെയോ ദൈവത്തിന്റെ ശക്തിയാലാണ് പ്രവർത്തിക്കുന്നത്. (CCC 1128). അതായത് പരികർമ്മം ചെയ്യുന്ന കാർമ്മികന്റെ വിശുദ്ധിയില്ലായ്മ/യോഗ്യതക്കുറവ് കൂദാശയുടെ വിശുദ്ധിയെ ഇല്ലാതാക്കുന്നില്ല.

**പൗരോഹിത്യം**

പിതാവ് പവിത്രീകരിച്ച് ലോകത്തിലേക്കയച്ച ക്രിസ്തു തന്റെ അപ്പസ്തോലൻമാരിലൂടെ അവരുടെ പിൻഗാമികളായ മെത്രാൻമാരെ തന്റെ പൗരോഹിത്യത്തിലും പങ്കുകാരാക്കി. അവർ ഈ ശുശ്രൂഷയിൽ വ്യത്യസ്തമായ തോതിൽ പങ്കെടുക്കാനുള്ള അധികാരം സഭയിലെ വിവിധ അംഗങ്ങൾക്ക് നിയമാനുസൃതം കൈമാറി. പൗരോഹിത്യ പദവിയിൽ നിയോഗിക്കപ്പെടേണ്ടതിനും മെത്രാൻമാരെ ക്രിസ്തു ഏൽപ്പിച്ചിരിക്കുന്ന അപ്പസ്തോലിക ദൗത്യത്തിന്റെ ശരിയായ നിർവ്വഹണത്തിന് മെത്രാൻ പദവിയുടെ സഹപ്രവർത്തകരായിത്തീരേണ്ടതിനുമായി മെത്രാൻമാരുടെ ശുശ്രൂഷാധർമ്മം പുരോഹിതർക്കു നൽകപ്പെട്ടു. സഭയുടെ ആരംഭത്തിൽ മിശിഹാ തന്റെ ദൗത്യം സഭയെ ഭരമേൽപ്പിച്ചതോടെ ശുശ്രൂഷാ പൗരോഹിത്യവും രൂപമെടുത്തു എന്നു പറയാനാവും. വിശുദ്ധ കുർബാനയും അനുരഞ്ജന ശുശ്രൂഷയും വചനശുശ്രൂഷയും രക്ഷാകര പ്രവർത്തികളുടെ തുടർന്നുള്ള മറ്റു ശുശ്രൂഷകളും സഭയെ മിശിഹാ ഭരമേൽപ്പിച്ചു. ഇതിൽ വിശുദ്ധഗ്രന്ഥ പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ പൗരോഹിത്യ സ്ഥാപനത്തെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ ബൈബിൾ വിശദീകരണം വിശുദ്ധ കുർബാനയുടെ ആരംഭവും അത് ശിഷ്യസമൂഹത്തെ ഭരമേൽപ്പിക്കുന്നതുമായ ഭാഗമാണ്. അതിനാൽ പൗരോഹിത്യ സ്ഥാപനത്തിന്റെ അവസരമായി ഈ വലിയ രക്ഷാകരസംഭവം തന്നെ കണക്കാക്കപ്പെടുന്നു.

സഭയിൽ മിശിഹാ ഭരമേൽപ്പിച്ച ശുശ്രൂഷകളുടെ നിർവ്വഹണം ഫലപ്രദമായി പൂർത്തിയാക്കുവാൻ അവിടുന്നു ശിഷ്യരുടെ തിരഞ്ഞെടുപ്പിലൂടെ മാർഗ്ഗവും കാട്ടി. അവിടെനിന്നും ശുശ്രൂഷാ പൗരോഹിത്യം രൂപമെടുത്തു. മിശിഹായാണ് ഇതിന്റെ ഉറവിടം. സഭയിലാണ് ഇതു വളർച്ച പ്രാപിച്ചത്.

**പൗരോഹിത്യ ബ്രഹ്മചര്യം**

**a. ബൈബിളിൽ:-**

ബ്രഹ്മചര്യത്തിന്റെ ആവശ്യകതയെയും മഹത്വത്തെയും കുറിച്ച് പുതിയനിയമം പഠിപ്പിക്കുന്നുണ്ട്. സുവിശേഷത്തിന് വേണ്ടി കുടുംബബന്ധങ്ങൾ ഉപേക്ഷിച്ചവരെ യേശു സ്തുതിച്ച് പറയുന്നുണ്ട്. ബ്രഹ്മചര്യം വികലമായികണ്ട യഹൂദ പശ്ചാത്തലത്തിലാണ് യേശു ബ്രഹ്മചര്യത്തെ പ്രകീർത്തിക്കുന്നത്. യേശു ശിഷ്യൻമാർക്ക് നൽകിയ മറുപടിയിൽ ആയുഷ്ക്കാല ബ്രഹ്മചര്യം സംബന്ധിച്ചുള്ള തന്റെ ശാസ്ത്രം സ്പഷ്ടമാക്കിയിട്ടുണ്ട്. (മത്താ 19: 11-12), (മത്താ19: 29), മത്താ 13: 44-45). വി.പൗലോസിന്റെ പ്രബോധനങ്ങളിൽ ബ്രഹ്മചര്യത്തെ വളരെ ഉന്നതമായാണ് കാണുന്നത്. അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കുമെന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തൽപ്പരനാകുന്നു. വിവാഹിതൻ സ്വഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താം എന്ന് ചിന്തിച്ച് ലൗകിക കാര്യങ്ങളിൽ തൽപ്പരനാകുന്നു. അവന്റെ താത്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. (1കോറി.7:32-34, ഫിലിപ്പി 3:8-9) വി. പൗലോസ് വിവാഹിതനായിരുന്നില്ല. എന്നാൽ വിവാഹത്തിന്റെ പവിത്രതയെയും മനോഹാരിതയെയുംപറ്റി വേറെ ആരും ഇതുപോലെ എഴുതിയിട്ടില്ല. വിവാഹം മോശമായതു കൊണ്ടോ, വിവാഹ ജീവിതത്തിന് അശക്തനായതു കൊണ്ടോഅല്ല വി. പൗലോസ് ബ്രഹ്മചര്യജീവിതം എടുത്തത്. ക്രിസ്തുവിനെ പ്രതിയുള്ള ഒരു ബലിസമർപ്പണം ആയി, തന്റെ ശരീരം വേറെ ഒരു വ്യക്തിക്കും നൽകുന്നില്ല എന്ന തീരുമാനം ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും... (റോമ.8: 35-39)

**b സഭാപ്രബോധനങ്ങളിൽ:**

പൗരോഹിത്യ ബ്രഹ്മചര്യത്തിന്റെ ആവശ്യകതയെക്കുറിച്ച് സഭ പഠിപ്പിക്കുന്നുണ്ടെങ്കിലും കത്തോലിക്കാസഭയിലെ ആദ്യകാല പുരോഹിതൻമാർ വിവാഹിതരായിരുന്നു. പൗലോസ് അപ്പസ്തോലൻ തിമോത്തിക്കും തീത്തോസിനും എഴുതിയ ലേഖനങ്ങളിൽ (1തിമോത്തി 3: 2-12) (തീത്തോസ്1: 6) മെത്രാനും ഡീക്കനും ഏകഭാര്യനായിരിക്കണം എന്ന് പഠിപ്പിക്കുന്നത് സഭയിൽ ആദ്യകാലങ്ങളിൽ വിവാഹം കഴിച്ചിരുന്ന പുരോഹിതൻമാർ ഉണ്ടായിരുന്നു എന്നതിന്റെ വ്യക്തമായ സൂചനയാണ്. ആദ്യ നൂറ്റാണ്ടുകളിലെ പുരോഹിതൻമാരിൽ ഭൂരിഭാഗവും വിവാഹിതരായിരുന്നെങ്കിലും പിന്നീട് ബ്രഹ്മചര്യം പൗരോഹിത്യത്തിന്റെ ഘടകമാവുകയായിരുന്നു. 295-ൽ സ്പെയിനിലെ എൽവീരയിൽവെച്ച് നടന്ന കൗൺസിലിന്റെ തീരുമാനപ്രകാരം ബ്രഹ്മചര്യം മെത്രാൻമാർക്കും, ഡീക്കൻമാർക്കും, വൈദികർക്കും നിർബന്ധമാക്കി. 390 -ൽ കാർത്തേജിൽ

വെച്ച് നടന്ന സൂനഹദോസും പൗരോഹിത്യ ബ്രഹ്മചര്യത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 1123-ൽ റോമിലെ ലാറ്ററൻ ദേവാലയത്തിൽ നടന്ന കത്തോലിക്കാ സഭയിലെ സാർവ്വത്രിക സൂനഹദോസ് ബ്രഹ്മചര്യം പൗരോഹിത്യത്തിന്റെ ഘടകമാണെന്ന് പഠിപ്പിച്ചു. ലാറ്ററൻ കൗൺസിലിന്റെ പ്രബോധനം പിന്നീട് സാർവ്വത്രിക കൗൺസിലുകൾ ആവർത്തിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലും പൗരോഹിത്യ ബ്രഹ്മചര്യത്തിന്റെ ആവശ്യകത പഠിപ്പിച്ചിരുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ, പൗരോഹിത്യധർമ്മവും വൈദികരുടെ ജീവിതവും സംബന്ധിച്ച ഡിക്രിയിൽ ഇങ്ങനെ പറയുന്നു. ബ്രഹ്മചര്യം പൗരോഹിത്യത്തിന് പലതുകൊണ്ടും ഭൂഷണമാണ്. ദൈവരാജ്യത്തെപ്രതി അനുഷ്ഠിക്കുന്ന ബ്രഹ്മചര്യമോ, ജീവിതശുദ്ധതയോ വഴി വൈദികർ നവീനവും, ഉത്കൃഷ്ടവുമായ വിധത്തിൽ ക്രിസ്തുവിനായി സ്വയം പ്രതിഷ്ഠിക്കുന്നു. അവിഭാജ്യമായ ഹൃദയത്തോടെ ക്രിസ്തുവിനോട് ഒന്നിച്ചുചേരാൻ അവർക്ക് കൂടുതൽ എളുപ്പമാണ്. ദൈവത്തിന്റെയും മനുഷ്യരുടെയും സേവനത്തിനായി അവർ ക്രിസ്തുവിലും, ക്രിസ്തുവിനോടു കൂടിയും കൂടുതൽ സ്വതന്ത്രമായി സ്വയം അർപ്പിക്കുന്നു. (PO: 16)

വൈദിക പരിശീലനത്തെക്കുറിച്ചുള്ള പ്രബോധനം (Optatam totius) OT:10-വൈദിക ബ്രഹ്മചര്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നുണ്ട്. വൈദിക ബ്രഹ്മചര്യം ആവശ്യപ്പെടുന്ന റീത്തുകളിൽപ്പെടുന്ന വൈദികവിദ്യാർത്ഥികൾ അവരവരുടെ റീത്തുകളുടെ വിശുദ്ധവും നിർദ്ധിഷ്ടവുമായ നിയമങ്ങൾ അനുസരിച്ച് പ്രസ്തുത ജീവിത സ്ഥിതിക്കായി അതീവ ജാഗ്രതയോടെ പരിശീലിപ്പിക്കപ്പെടേണ്ടതാണ്. ഈ ജീവിത സ്ഥിതിയിൽ സ്വർഗ്ഗരാജ്യത്തെ പ്രതി (മത്താ 19: 12) വൈവാഹിക സഖിത്വം പരിത്യജിച്ചുകൊണ്ട് പുതിയ ഉടമ്പടിക്ക് തീർത്തും അനുഗുണമായ അവിഭക്ത സ്നേഹത്താൽ കർത്താവിനോടവർ ഒട്ടിച്ചേരുകയാണ് ചെയ്യുന്നത്. വരുവാനിരിക്കുന്ന ലോകത്തിലെ ജീവിതത്തിനവർ സാക്ഷ്യം വഹിക്കുന്നു.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും ബ്രഹ്മചര്യത്തെ പൗരോഹിത്യത്തിന്റെ സുപ്രധാനഭാഗമായാണ് വിവരിച്ചിരിക്കുന്നത്. കർത്താവിനും കർത്താവിന്റെ കാര്യങ്ങൾക്കുമായി അവിഭക്തമായ ഹൃദയത്തോടെ സ്വയം പ്രതിഷ്ഠിക്കുവാൻ വിളിക്കപ്പെട്ടവരായ അവർ തങ്ങളെത്തന്നെ പൂർണ്ണമായും ദൈവത്തിനും മനുഷ്യർക്കും വേണ്ടി നൽകുന്നു (CCC 1579). പാശ്ചാത്യ പൗരസ്ത്യ സഭകളിൽ തിരുപ്പട്ടം സ്വീകരിച്ചു കഴിഞ്ഞ ആർക്കും പിന്നെ വിവാഹം ചെയ്യാൻ സാധ്യമല്ല. (CCC 1580, CCEO 758).

1990-ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പുറത്തിറക്കിയ സെമിനാരി രൂപീകരണത്തെയും വൈദികരെയും കുറിച്ചുള്ള പാസ്തോരെസ് ദാബോവോബിസ് എന്ന പ്രബോധനത്തിലും ബ്രഹ്മചര്യത്തിന്റെ അനിവാര്യതയെക്കുറിച്ച് പഠിപ്പിക്കുന്നു. അവിവാഹിത അവസ്ഥയിലെ ചാരിത്ര്യത്തിലേക്കുള്ള ദൈവവിളിയെന്ന ദാനം ലഭിച്ചിട്ടുള്ളവർക്കു മാത്രമേ പൗരോഹിത്യപദവി നൽകപ്പെടുകയുള്ളു. (PDV:29) ബ്രഹ്മചര്യത്തെ

ക്കുറിച്ചുള്ള സഭയുടെ നിലപാടുകളിൽ മാറ്റമില്ലെന്നും അത് അടിയുറച്ചതു തന്നെയുമാണെന്നും പഠിപ്പിക്കുന്ന ശ്ലൈഹികാഹ്വാനമാണ് ബനഡിക്ട് പതിനാറാമൻ പാപ്പായുടെ സ്നേഹത്തിന്റ കൂദാശ. വൈദിക ബ്രഹ്മചര്യം ക്രിസ്തുവിനോട് അനുരൂപപ്പെടുത്തുന്ന സമർപ്പണത്തെയും ദൈവ രാജ്യത്തിനു മാത്രമുള്ള തന്റെ സമർപ്പണത്തെയും പ്രകാശിപ്പിക്കുന്നു. നിത്യപുരോഹിതനായ ഈശോ കുരിശിലെ യാഗം വരെ ബ്രഹ്മചര്യാ വസ്ഥയിൽ ജീവിച്ചു. (NO: 24)

കൃത്യനിർവ്വഹണപരമായ അർത്ഥത്തിൽ മാത്രം വൈദിക ബ്രഹ്മചര്യത്തെ മനസ്സിലാക്കിയാൽ പോരാ. ബ്രഹ്മചര്യം യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ജീവിതരീതിയോട് സ്വയം അനുരൂപപ്പെടുന്നതിന്റെ സവിശേഷമായ ഒരു മാർഗ്ഗമാണ്. ഈ തിരഞ്ഞെടുപ്പിന് പ്രഥമവും പ്രധാനവുമായി വൈവാഹികമായ ഒരു അർത്ഥമുണ്ട്. തന്റെ മണവാട്ടിക്ക് തന്റെ ജീവൻ നൽകുന്ന മണവാളനടുത്ത ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള അഗാധമായ താദാത്മ്യപ്പെടലാണത്. മാർപ്പാപ്പ വീണ്ടും ഊന്നിപ്പറയുന്നു- പക്വതയോടും സന്തോഷത്തോടും സമർപ്പണബുദ്ധിയോടുംകൂടി ജീവിക്കുന്ന വൈദിക ബ്രഹ്മചര്യം സഭയ്ക്കും സമൂഹത്തിനുതന്നെയും അളവറ്റ ഒരു അനുഗ്രഹമാണ്.

**അനുരഞ്ജന കൂദാശ**

**a. ബൈബിളിൽ**

യേശുവിന് പാപങ്ങൾ ക്ഷമിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. അവരുടെ വിശ്വാസം കണ്ട് യേശു തളർവാത രോഗിയോടു പറഞ്ഞു. മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. (മർക്കോ. 2: 5), (മത്താ. 9: 2) എന്നാൽ ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാര മുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന്. മർക്കോ 2:10, മത്താ 9:6), പിന്നീട് യേശു തന്റെനാമത്തിൽ പാപം ക്ഷമിക്കുവാനുള്ള അധികാരം അപ്പസ്തോ ലൻമാർക്ക് നൽകി. സഭയുടെ ജീവിതം, ലക്ഷ്യം എന്നിവയോട് സംയോജിപ്പിക്ക പ്പെട്ടിരിക്കുകയാണ് ക്ഷമയുടെ ഈ ദൗത്യം. ക്രിസ്തുവിന്റെ പ്രതിപുരുഷനായി പ്രവർത്തിക്കുന്ന പുരോഹിതൻ ഈ അധികാരം ഉപയോഗിക്കുന്നു. (യോഹ 20: 23, മത്താ 18: 18).

പാപങ്ങൾ ക്ഷമിക്കുവാൻ യേശു അപ്പസ്തോലൻമാർക്കു നൽകിയ ഈ അധികാരമാണ് തിരുപ്പട്ടകൂദാശയിലുടെ ഓരോ പുരോഹിതനും ലഭിക്കുന്നത്. അപ്പസ്തോലൻമാരുടെ പിൻഗാമികളായ മെത്രാൻമാരുടെ കൈവയ്പ്പ് ശുശ്രൂഷവഴിയാണ് പാപമോചനാധികാരം ഒരു വൈദികന് ലഭിക്കുന്നത്.

**b. സഭാപ്രബോധനങ്ങളിൽ**

സഭയുടെ നിയമ സംഹിതകളിൽ കുമ്പസാരം എന്ന കൂദാശയെ ക്കുറിച്ചും അവ പരികർമ്മം ചെയ്യേണ്ട രീതികളെക്കുറിച്ചും, പരികർമ്മം ചെയ്യുന്നവർക്കും, കൂദാശ സ്വീകരിക്കുന്നവർക്കും ഉണ്ടായിരി ക്കേണ്ട മനോഭാവങ്ങളെക്കുറിച്ചും വ്യക്തമായ പരാമർശങ്ങളുണ്ട്. (CCEO 718-736, CIC 959-986). കുമ്പസാരമെന്ന കൂദാശയുടെ കാർമ്മികൻ വൈദികൻ

മാത്രമാണന്നും (CCEO 722) പുരോഹിതപട്ടം സ്വീകരിക്കാത്ത ഒരു വ്യക്തിക്കും ഈ കൂദാശ പരികർമ്മം ചെയ്യാൻ സാധിക്കുകയില്ലെന്നും തിരുസഭ പഠിപ്പിക്കുന്നു. സഭയുടെ അധികാരത്തിൽ നിന്ന് പാപമോചനാധികാരം സ്വീകരിച്ചിട്ടുള്ള വൈദികർക്കു മാത്രമേ ക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങൾ മോചിക്കാൻ കഴിയുകയുള്ളു (CCC 1495, Youcat 236). മാമ്മോദീസ സ്വീകരിച്ചിട്ടുള്ള പുരുഷനു മാത്രമേ സാധുവായ വിധത്തിൽ തിരുപ്പട്ടം സ്വീകരിക്കാനാവൂ. പന്ത്രണ്ട് അപ്പസ്തോലൻ മാരുടെ ഗണത്തിലേക്ക് കർത്താവായ യേശു പുരുഷൻമാരെ തിരഞ്ഞെടുത്തു. തങ്ങളുടെ ശുശ്രൂഷയുടെ പിൻതുടർച്ചക്കാരായി സഹപ്രവർത്തകരെ തിരഞ്ഞെടുത്തപ്പോൾ അപ്പസ്തോലൻമാരും അതുതന്നെയാണ് തിരഞ്ഞെടുത്തത്. മെത്രാൻസംഘം അപ്പസ്തോല സംഘത്തെ ക്രിസ്തുവിന്റെ പുനരാഗമനംവരെ നിത്യം സന്നിഹിതമാക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. കർത്താവുതന്നെ നടത്തിയ ഈ തിരഞ്ഞെടുപ്പു അംഗീകരിക്കാൻ താൻ ബാധ്യസ്ഥയാണെന്ന് സഭ മനസ്സിലാക്കുന്നു. ഇക്കാരണത്താൽ സ്ത്രീകൾക്ക് പട്ടം കൊടുക്കാൻ സാധ്യമല്ല (CCC 1577) .

പുരുഷൻമാർ മാത്രമേ തിരുപ്പട്ടം സ്വീകരിക്കാവൂ എന്ന നിയമം സ്ത്രീകളെ ഒരു വിധത്തിലും തരം താഴ്ത്തുന്നില്ല. ദൈവദൃഷ്ടിയിൽ സ്ത്രീക്കും പുരുഷനും തുല്യ മഹത്വമാണുള്ളത്. എന്നാൽ അവർക്ക് വ്യത്യസ്ത കടമകളും സിദ്ധികളുമാണുള്ളത്. പൗരോഹിത്യം സ്ഥാപിക്കുന്നതിനുള്ള അന്തിമ അത്താഴത്തിൽ സന്നിഹിതനാകാൻ യേശു പുരുഷൻമാരെ മാത്രമേ തിരഞ്ഞെടുത്തിരുന്നുള്ളു. (Youcat 257).

ജോൺ പോൾ രണ്ടാമൻ പാപ്പ 1994 ൽ ഇങ്ങനെ പ്രസ്താവിച്ചു. മിശിഹായുടെയും സഭയുടെയും മാതാവായ പരിശുദ്ധ മറിയം ശ്ലൈഹിക സംഘത്തിലോ പൗരോഹിത്യ ശുശ്രൂഷയിലോ പങ്കാളിയായിരുന്നില്ല. അതിനാൽത്തന്നെ ഈ ശുശ്രൂഷയിലേക്ക് സ്ത്രീകളെ നിയോഗിക്കുന്നില്ല എന്നത് അവരുടെ മഹത്വത്തെ ഒരു വിധത്തിലും കുറയ്ക്കുന്നില്ല. അതുകൊണ്ടുതന്നെ സ്ത്രീ പൗരോഹിത്യം ഇല്ല എന്നത് സ്ത്രീ വിവേചനമായി കാണാനാവില്ല. സ്ത്രീകൾക്ക് പൗരോഹിത്യം നൽകാൻ സഭയ്ക്ക് യാതൊരു അധികാരവുമില്ല. ഈ വിധി തീർപ്പ് സഭയുടെ എല്ലാ വിശ്വാസികളും സുനിശ്ചിതമായി മുറുകെപ്പിടിക്കണം. (ജോൺ പോൾ II Apostolic Letter, Ordination Sacerdotalis 1994 May2, No: 3, No: 2).

**റഫറൻസ് ഗ്രന്ഥങ്ങൾ:**

- രണ്ടാം വത്തിക്കാൻ കൗൺസിൽ- വൈദിക പരിശീലനത്തെ ക്കുറിച്ചുള്ള ഡിക്രി, വൈദികരുടെ ശുശ്രൂഷയും ജീവിതവും സംബന്ധിച്ച ഡിക്രി
- CCC - CCEO - PDV - സ്നേഹത്തിന്റെ കൂദാശ- ബെനഡിക്ട് പതിനാറാമൻ - Youcat -
John Paul II, Apostolic Letter, Ordination Sacerdotalis
- കൂദാശകളുടെ രഹസ്യം (ഫാ. തോമസ് പൂവത്താനിക്കുന്നേൽ)

**ഫാ. റോയി വട്ടക്കാട്ട്** - മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ബാങ്ക് അക്കൗണ്ട് നമുക്കിടയിൽ ഒട്ടുമിക്കവർക്കുമുണ്ട്. നമ്മുടെ സമ്പാദ്യങ്ങൾ സൂക്ഷിക്കുവാനും അത്യാവശ്യഘട്ടങ്ങളിൽ പിൻവലിക്കാനും ഇതിൽ സൗകര്യമുണ്ട്. വി. മത്തായി സുവിശേഷക നിലൂടെ വളരെ വ്യത്യസ്തമായ ഒരു അക്കൗണ്ട് തുറക്കുന്നതിനേക്കുറി ച്ചുള്ള ഓർമ്മപ്പെടുത്തൽ നമ്മുടെ കാതുകളിലേക്കെത്തുന്നു ഭൗതീക സമ്പാദ്യ ങ്ങളുടെ പിന്നാലെയുള്ള ഗതിവേഗത്തിലാണ്ടിരിക്കുന്ന മനസ്സുകളെയെല്ലാം ഒരു നിമിഷം സ്വർഗത്തിലേക്കുയർത്തിയ ഒരു ആഹ്വാനം. "സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വക്കുക." (വി.മത്തായി 6.20)

സ്വർഗത്തിൽ ഒരു അക്കൗണ്ട് തുടങ്ങിയോ? ..നമ്മൾ മിഷൻലീഗ്കാർക്ക് ഏകസ്വരത്തിൽ പറയാം...''ഞങ്ങൾ തുടങ്ങി ക്കഴിഞ്ഞു..."പാസ് ബുക്ക് എന്തിയേ? എന്ന് ചോദിക്കുന്നവർക്ക് മുന്നിൽ വിനയത്തോടും അഭിമാനത്തോടും നമ്മുടെ മാനുവൽ ബുക്ക് ഉയർത്തിപിടിക്കാം... "ഇതാ ഞങ്ങളുടെ പാസ് ബുക്ക്." സുകൃത ജപങ്ങൾ, ആശയടക്കം, ജപമാല, വി.ബലിയർപ്പണങ്ങൾ, പരോപകാര പ്രവർത്തികൾ എന്നിങ്ങനെ എന്തെല്ലാം നിക്ഷേപങ്ങൾ.. ഇനി ഏതെങ്കിലും മിഷൻകാരോ ദൈവവിളി പ്രോത്സാഹകരോ, രോഗികളോ നമ്മോട് പ്രാർത്ഥനാസഹായം ചോദിക്കുമ്പോൾ എളുപ്പത്തിൽ നമുക്കനേകം വലിയ നിക്ഷേപവും നടത്താം മിഷനുവേണ്ടി ഇതാ ഞാൻ 1000 സുകൃതജപങ്ങൾ സ്വർഗത്തിലെ നിക്ഷേപത്തോട് ചേർത്തിരിക്കുന്നു.

മിഷൻലീഗ്കാരുടെ ജീവിതം എപ്പോഴും സ്വർഗോന്മുഖ മാകേണ്ടതാണെണ് ഓർമ്മിപ്പിക്കുന്ന ഓഗസ്റ്റ് മാസം എത്തിയിരി ക്കുന്നു. സ്വർഗത്തിന്റെ നിക്ഷേപത്തിനായി ഹൃദയം തുറക്കുകയും വിനയത്തിലൂടെ സ്വർഗത്തെ അതുല്യമായി പ്രീതിപ്പെടുത്തുകയും ചെയ്ത പരിശുദ്ധ അമ്മയും പൗരോഹിത്യത്തിന്റെ ലാളിത്യശുദ്ധിയേ ജീവിതംകൊണ്ട് അടയാളപ്പെടുത്തിയ വിയാനി പുണ്യവാളനുമെല്ലാം നമ്മെ സ്വർഗത്തിനോട് കൂട്ടുള്ളവരാകാൻ പ്രാചോദിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ഓഗസ്റ്റ് 11 ന് നമ്മിൽനിന്ന് യാത്രപറഞ്ഞകന്ന കുഞ്ഞേട്ടനും സുകൃതജീവിതത്തിലൂടെ പ്രേഷിതരാകാൻ നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്നുണ്ടല്ലോ സ്വർഗം സ്വപ്നംകണ്ട് ഭൂമിയിൽ പാദമുറപ്പിച്ച് പ്രാർത്ഥനയോടെ ചരിക്കാം പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

**ഷാജി ചന്ദനപറമ്പിൽ**
രൂപതാ പ്രസിഡണ്ട്

**സെന്റ് തോമസ് ഡേ അനുസ്മരണം - കൽപ്പറ്റയിൽ**

ഭാരതത്തിന്റെ അപ്പസ്തോലനും മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ തിരുനാൾ കൽപ്പറ്റ മേഖലയിലെ ഡി.പോൾ ശാഖയിൽ വച്ച് നടത്തി. കൽപ്പറ്റ മേഖല പ്രസിഡണ്ട് ജോൺ പുലാപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് മേഖല ജോ.ഡയറക്ടർ സി. സവിത എസ്.സി.വി. സ്വാഗതവും മേഖല ഡയറക്ർ റവ. ഫാ. ബിജു പുന്നക്കപടവിൽ നന്ദിയും പറഞ്ഞു. കൽപറ്റ ഫൊറോന വികാരി റവ.ഫാ.മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. രൂപത പ്രസിഡണ്ട്. ശ്രീ.ഷാജി ചന്ദന പറമ്പിൽ മാർഗ്ഗരേഖ പ്രകാശനം ചെയ്ത് ആശംസകൾ അർപ്പിച്ചു. വിവിധ ശാഖകളിൽ നിന്നുമുള്ള സ്കിറ്റുകളും, പ്രസംഗങ്ങളും തിരുനാളിന് മാറ്റുകൂട്ടി.

**ജോയൻറ് ഡയറക്ടേഴ്സ് മീറ്റിംഗ്**

2017-18 വർഷത്തിലെ ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിംഗ് തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് നടന്നു. ദ്വാരക മേഖല ഡയറക്ടർ റവ.ഫാ.ബിജു തൊണ്ടിപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബിനീഷ് തുമ്പിയാംകുഴി നന്ദിയും പറഞ്ഞു. ബഹു.സി.ആൻസി പോൾ എസ്.എച്ച്. ക്ലാസ്സ് നയിച്ചു.

**മേഖലാ രൂപതാ സാഹിത്യമത്സരം**

2017-18 വർഷത്തെ മേഖലാ രൂപതാ സാഹിത്യ മത്സരം മേഖലാ തലത്തിൽ 20 കേന്ദ്രങ്ങളിൽവച്ച് ജൂലൈ 16 ഞായറാഴ്ച 2 മണിക്ക് നടത്തപ്പെട്ടു. നേതൃത്വം നല്കിയ രൂപതാ മേഖലാ ഭാരവാഹികൾക്ക് നന്ദിയും അഭിനന്ദനങ്ങളും.

**മഴക്കുഴി നിർമ്മാണ ഉദ്ഘാടനം**

ജലസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പഠിപ്പിക്കു വാനായി നടത്തപ്പെടുന്ന മഴക്കുഴിനിർമ്മാണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇരുളം ശാഖയിൽവച്ച് നടത്തപ്പെട്ടു. ശാഖകളിൽ മഴക്കുഴികൾ നിർമ്മിക്കാനായി ശ്രദ്ധിക്കുക.

**ആഗസ്റ്റ് മാസത്തിലെ പ്രവർത്തനങ്ങൾ**

**സപ്തതി സുകൃതം -** 70 സ്വർഗസ്ഥനായ പിതാവേ എന്ന ജപം

**കുഞ്ഞേട്ടൻ അനുസ്മരണം**

മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ എട്ടാം ചരമവാർഷിക ദിനം 11-8-2017 വെള്ളിയാഴ്ച. ഞായറാഴ്ച കുഞ്ഞേട്ടൻ അനുസ്മരണ ദിനമായി ആചരിക്കുമല്ലോ.

**ടെലി ക്വിസ്സ്**

27-8-17 ഞായർ 3 മണി മുതൽ 4 മണിവരെ - പഠന വിഷയം വി. എവുപ്രാസ്സ്യാമ്മ

**ബർക്കുമൻസ് ദിനം**

ആഗസ്ത് -13 അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായ വി.ജോൺ ബർക്കുമാൻസിന്റെ തിരുന്നാൾ ദിനം, ഓഗസ്റ്റ്-13, ഞായർ. അൾത്താര ശുശ്രൂഷികളെയും ദേവാലയ ശുശ്രൂഷിയെയും ആദരിക്കുക.

**അൾത്താര ബാലസംഗമം-പയ്യമ്പള്ളി മേഖല**

പയ്യമ്പള്ളി മേഖലയുടെ നേതൃത്വത്തിൽ ആഗസ്ത് 12 ന് ദൈവവിളി പ്രോത്സാഹനാർത്ഥം അൾത്താരബാല സംഗമം നടത്ത പ്പെടുന്നു.

**മിഷൻപച്ചക്കറിതോട്ടം**

വിഷരഹിത പച്ചക്കറിവിഭവങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തപ്പെടുന്ന ജൈവപച്ചക്കറി തോട്ടനിർമ്മാണം മേഖലാ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനായി ശ്രദ്ധിക്കുമല്ലോ. ശാഖകളിലെ മികച്ച തോട്ടങ്ങളുടെ ലിസ്റ്റും ഫോട്ടോയും രൂപതാ ഓഫീസിൽ എത്തിക്കുക.

**SMART ക്യാമ്പ് രജിസ്ട്രേഷൻ**

സെപ്തംബറിൽ-മേഖലാ തലത്തിൽ 6,7,8 ക്ലാസ്സുകളിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന ഒരു ദിവസം താമസിച്ചുള്ള ക്യാമ്പിനുള്ള രജിസ്ട്രേഷൻ ശാഖാ തലത്തിൽ ചെയ്ത് മേഖലയിൽ അറിയിക്കുക. മേഖലാ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് റീജിയൺ തലത്തിൽ തുടർ പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

**മിഷൻ രൂപത -ഛാന്ദ (മേഖലകൾ-ദ്വാരക, കല്ലോടി)**

ആഗസ്ത് മാസത്തിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നത് ഛാന്ദ രൂപതക്ക് വേണ്ടിയാണ്. ദ്വാരക, കല്ലോടി മേഖലക്കാർ ശാഖ കളിൽ നിന്ന് മാനുവൽബുക്കിലെ സുകൃതങ്ങൾ ശേഖരിച്ച് ഛാന്ദ രൂപതക്ക് അയച്ചുകൊടുക്കുമല്ലോ. ശാഖകളിൽനിന്നും മിഷൻ രൂപതയിലേക്ക് സുകൃതങ്ങൾ അയച്ചുകൊടുത്താൽ നന്നായിരുന്നു.

**മേഖലാ വാർത്തകൾ**

**ബത്തേരി മേഖല**

സംസ്ഥാന പ്രസിഡണ്ട് ശ്രീ.ബിനു മാങ്കൂട്ടത്തിനെ ആദരിച്ചു. സപ്തതി ഉദ്ഘാടനവും, 70 വൃക്ഷ തൈ വിതരണവും നടത്തി. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ മേഖലയിലെ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

**ശാഖാ വാർത്തകൾ**

*ചുങ്കക്കുന്ന്:-* രോഗീ സഹായം 2000 രൂപ നൽകി. ഭക്ഷണ സഹായം 3628 രൂപ നൽകി. പരിസ്ഥിതി ദിനാചരണത്തിൽ സൺഡേസ്കൂൾ വിദ്യാർത്ഥികൾ ക്ലാസ്സ് അടിസ്ഥാനത്തിൽ വൃക്ഷ തൈകൾ നട്ടു. സാഹിത്യ മത്സര ഒരുക്കം നടത്തി. സാഹിത്യ സമാജ ഒരുക്കം നടത്തി.

*ശാന്തിഗിരി:-*എല്ലാ രോഗികളെയും സമർപ്പിച്ച് 5-ാം ക്ലാസ്സിന്റെ നേതൃത്വത്തിൽ ജപമാലനടത്തി. പരിസ്ഥിതി ദിനം ആചരിച്ചു, ലോഗോസ് പരിശീലനം നടത്തി, ഗാന പരിശീലനം നടത്തി.

കൊട്ടിയൂർ:- പ്രാർത്ഥനയോടെ പുതിയ അദ്ധ്യയന വർഷത്തിന് ആരംഭംകുറിച്ച് ശാഖാ ഭാരവാഹികളെ തിരഞ്ഞടുത്തു. മിഷൻലീഗിന്റെ നേതൃത്വത്തിൽ ഇടവകയിൽ നിന്നും അപേക്ഷ സീകരിച്ച് 50,000 രൂപ വിദ്യാഭ്യാസ സഹായം നൽകി. പ്രവേശനോത്സവത്തോടനുബന്ധിച്ച് പുതിയ കുട്ടികൾക്ക് വചനം നൽകി സ്വീകരിച്ചു. വർഷാരംഭം കുറിച്ച് കുഞ്ഞുമക്കളെ എഴുത്തിനിരുത്തുകയും അവർക്ക് മധുരം നൽകി

സ്വീകരിക്കുകയും ചെയ്തു. മിഷൻ വാഴ നട്ടു. ശാഖാ കൗൺസിൽകൂടി മാർഗ്ഗരേഖ തയ്യാറാക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്തു.

*അമ്പായത്തോട്:-* നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണ ങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു. ഭാരവാഹികളുടെ നേതൃത്വത്തിൽ സിമിത്തേരി വൃത്തിയാക്കി. ശാഖാ മാർഗ്ഗരേഖ തയ്യാറാക്കി.

*പയ്യമ്പള്ളി:-* രൂപതാ കൗൺസിൽ, മേഖല മാനേജിംഗ് കമ്മിറ്റി എന്നിവയിൽ ഭാരവാഹികൾ പങ്കെടുത്തു. ശാഖയിൽ നിന്നും മേഖല പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ജോമോൻ മണപ്പാട്ടിന് അഭിനന്ദനങ്ങൾ. എല്ലാ ഞായറാഴ്ചയും സൺഡേസ്റ്റാർ നടത്തപ്പെടുന്നു. 3-ാം ഞായറാഴ്ച വിശുദ്ധരെ പരിചയപ്പെടുത്തുന്നു. രോഗീ സഹായം നൽകി, വിദ്യാഭ്യാസ സഹായം നൽകി. വൃക്ഷ തൈ നട്ട് പ്രകൃതി സംക്ഷണത്തിന് മാതൃകയായി.

*തൃശ്ശിലേരി:-* പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം ദിവ്യകാരുണ്യ പ്രദിക്ഷണം നടത്തി - സി. പിയൂഷ എഫ്.സി.സി. നേതൃത്വം നൽകി. ഇടവകയുടെ ചരിത്രത്തെ കുറിച്ച് ക്വിസ്സ്പ്രോഗ്രാം നടത്തി -വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ബഹു.പോൾ ഇടയകൊണ്ടാട്ട് അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട ജൂൺ മാസം എല്ലാ ദിവസവും തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. യുവജനങ്ങൾക്കും അമ്മമാർക്കും സെമിനാർ നടത്തി. അൾത്താര ബാലസംഗമം നടത്തി.

*കമ്മന:-* ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. എല്ലാ സി.എം.എൽ കുട്ടികൾക്കും ബുക്കും, പേനയും വിതരണം ചെയ്തു. വായനാ ദിനത്തോടനുബന്ധിച്ച് കുട്ടികൾ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിച്ചു. ലൈബ്രറി ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സി.എം.എൽ അംഗങ്ങൾ അവരവരുടെ വീടും, പരിസരവും വൃത്തിയാക്കി, പള്ളിയും, പരിസരവും വൃത്തിയാക്കി. മിഷൻ വാഴയും, ഫലവൃക്ഷ തൈകളും നട്ടു, ശാഖയിൽ കാണിക്ക ഉദ്ഘാടനവും,കൂപ്പൺ വിതരണവും നടത്തി. പെരുവകയിൽ വരുന്ന ബിവറേജിനെതിരെ സി.എം.എൽ ശാഖാ ഡയറക്ടറിന്റെയും, പ്രസിഡണ്ടിന്റെയും നേതൃത്വത്തിൽ മുഴുവൻ അംഗങ്ങളും പെരുവകയിലേയ്ക്ക് പ്രതിഷേധ പ്രകടനം നടത്തി.

*മുതിരേരി:-* ബഹു. ഡയറക്ടർ അച്ചന്റെയും, അദ്ധ്യാപകരുടെയും നേതൃത്വത്തിൽ 12-ാം ക്ലാസ്സ് വിദ്യാർത്ഥികൾ പുതിയ അദ്ധ്യായന വർഷത്തിലെ കുരുന്നുകൾക്ക് വളരെ ഹാർദ്ദവമായ സ്വാഗതം ആശംസിച്ചു. അദ്ധ്യാപകരും മിഷൻലീഗ് അംഗങ്ങളും ചേർന്ന് ദേവാലയ ശുശ്രൂഷിയായ ജോസുചേട്ടന് 25-ാം വിവാഹ വാർഷികത്തിന്റെ ആശംസകൾ നേർന്നുകൊണ്ട് പൂച്ചെണ്ടു നൽകി. ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സി.എം.എൽ. പ്രസിഡണ്ട് പുതിയ അംഗങ്ങൾക്ക് പ്രാർത്ഥനാ പുസ്തകം നൽകി. തിരുഹൃദയ പ്രതിഷ്ഠയും, തിരുഹൃദയ ജപമാലയും, ആരാധനയും നടത്തി തിരുഹൃദയ തിരുനാൾ ആഘോഷിച്ചു.

*ഏലപ്പീടിക:-* പ്രവേശനോത്സവം നടത്തി. ഭാരവാഹികളെ തിരഞ്ഞെടുത്തു -ഗ്രൂപ്പു തിരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ, പന്തക്കുസ്തതിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ആഘോഷിച്ചു. 10-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു കിട്ടിയ അഭിജിത്തിനെ ആദരിച്ചു. ജപമാല സൈന്യ പ്രാർത്ഥന നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. ഇടവകയിലെ ക്യാൻസർ രോഗിയായ തോമസിന് 7000 രൂപ നൽകി.

*യവനാർകുളം:-* പ്രാർത്ഥനാ ദിനവും അർദ്ധദിന സെമിനാറും നടത്തി. പുതിയ ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ശാഖാ മാർഗ്ഗരേഖ തയ്യാറാക്കി. ഗ്രൂപ്പ്, ഹൗസ് എന്നിവ തിരിച്ചു.

*പാറത്തോട്ടം:-* കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു ലീഡേഴ്സിനെ തിരഞ്ഞെടുത്തു. പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. എല്ലാ ഞായറാഴ്ചയും ഓരോ കുട്ടി വീതം ഓരോ വിശുദ്ധരുടെ ജീവചരിത്രം അവതരിപ്പിച്ചു. എല്ലാ ശനിയാഴ്ചയും ദിവ്യബലിക്കു മുൻപ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കൊന്തചൊല്ലുന്നു. പ്രസംഗ മത്സരം നടത്തുന്നു. വി. അന്തോനിസിന്റെ നാമധാരികളായ കുട്ടികൾക്ക് ആശംസകൾ നേർന്നു. രോഗിസന്ദർശനം നടത്തി. 6-കുട്ടികൾക്ക് ബുക്ക്, ബാഗ്, കുട എന്നിവ നൽകി സഹായിച്ചു. മിഷൻ ഗ്രാമത്തിലേയ്ക്ക് കത്ത് എഴുതി.

*ആലാറ്റിൽ:-* സെമിനാർ നടത്തി. ദിവ്യകാരുണ്യ ആരാധന നടത്തി. മിഷൻ വാഴ നട്ടു.

*കുഞ്ഞോം:-* 3 ദിവസത്തെ ധ്യാനം നടത്തി. അൾത്താര സംഘത്തി ന്റെയും, ആദ്യകുർബാന സ്വീകരിച്ചവരുടെയും സംഗമം നടത്തി. സാഹിത്യ ശിൽപശാല നടത്തി. ഇടവകമദ്ധ്യസ്ഥനായ വി.അന്തോനീസിന്റെ തിരുനാൾ ആഘോഷിച്ചു.

*പുതുശ്ശേരി:-*വാഴവിത്ത് നട്ടുകൊണ്ട് യൂണിറ്റ് ഡയറക്ടർ പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. ശാഖാ ഇലക്ഷൻ നടത്തി. 10,11,12 ക്ലാസ്സു കളിലെ കുട്ടികൾക്ക് നോട്ടു ബുക്ക് വിതരണം ചയ്തു. 25-ാം തിയ്യതി സി. എം. എൽ. അംഗങ്ങൾ ജപമാലചൊല്ലി ദാരിദ്ര്യദു:ഖമനുഭവി ക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചു. 1-ാം തിയ്യതി പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന കുട്ടികൾക്കായി ദിവ്യ ബലിയർപ്പിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു.

*പുതിയിടംകുന്ന്:-* രൂപത, മേഖല മീറ്റിംഗിൽ ശാഖാ ഭാരവാഹികൾ പങ്കെടുത്തു. മിഷൻ വാഴ നട്ടു. മിഷനുവേണ്ടി ജപമാല ചൊല്ലി പ്രാത്ഥിച്ചു. ഈശോയുടെ തിരുഹൃദയ തിരുനാൾ, പന്തക്കുസ്താ തിരുനാൾ എന്നിവ ആഘോഷിച്ചു.

*മൊതക്കര:-* പരിസ്ഥിതി ദിനം പ്രമാണിച്ച് മിഷൻലീഗ് ഭാരവാഹികളും, മറ്റുകുട്ടികളും ചേർന്ന് ഇഞ്ചിയും പച്ചക്കറിയും നട്ടു. കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി ബിബ്ലിക്കൽ ഫിലിം കാണിച്ചു.

*ചെന്നലോട്:-* അൾത്താരസംഘ മീറ്റിംഗ് നടത്തി. ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു. മദ്യാസക്തർക്കായി എല്ലാ ഞായറാഴ്ചയും ജപമാലയർപ്പിച്ചു

പ്രാർത്ഥിക്കുന്നു. മിഷൻ വാഴ നട്ടു. പാപികളുടെ മാനസാന്തരത്തിനുവേണ്ടി എല്ലാ ദിവസവും കരുണയുടെ ജപമാലയർപ്പിച്ചു.

*കാവുമന്ദം:-* ഇടവകയിലെ എല്ലാ അംഗങ്ങൾക്കും മിഷൻലീഗിന്റെ നേതൃത്വത്തിൽ ക്രൈസ്തവ സഭയിൽ മാധ്യമങ്ങളുടെ കടന്നുകയറ്റം- എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി. തിരുഹൃദയ ജപമാല ചൊല്ലി. സി. ലിന്റയുടെ നേതൃത്വത്തിൽ പാട്ട് പ്രാക്ടീസ് നടത്തി. ശാഖ ഡയറക്ടർ റവ. ഫാ. മാർട്ടിൻ പുതുശ്ശേരി സപ്തതി വർഷ ഉദ്ഘാടനം നിർവ്വഹിച്ചു. ലഹരി വിരുദ്ധ ക്ലബിന്റെ ഉദ്ഘാടനത്തിൽ അദ്ധ്യാപക പ്രതിനിധി പങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തിൽ കുട്ടികൾ കുരിശിന്റെ വഴി നടത്തി.

*കോട്ടത്തറ:-* മാതാവിന്റെ ഗ്രോട്ടോയും പരിസരവും വൃത്തിയാക്കി പൂച്ചെടികൾ നട്ടു പിടിപ്പിച്ചു. ദിവ്യകാരുണ്യസന്നിധിയിൽ ആരാധന നടത്തി അദ്ധ്യയന വർഷം അനുഗ്രഹ പ്രദമാകാൻ പ്രാർത്ഥിച്ചു. സി. എം. എൽ. അംഗങ്ങൾ ബുക്ക്, പേന, ബോക്സ്, പെൻസിൽ എന്നീ പഠനോ പകരണങ്ങൾ കാഴ്ച സമർപ്പിച്ചു. നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

*മഞ്ഞൂറ:-* പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു. പ്രവേശനോത്സവം, ആരാധന നടത്തി. ക്യാൻസർ രോഗിക്ക് സഹായം നൽകി. ഭവന സന്ദർശനം, രോഗീസന്ദർശനം ഇവ നടത്തി. പരിസ്ഥതി ദിനം പ്രമാണിച്ച് വൃക്ഷതൈകൾ നട്ടു. മിഷൻ വാഴ നട്ടു.

*പുതുശ്ശേരിക്കടവ് :-* ഭവന സന്ദർശനം നടത്തി.

*പന്തിപൊയിൽ:-* ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജപമാല സൈന്യത്തിന്റെ മീറ്റിംഗ് നടത്തുകയും ജപമാലചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. പള്ളിയും, പരിസരവും വൃത്തിയാക്കി. 10 കുട്ടികൾ കടുകുമണിപുസ്തക വരിക്കാരായി. വായനാദിനത്തോട നുബന്ധിച്ച് മിഷൻലീഗ് അംഗങ്ങളെല്ലാവരും ഉപന്യാസം, കഥ, കവിത, എഴുതി. ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ശ്രീ.ഷാജി പാലനിൽക്കുംകാലായിൽ ക്ലാസ്സ് എടുത്തു. ക്യാൻസർ രോഗി സഹായമായി 2000 രൂപ നൽകി.

*ചാരിറ്റി:-* തരിയോട് നിർമ്മല ഹൈസ്കൂൾ എച്ച്.എം ആയി നിയമിക്കപ്പെട്ട ഗ്ലാഡീസ് ടീച്ചർക്ക് സ്നേഹോപഹാരം നൽകി ആദരിച്ചു. മോറിയ ധ്യാന സെന്ററിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ട ബഹു. ജോയി ചേറാടിയച്ചന് യാത്രാ മംഗളങ്ങൾ നേർന്ന് സ്നേഹോപഹാരം നൽകി. പുതിയ വികാരിയായി ചാർജ്ജെടുത്ത ബഹു.ടോണി താന്നിക്കലച്ചനെ സ്വാഗതം ചെയ്തു. ടോണിയച്ചന്റെ നാമഹേതുക തിരുനാൾ (വി.ആന്റണി) ആഘോഷിച്ചു. സെന്റ് ക്ലാരറ്റ് സ്കൂൾ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ട റവ. ഫാ.ബിജു എളംമ്പാശ്ശേരി, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. വിനു കാട്ടുപറമ്പിൽ എന്നിവരെ സ്വാഗതം ചെയ്തു. മേഖലയിലെ പ്രവർത്തനങ്ങൾക്ക് രണ്ടാം സ്ഥാനം ലഭിച്ചു. സെന്റ്തോമസ്ഡേയിൽ സ്കിറ്റ് അവതരണത്തിന് രണ്ടാം സ്ഥാനം ലഭിച്ചു. വസ്ത്രങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു.

*ചൂരൽമല:-* (വി.ആന്റണിയുടെ ജീവചരിത്രം) വായന ദിനമായി ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. പൂന്തോട്ടം ഉണ്ടാക്കി. ഈശോയുടെ തിരുഹൃദയത്തിന്റെ സി. ഡി. കാണിച്ചു. ലോഗോസ് ഒരുക്കം നടത്തി.

*നെടുമ്പാല:-* പഠനോപകരണങ്ങൾ കാഴ്ചയായി സമർപ്പിച്ചു. അത് ഇടവകയിലെ പാവപ്പെട്ട കുട്ടികൾക്ക് നൽകി. പരിസ്ഥിതി ദിനാചരണത്തിൽ മിഷൻ വാഴ, വൃക്ഷ തൈകൾ എന്നിവനട്ടു. നമുക്കൊരു വൈദികവിദ്യാർത്ഥി സഹായമായി 1000 രൂപ രൂപതയിൽ കൊടുത്തു.

*ഒലുവുമല:-* പ്രവർത്തന വർഷത്തിന് ആരംഭം കുറിച്ചു. ജപമാല സൈന്യത്തിന്റെ നേതൃത്വത്തിൽ വൈകുന്നേരം ജപമാലചൊല്ലി പ്രാർത്ഥിച്ചു. മേഖല മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുത്തു.

*വാഴവറ്റ:-* പന്തക്കുസ്താതിരുനാൾ ദിനത്തിൻ കുട്ടികളെ എഴുത്തിനിരുത്തി. പ്രവേശനോത്സവം നടത്തി, മിഷൻ വാഴ നട്ടു, ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തു. രൂപതാ കൗൺസിലിൽ 15 അംഗങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ.ജോജോ ചങ്ങനാംതുണ്ട ത്തിൽ ശാഖ സന്ദർശനം നടത്തി ശാഖയെ അഭിനന്ദിക്കുകയും പ്രോത്സാഹനങ്ങൾ നൽകികൊണ്ട് നല്ല നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

*വൈത്തിരി:-* മേഖല ക്യാമ്പിൽ പങ്കെടുത്തു.തിരുഹൃദയ തിരുനാളി നോടനുബന്ധിച്ച് പ്രാർത്ഥന നടത്തി. ഇടവകയിലെ വിധവകളെ ആദരിച്ചു.

*ബത്തേരി:-*സപ്തതി ഉദ്ഘാടനത്തിൽ 70 വയസ്സുകാരെ ആദരിച്ചു. പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈ നട്ടു.

*ചിത്രഗിരി:-* ശാഖ പ്രവർത്തന മാർഗ്ഗരേഖ-വിളക്ക്-പ്രകാശനം നടത്തി.

*ചുള്ളിയോട്:-* മദ്യ വിരുദ്ധ ക്ലബ് രൂപീകരിച്ചു. സി. എം. എൽ അംഗങ്ങൾ ഇടവകയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*വടക്കനാട്:-*ഞായറാഴ്ചകളിൽ -സൺഡേ സ്റ്റാറിനെ - തിരഞ്ഞെടുക്കു കയും 5 ചോദ്യങ്ങൾ ചോദിക്കുകയും ശരി ഉത്തരം പറയുന്നവർക്ക് സമ്മാനം നൽകുകയും ചെയ്യുന്നു.

*ചുണ്ടക്കര:-* വചന പ്രതിഷ്ഠ നടത്തി. മരണവീട് സന്ദർശിച്ചു.

*കല്ലുവയൽ:-* മരതൈകൾ വിതരണം ചെയ്തു. മരതൈ നട്ടുകൊണ്ട് ഡയറക്ടറച്ചൻ പ്രവർത്തന വർഷ ഉദ്ഘാനം ചെയ്തു. മിഷൻ വാഴ നട്ടു. പൂന്തോട്ടം വൃത്തിയാക്കി. പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണ ങ്ങൾ വിതരണം ചെയ്തു.

*പറളിക്കുന്ന്:-* മാധ്യമ ദിനത്തോടും പരിസ്ഥിതി ദിനത്തോടുമനുബന്ധിച്ച് പരിസ്ഥിതി, കരുണ എന്നീ വിഷയത്തെ ആസ്പദമാക്കി ടെലിഫിലിം കാണിച്ചു. ജൂൺ 18 പിതൃദിനത്തോടനുബന്ധിച്ച് ശാഖയിലെ പിതാക്കൻ മാർക്കുവേണ്ടി വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, നിലവിളക്ക് തെളിക്കുകയും, ആശംസകാർഡും, മധുരവും കൊടുത്ത് ആ ദിവസം മനോഹരമാക്കി. ശാഖയിൽ വച്ച് മേഖല പ്രവർത്തന വർഷ ഉദ്ഘാടനം, മഴക്കുഴി നിർമ്മാണം, വാഴ തൈ നടൽ, പൊതുസമ്മേളനം എന്നിവ നടത്തി.

*കുറുമ്പാലക്കോട്ട:-* ശാഖ ഭാരവാഹികളെ തിരഞ്ഞെടുത്തു. ശാഖ

അംഗങ്ങളെ 4 ഹൗസുകളായി തിരിച്ചു. വായനാ ദിനത്തോടനുബന്ധിച്ച് വിശുദ്ധരുടെ ചരിത്രം വായന മത്സരമായി സംഘടിപ്പിച്ചു.

*അമരക്കുനി:-* ഗ്രൂപ്പ് തിരിക്കൽ, എക്സിക്യൂട്ടീവ്, തൊപ്പിനിർമ്മാണം, മഴക്കുഴി നിർമ്മാണത്തിൽ 10 കുട്ടികൾ ഇരുളം ശാഖയിൽ പങ്കെടുത്തു. ലഹരി വിരുദ്ധ ബോർഡുകൾ നിർമ്മിച്ചു. എല്ലാ ഞായറാഴ്ചയും സൺഡേ സ്റ്റാറിനെ തിരഞ്ഞെടുക്കുന്നു. ജന്മദിനാശംസകൾ നേരുന്നു.

*ഇരുളം:-* ഇരുളം ശാഖയിൽ വച്ചു നടന്ന മഴക്കുഴി നിർമ്മാണത്തിൽ രൂപത, മേഖല ടീം അംഗങ്ങൾ പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധന നടത്തി. പന്തക്കുസ്താ തിരുനാളിൽ പ്രവർത്തന വർഷ ഉദ്ഘാടനവും എഴുത്തിനിരുത്തും, പഠനോപകരണ വെഞ്ചിരിപ്പും നടത്തി. സഭാവാർത്തയും, സൺഡേസ്റ്റാർ തിരഞ്ഞെടുപ്പും നടത്തി. രോഗീസന്ദർശനം, ആശുപത്രി സന്ദർശനം എന്നിവ നടത്തി.

*പുൽപ്പള്ളി:-* കുട്ടികളിൽ നിന്നും പഠനോപകരണങ്ങൾ ശേഖരിച്ച് ശശിമല, അതിരാറ്റുകുന്ന് സ്കൂളുകളിലെ കുട്ടികൾക്ക് നൽകി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി.

*കയ്യൂന്നി:-* അർദ്ധ സെമിനാർ നടത്തി. സീനിയർ അംഗങ്ങളുടെ കൂട്ടായ്മ നടത്തി. പ്രവർത്തന വർഷ ഉദ്ഘാടനവും പ്രവേശനോത്സവവും നടത്തി.

*കൽപ്പ:-* സഹചരണം എന്ന പരിപാടിയുടെ ഭാഗമായി സി. എം. എൽ അംഗങ്ങൾ കാഴ്ച സമർപ്പണം നടത്തി കിട്ടിയ സാധനങ്ങൾ മാനന്തവാടി രൂപതയിലെ ഓർഫണേജിലെ കുട്ടികളെ സഹായിക്കുന്ന തിനായി ബിഷപ്സ്ഹൗസിൽ ഏൽപിച്ചു. മിഷൻ വാഴ നട്ടു. ദിവ്യകാരുണ്യ തിരുനാളിൽ ജാഗരണ പ്രാർത്ഥന നടത്തി. തിരുഹൃദയതിരുനാൾ ആഘോഷത്തിന്റെ ഭാഗമായി ഇടവകയിൽ സേവനം ചെയ്യുന്ന തിരുഹൃദയ സിസ്റ്റേഴ്സിനെ സമർപ്പിച്ച് പ്രത്യേക ആരാധന നടത്തി. ശാഖയിൽനിന്നും പഠനസഹായമായി 3200 രൂപ നൽകി.

*പനംചിറ:-* ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പള്ളിപരിസരത്ത് മാവിൻ തൈ നട്ടു, പൂന്തോട്ടവും പച്ചക്കറിതോട്ടവും നിർമ്മിച്ചു. ശാഖാ പ്രവർത്തന വർഷത്തിന് ആരംഭം കുറിച്ചുകൊണ്ട് ഭാരവാഹികളും, ഗ്രൂപ്പ് ലീഡേഴ്സും പഠനോപകരണങ്ങൾ കാഴ്ച സമർപ്പണം നടത്തി. 11-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് പഠനോപകരണങ്ങൾ സഹായമായി നൽകി. വാർഡു തലത്തിൽ ബൈബിൾ ക്വിസ്സ് മത്സരം നടത്തി 1 ഉം, 2 ഉം സ്ഥാനങ്ങൾ ലഭിച്ചവർക്ക് സമ്മാനങ്ങൾ നൽകി. തിരുഹൃദയ തിരുനാൾ ദിനം എസ്.എച്ച് സിസ്റ്റേഴ്സിന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

*മണിമൂളി:-* പുതിയ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ ശാഖാ കൗൺസിൽ കൂടുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 10, പ്ലസ്ടു ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ഇടവകയിലെ വിദ്യാർത്ഥികളെ ആദരിച്ചു ബഹു.ഡയറക്ടർ. റവ.ഫാ.ചാക്കോ മേപ്പുറത്ത്, റവ.ഫാ. പ്രകാശ് വെട്ടിക്കൽ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു.

കുട്ടികളിൽ നിന്നും ശേഖരിച്ച വസ്ത്രങ്ങൾ സോപ്പ്, തുടങ്ങിയ നിത്യോപയോക സാധനങ്ങളുമായി സി.എം.എൽ അംഗങ്ങൾ ചോക്കാട് ശാന്തിഭവൻ സന്ദർശിച്ച് അവർക്ക് നൽകി-അവരോടൊത്ത് ഒരുദിനം ചിലവഴിക്കുകയും ചെയ്തു. കാണിക്ക പിരിവ് ഏറ്റവും കൂടുതൽ സ്വരൂപിച്ച ക്ലാസ്സിന് സമ്മാനം നൽകി. പ്രവർത്തന വർഷ ഉദ്ഘാടനം, കാണിക്ക ഉദ്ഘാടനം എന്നിവ നടത്തി. വായനാ ദിനത്തോടനുബന്ധിച്ച് 5,6,7 ക്ലാസ്സിലെ കുട്ടികൾക്കായി വായനാ മത്സരം നടത്തി. രോഗിസന്ദർശനം നടത്തി.

*നരിവാലമുണ്ട:-* അദ്ധ്യായന വർഷാരംഭത്തിൽ കുട്ടികൾ നോട്ട്ബുക്ക്, പേന, പെൻസിൽ എന്നിവ കാഴ്ചസമർപ്പണം നടത്തി അവ പാവപ്പെട്ട 10 കുട്ടികൾക്ക് വിതരണം ചെയ്തു. 4-ാം ക്ലാസ്സിൽ രൂപതയിൽ സ്കോളർഷിപ്പ് നേടിയ അഷിത മേക്കാട്ടിനെ അനുമോദിച്ചു. പരിസ്ഥിതി ദിനത്തോട നുബന്ധിച്ച് പള്ളിപരിസരത്ത് മരങ്ങൾ നട്ടു. ലഹരി വിരുദ്ധ റാലി നടത്തി. ഇന്നത്തെ കാലഘട്ടത്തിലെ വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തി.

*താളിപ്പാടം:-* ബഹു.ഡയറക്ടർ റവ. ഫാ.മാത്യു കറുത്തേടം അദ്ധ്യയന വർഷാരംഭത്തിൽ കുട്ടികൾക്കായി വി. ബലിയർപ്പിക്കുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും, പഠനോപകരണങ്ങൾ വെഞ്ചരിച്ച് നൽകുകയും ചെയ്തു. പരിസ്ഥിതി ദിനമാചരിച്ച് വൃക്ഷ തൈകൾ നട്ടു. മിഷൻ വാഴനട്ടു, രൂപത-മേഖലാതല മീറ്റിംഗുകളിൽ പങ്കെടുത്തു. മിഷൻഗ്രാമത്തിനുവേണ്ടി സുകൃതജപം ചൊല്ലി പ്രാർത്ഥിച്ചു. മിഷൻസ്റ്റാർ നടത്തി, സെന്റ് തോമസ് ഡേ ആഘോഷിച്ചു, പള്ളിപരിസരം വൃത്തിയാക്കി.

*<u>ഇടിവണ്ണ</u>:-* റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ മിഷൻ വാഴ നട്ടു. മിഷൻലീഗ് അംഗങ്ങളെല്ലാവരും അവരവരുടെ വീടുകളിൽ മിഷൻ ഗ്രാമത്തെ സഹായിക്കാനായി വാഴ നട്ടു.

*പൂളപ്പാടം:-* പ്രവേശനോത്സവം, സമർപ്പണം-നവാഗതർ, എഴുത്തി നിരുത്ത്, പ്രവർത്തന വർഷോദ്ഘാടനം, വൃക്ഷ തൈ നടീൽ, വിദ്യാർത്ഥികൾ ക്കുവേണ്ടി പ്രാർത്ഥന, അർദ്ധദിനസെമിനാർ അനുരഞ്ജനത്തിന്റെ വഴിയെ എന്നിവ നടത്തി. എല്ലാ ഞായറാഴ്ചയും കാഴ്ചസമർപ്പണം, വചനദീപം, വിശുദ്ധരെ പരിചയപ്പെടുത്തൽ, സൺഡേസ്റ്റാർ തിരഞ്ഞെടുപ്പ്, ഗ്രൂപ്പ്-ഹൗസ് മീറ്റിംഗ്, ലോഗോസ് പരിശീലനം, ബൈബിൾ വിതരണം എന്നിവ നടത്തുന്നു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞകൊടിയുടെ കീഴിൽ അണിനിരക്കാം പ്രവർത്തനവിജയാശംസകൾ നേർന്നുകൊണ്ട്

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

## LIFE-Training 2017

LIFE-Training Regular 2017 Batch വിദ്യാർത്ഥികളുടെ ക്ലാസ്സ് ജൂൺ 23 വെള്ളി വൈകുന്നേരം 6 മണിമുതൽ 24-ാം തീയതി വൈകുന്നേരം 3 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 23-ാം തീയതി വൈകുന്നേരം പ്രാർത്ഥനയോടെ ക്ലാസ്സ് ആരംഭിച്ചു. തുടർന്ന് ശനിയാഴ്ച്ച ഷെയറിംഗിലൂടെയും ഗ്രൂപ്പ് ചർച്ചകളിലൂടെയും വിദ്യർത്ഥികളുടെ ജീവിതശൈലി വിലയിരുത്തുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. സെബാസ്റ്റ്യൻ സാർ കുട്ടികൾക്ക് ഇംഗ്ലീഷ് ക്ലാസ്സ് എടുത്തു. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി.സി.എം.സി, സി. ലിൻസി. എസ്.സി.വി, കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. 24-ാം തീയതി വൈകുന്നേരം 3 മണിക്ക് ക്ലാസ്സ് അവസാനിച്ചു.

## LIFE-Training 2016-'17 Batch

2017 ജൂലൈ 7-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് LIFE-Training 2016-2017 ബാച്ചുകളിലെ 57 വിദ്യാർത്ഥികൾ Dwaraka Pastoral Centre ൽ ഒന്നിച്ചുചേരുകയും ഫാ. ലാൽ പൈനുങ്കലിന്റെ നേതൃത്വത്തിൽ 6.30 ന് ദിവ്യകാരുണ്യ ആരാധനയോടെ കർമ്മപരിപാടികൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. സി.നോയൽ എസ്.എ. ബി.എസ്. വിദ്യാർത്ഥികളെ കുമ്പസാരത്തിന് ഒരുക്കി. ഒരു മണിക്കൂർ നീണ്ട ആരാധനക്ക് ജോൺ സോനുവും, അബിറ്റായും നേതൃത്വം നൽകി. തുടർന്ന് ജൂലൈ മാസത്തിൽ പിറന്നാൾ ആഘോഷിക്കുന്ന 13 വിദ്യാർത്ഥികൾക്ക് ആശംസകളറിയിച്ചു.

## Parents Meet

2017, ജൂലൈ-8 ശനിയാഴ്ച്ച രാവിലെ 10 മണിക്ക് 2017 ബാച്ചിലെ 36 വിദ്യാർത്ഥികളുടെ പാരൻസ് മീറ്റ് നടന്നു. സി. ആൻസി സി. എം.സി. എല്ലാവരേയും സ്വാഗതം ചെയ്തു. ലാലച്ചൻ കുട്ടികളുടെ ജീവിതരീതി വിലയിരുത്തി സംസാരിക്കുകയും, അതിനുശേഷം മൂന്ന് കമ്മിറ്റികൾ രൂപികരിക്കുകയും ചെയ്തു. Food&Accomodation - ജിൽസ പാറക്കൽ, പയസ് ഇറമ്പിൽ, ബേബി പുളിക്കാക്കുഴി ഷിബു, ജിൽസ, ഷാജി, ബിന്ദു, ജെറി, അലൻ ജോസ് എന്നിവരും Finacial - സിവി ഊരോത്ത്,

മാർട്ടിൻ തുമ്പശ്ശേരി, ജോർജ്ജ് റാത്തപ്പിള്ളി, ബെന്നി പുത്തൻ പുരയിലും, Accadamic Level - ജെയിംസ് പൂവൻ, സുജ, സ്മിത ഇരട്ടമുണ്ടക്കൽ, സജീവൻ പുത്തൻപുരയിൽ, ആൽഫി ഉറവചാലിൽ, ഗ്ലാഡ്സ, സണ്ണി, പ്രിയ, അനില ജോസ് സന്തോഷ് റെജി എന്നിവരും, അടങ്ങുന്ന കമ്മിറ്റികൾ രൂപികരിച്ചു. മാതാപിതാക്കളെല്ലാവരും ഈ മീറ്റിംഗിനെ അങ്ങേയറ്റം വിലമതിച്ചു.

## Admission Ceremony

2017 ജൂലൈ 8-ാം തീയതി രാവിലെ 11 മണിക്ക് 2017 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ Admission Ceremony Dwaraka Pastoral Centre ൽ വെച്ച് നടന്നു. പ്രോഗ്രാമിന്റെ M. C.യായി- ജോയേൽ പി. ജോൺ, റിച്ചാർട്, ജാനിയ, മേദ എന്നിവർ നേതൃത്വം നല്കി. ആൻമരിയ, ആഷ്‌ലിൻ, എമിൽ, ഇവരുടെ പ്രാത്ഥനയോടെ പരിപാടികൾ ആരംഭിച്ചു. LIFE-Training Co-odinator Sr. Ancy Thomas CMC എല്ലാവരേയും സ്വാഗതം ചെയ്തു. തുടർന്ന് 17 ബാച്ചിലെ 36 വിദ്യാർത്ഥികൾ, LIFE-Training ൽ തങ്ങൾ വന്നതിനുശേഷമുള്ള ജിവിത മാറ്റങ്ങളെക്കുറിച്ചും ഉന്നമനങ്ങളെക്കുറിച്ചും LIFE-Style സ്വന്തമാക്കിയതിനെക്കുറിച്ചും സമൂഹത്തോട് പങ്കുവെച്ചു. Youth Ministry Director ഫാ. ലാൽ പൈനുങ്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. വളർന്നുവരുന്ന യുവതലമുറക്ക് ജീവന്റെ പ്രകാശമായി തീരേണ്ട മാനന്തവാടി രൂപതയുടെ പദ്ധതിയാണ് ലൈഫ് ട്രയിനിംഗ്. സാമൂഹികവും സാമ്പത്തികവുമായ സുരക്ഷക്കുവേണ്ടി ബുദ്ധിപൂർവ്വം കാര്യങ്ങളെ അറിയുവാനുള്ള പരിശ്രമത്തിലൂടെ, ദൈവത്തേയും, ലോകത്തേയും, മനുഷ്യനേയും അറിഞ്ഞ് ഈ അറിവിൽ വ്യക്തിത്വങ്ങളിൽ മാറ്റംവന്ന് ദൈവത്തിന്റെ സ്വപ്നത്തിനനുസരിച്ച് അനന്തവിഹായുസിലേക്ക് ചിറകടിച്ച് പറന്നുയരുവാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് ട്രയിനിംഗ് ആരംഭിച്ചിരിക്കുന്നതെന്ന് ലാലച്ചൻ ഓർമ്മപ്പെടുത്തി.

Admission Ceremony യുടെ ഉദ്ഘാടന കർമ്മവും LIFE-Training ലേക്കുള്ള സ്വികരണവും, തിരിതെളിച്ച് നിർവഹിച്ചത് മാനന്തവാടി രൂപതയുടെ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ആണ്. 'നിങ്ങൾ ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമാണെന്ന്' വിദ്യാത്ഥികളെ ഓർമ്മപ്പെടുത്തുകയും ജീവിക്കുന്ന സാഹചര്യത്തിൽ മറ്റുള്ളവർക്ക് നിങ്ങളുടെ ജീവിതം രുചികരമാക്കണമെന്നും

അനുദിനകർമ്മത്തിലൂടെ അന്ധകാരത്തിൽ കഴിയുന്നവരെ പ്രകാശത്തിലേക്ക് കൈപിടിച്ചുയർത്തുവാൻ നിങ്ങളുടെ ജീവിതത്തിന് പ്രാർത്ഥനയിലൂടെ കരുത്താർജ്ജിക്കണമെന്നും അനുസ്മരിപ്പിച്ചു. മാനന്തവാടി രൂപതാ ഇടവകാ വൈദികരുടെ പ്രതിനിധിയായി മാനന്തവാടി രൂപത പി.ആർ.ഒ. ഫാ. ജോസ് കൊച്ചറക്കൽ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞുവിടേണ്ടത് വികാരി അച്ചൻമ്മാരാണെും ലൈഫ് ട്രെയിനിംഗിലൂടെ കൂടുതൽ കരുത്താർജ്ജിച്ച് സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും അഭിമാനിക്കാവുന്ന വ്യക്തിത്വങ്ങളായി രൂപപ്പെട്ടുവരുന്നത് മാനന്തവാടി രൂപത സ്വപ്നം കാണുകയാണെന്ന് കുട്ടികളോട് പറഞ്ഞു. തുടർന്ന് ജനറാൾ അച്ചൻ ജപമാലയും ബൈബിളും നൽകി 36 വിദ്യാർത്ഥികളെ LIFE-Training ലേക്ക് സ്വികരിച്ചു. തുടർന്ന് ലാലച്ചൻ ചൊല്ലികൊടുത്ത പ്രതിജ്ഞ ദീപം കൈകളിലേന്തി കുട്ടികൾ ഏറ്റുചൊല്ലി. DYM Team member ആയ ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ വിദ്യാർത്ഥികൾക്കും കുടുംബാംഗങ്ങൾക്കും ആശംസകളേകി. 2016–2017 ബാച്ചിലെ പെൺകുട്ടികൾ നടത്തിയ നൃത്തപരിപാടികളും ജോൺ സോനുവിന്റെ പാട്ടും പരിപാടികൾക്ക് മാറ്റു കൂട്ടി. 2017–2018 അദ്ധ്യാന വർഷത്തെ കലണ്ടർ ഫാ. ജോസ് കൊച്ചറക്കൽ രക്ഷാകർതൃ പ്രതിനിധിയായ ശ്രീ. സന്തോഷ് വടക്കേക്കരയ്ക്കു നൽകി പ്രകാശനം ചെയ്തു. സി ലിൻസി എസ്.സി.വി. എല്ലാവർക്കും കൃതജഞത അർപ്പിച്ചു. പ്രർത്ഥന യിലൂടെയും, അദ്ധ്വാനത്തിലൂടെയും കരങ്ങൾകോർത്ത എല്ലാ സഹപ്രവർത്തകരേയും നന്ദിയോടെ സ്മരിക്കുന്നു. ഉച്ചഭക്ഷണത്തോടെ പ്രോഗ്രാം അവസാനിച്ചു.

**നന്ദിയുടെ ഒരായിരം ഓർമ്മകളോടെ**

DYMന്റെ ആദ്യത്തെ വോളണ്ടിയർ ആയിരുന്ന കുമാരി ലിൻഷ മരിയ ഷാന്റി ചേനപ്പാടി നടവയൽ തന്റെ ഒരു വർഷത്തെ സ്തുത്യർ ഹമായ സേവനം മാനന്തവാടി രൂപതയിലെ വിദ്യാത്ഥികൾക്കും യുവജനങ്ങൾക്കും നൽകിയശേഷം തന്റെ അദ്ധ്യാപന ജീവിതത്തി ലേക്ക് യാത്ര തിരിക്കുമ്പോൾ അഭിന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. മാനന്തവാടി രൂപത വികാരി ജനറാൾ ഫാ.അബ്രാഹം നെല്ലിക്കൽ ലിൻഷയുടെ നിസ്വാർത്ഥമായ സേവനത്തെ അങ്ങേയറ്റം വിലമതിക്കുകയും യുവജനങ്ങൾക്ക് മുഴുവൻ മാതൃകയാണെന്നും പറഞ്ഞു. ലിൻഷയുടെ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ Memento

നല്കി ആദരിക്കുകയും, മാതാപിതാക്കളുടെ ത്യാഗത്തിന് മാനന്തവാടി രൂപതയുടെ നന്ദി അർപ്പിക്കുകയും ചെയ്തു. കുമാരി ലിൻഷയുടെ ഈ സേവനം യുവജനങ്ങൾക്ക് ഒരു വെല്ലുവിളിയാണെന്ന് ഫാ. ജോസ് കൊച്ചറക്കൽ തന്റെ പ്രഭാഷണമദ്ധ്യേ പറഞ്ഞു. ലാലച്ചൻ തന്റെ അദ്ധ്യക്ഷ പ്രസംഗമദ്ധ്യേ കുമാരി ലിൻഷ വിദ്യാർത്ഥികൾക്ക് അമ്മയായും സഹോദരിയായും മാതൃകയായും തന്റെ ഒരു വർഷത്തെ സേവനം കാഴ്ച്ച വെച്ചതിനെ അനുസ്മരിച്ചു. മാതാപിതാക്കളുടെ പ്രതിനിധികളായി ശ്രീ ജേക്കബ് ചെമ്പകശ്ശേരിയും ശ്രീമതി ലീനാ മുണ്ടക്കലും കുമാരി ലിൻഷയുടെ സ്തുത്യർഹമായ സേവനത്തിന് അനുമോദനങ്ങളർപ്പിച്ചു. DYM LTR-2016 ലെ 21 കുട്ടികൾ ലിൻഷ ടീച്ചർ അവർക്കാരായിരുന്നുവെന്ന് തങ്ങളുടെ മനസ്സിൽ നിന്നുയരുന്ന അനുഭവങ്ങൾ പങ്കുവെച്ചു. കുമാരി ലിൻഷക്ക് Youth Ministry കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

റെഗുലർ 2016-2017 ബാച്ചുകളുടെ അടുത്ത ക്ലാസ്സുകൾ ഓഗസ്റ്റ് 11-ാം തീയതി വെള്ളി 6 മണിമുതൽ ശനിയാഴ്ച്ച വൈകുന്നേരം 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസാചരണം**

ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസമായി ആചരിക്കുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ച വയ്ക്കുന്ന യൂണിറ്റിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ആത്മീയം, സാമൂഹികം, എന്നീ മേഖലകളിലെ പ്രവർത്തനങ്ങളാണ് സമ്മാനത്തിനായ് പരിഗണിക്കുക. പ്രവർത്തന മാസാചരണത്തിന്റെ ഭാഗമായി നടത്താവുന്ന കാര്യങ്ങൾ

1. അംഗത്വ നവീകരണം പൂർത്തിയാക്കുക.
2. എല്ലാ ആഴ്ച്ചയിലും വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
3. മേഖല സമ്മേളനങ്ങൾ നടത്തുക.
4. മേഖല, രൂപത പരിപാടികളിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുക.
5. വഴി–പ്രവർത്തന മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുക.

**ഓഗസ്റ്റ് 12 – പ്രചോദിനി 2017, ആനിമേറ്റേഴ്സ് സംഗമം (ആനിമ)**

ഓഗസ്റ്റ് മാസം നടക്കുന്ന വനിത സംഗമത്തിൽ ( പ്രചോദിനി 2017) അമല ക്യാൻസർ സെന്ററുമായി സഹകരിച്ച് ക്യാൻസർ രോഗികൾക്കുവേണ്ടി കേശദാനം പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഒരു യൂണിറ്റിൽ നിന്ന് ചുരുങ്ങിയത് 10 വനിതകളെയെങ്കിലും ഇതിനുവേണ്ടി തയ്യാറാക്കുമല്ലോ. മാനന്തവാടി ടൗൺ ചർച്ചിൽ രാവിലെ 9 മണിക്ക് രജിട്രേഷനോടുകൂടി വനിതാസംഗമം ആരംഭിക്കും. 50 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വരുന്നവരുടെ എണ്ണവും, മുടി ദാനം ചെയ്യുന്നവരുടെ എണ്ണവും ഓഗസ്റ്റ് 8 ന് മുമ്പായി ഓഫീസിൽ അറിയിക്കുമല്ലോ.

**മുടി ദാനം ചെയ്യുവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. 12 ഇഞ്ച് (30 സെ.മി) മുടിയാണ് മുറിച്ചുനൽകേണ്ടത്. 12 ഇഞ്ചിൽ കൂടുതലായാൽ കുഴപ്പമില്ല. 12 ഇഞ്ചിൽ കുറഞ്ഞ അളവിൽ മുടി സ്വീകരിക്കുന്നതല്ല.
2. എണ്ണമയമില്ലാത്ത മുടിയായിരിക്കണം നൽകേണ്ടത്. ഇതിനായി സോപ്പോ ഷാംമ്പുവോ ഇട്ട് മുടിയിൽ എണ്ണമയമില്ലാതെ വരേണ്ടതാണ്.
3. നരച്ച മുടിയോ ഡൈ ചെയ്ത മുടിയോ സ്വീകരിക്കുന്നതല്ല.
4. സൗജന്യമായി മുടി നൽകാം എന്ന സമ്മതപത്രം മുടി നൽകുന്ന വ്യക്തി ഒപ്പിട്ടു നൽകേണ്ടതാണ്. 18 വയസ്സിനു താഴെയുള്ളവർ മാതാപിതാക്കളുടെ അനുവാദവും ഒപ്പിട്ട സമ്മത പത്രവും മുടി മുറിക്കുന്നതിനു മുമ്പ് നൽകേണ്ടതാണ്.

5. മുടി ദാനം ചെയ്യുന്നവർക്ക് അമല ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രശംസ പത്രം ലഭിക്കുന്നതാണ്.

**അംഗത്വ നവീകരണം 2017**

ഈ വർഷം അംഗത്വം പുതുക്കേണ്ടതും, ചേർക്കേണ്ടതും ജൂൺ, ജൂലൈ മാസങ്ങളിലാണ്. അവസാന തിയ്യതി ജൂലൈ 31. പുതുക്കുന്നതിന് 10 രൂപയും, പുതിയ അംഗങ്ങളെ ചേർക്കുന്നതിന് 15 രൂപയും ആണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അംഗത്വ നവീകരണ ഫോം രൂപത ഓഫീസിൽ ലഭ്യമാണ്.

**ആഗസ്റ്റ് - 15 ന് ക്രേസി മഡ് വോളി ബോൾ**

മേഖലയിൽ നിന്ന് രണ്ടിൽ കൂടുതൽ ടീമിനെ പങ്കെടുപ്പിക്കാം. ആദ്യം 500 രൂപ അടച്ച് വികാരിയച്ചന്റെ സാക്ഷിപത്രത്തോടൊപ്പം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്ന 20 ടീമുകൾക്കായിരിക്കും അവസരമുണ്ടായിരിക്കുക. കോട്ടത്തറ സെന്റ് ആന്റണീസ് ദേവാലയ ഗ്രൗണ്ടിൽ വച്ചായിരിക്കും ടൂർണമെന്റ് നടക്കുക. രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി ആഗസ്റ്റ് 5. ബന്ധപ്പെടേണ്ട നമ്പർ ജിജോ - 9947067967

**ഓഗസ്റ്റ് 19 ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് സെമിനാർ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഓഗസ്റ്റ് 19 ന് പീഡനമേൽക്കുന്ന ക്രൈസ്തവരെക്കുറിച്ച് പ്രത്യേകിച്ച് ഇന്ത്യയിലെ പീഡിത സഭയെക്കുറിച്ചുള്ള സെമിനാർ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ഇന്ത്യയിലെ ക്രൈസ്തവ പീഡനങ്ങളെക്കുറിച്ച് ഗവേഷണം നടത്തി കുറെയേറെ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, പുസ്തകം രചിക്കുകയും ചെയ്ത ശ്രീ. ആന്റോ അക്കരയാണ് സെമിനാർ നയിക്കുന്നത്. ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാൻ ഇടവകയിലെ മുഴുവൻ ജനങ്ങളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. 50 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കൈക്കാരൻമാർ കമ്മിറ്റിയംഗങ്ങൾ, മതാദ്ധ്യാപകർ, സംഘടന പ്രവർത്തകർ എന്നിവർ പങ്കെടുക്കുന്നത് അഭികാമ്യമാണ്.

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനം 2017 ഓഗസ്റ്റ് 27**

കന്ദമാലിലെ ക്രിസ്തീയ രക്തസാക്ഷികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ലോക ക്രൈസ്തവ പീഡനങ്ങളിലെ ക്രൈസ്തവോചിതമായ നിലപാട് പൊതു സമൂഹത്തെ അറിയിക്കുവാനും ഈ വർഷം ഓഗസ്റ്റ് 27-ാം തിയ്യതി ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനംആചരിക്കുന്നു.മാനന്തവാടി ടൗണിൽ ബൈക്ക് റാലിയോടുകൂടിയാണ് ഈ ദിനം ആചരിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് 10 ബൈക്കുകൾ എങ്കിലും ഉച്ചയ്ക്ക് 1 മണിക്ക് മാനന്തവാടി എൽ എഫ് ഗ്രൗണ്ടിൽ എത്തിചേരേണ്ടതാണ്.

**ഓഗസ്റ്റ് മാസത്തിൽ രൂപത വിസിറ്റ് നടത്തേണ്ട മേഖലകൾ**

ഓഗസ്റ്റ് 6 - മാനന്തവാടി, കല്ലോടി

ഓഗസ്റ്റ്20 - മുള്ളൻക്കൊല്ലി, നിലമ്പൂർ, ഗൂഡല്ലൂർ

**ജൂൺ 26 ലഹരി വിരുദ്ധ ദിനം – 'ലഹരി സർക്കാർ' ദിനമായി കെ.സി. വൈ.എം. ആചരിച്ചു**

മാനന്തവാടി രൂപത കെ.സി.വൈ.എം, എൽ.ഡി.എഫ്. സർക്കാരിന്റെ ലഹരി നയത്തിൽ പ്രതിഷേധിച്ച് ജൂൺ – 26 ലോക ലഹരി വിരുദ്ധ ദിനം ലഹരി സർക്കാർ ദിനമായി ആചരിച്ചു. മാനന്തവാടി പെരുവകയിൽ തദ്ദേശ വാസികൾ നടത്തുന്ന സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനാണ് ലഹരി സർക്കാർ ദിനാചരണം നടത്തിയത്. മുക്കിലും മൂലയിലും മദ്യം ലഭ്യ മാക്കി യാതൊരു മാനുഷീക പരിഗണനകളും നൽകാതെ മദ്യശാലകൾ തുറക്കാനുള്ള സർക്കാർ നയത്തോടുള്ള വിയോജിപ്പാണ് ഇപ്രകാരം ഒരു ദിനാചരണം സംഘടിപ്പിക്കാൻ കെ.സി.വൈ.എമ്മിനെ പ്രേരിപ്പിച്ചത്. കേരള മുഖ്യമന്ത്രി ഒരു വശത്ത് ലഹരി വസ്തുക്കളുടെ സംലഭ്യത നിർമ്മാർജ്ജനം ചെയ്യണം എന്ന് ആവശ്യപ്പെടുന്ന യുണൈറ്റഡ് നേഷൻസിന്റെ ലോക ലഹരിവിരുദ്ധ ദിനാചരണം ഉദ്ഘാടനം നടത്തുകയും മറുവശത്ത് സർക്കാർ നയങ്ങളിലൂടെ യഥേഷ്ടം മദ്യം ലദ്യമാക്കുകയുമാണ് ചെയ്യുന്നത്. ഈ കാപട്യം ജനസമൂഹത്തിൽ തുറന്ന് കാണിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലഹരി സർക്കാർ ദിനമായി കെ.സി.വൈ.എം. ആചരിക്കുന്നത്. പെരുവക ജനകീയ സമര സമിതി കൺവീനർ ശ്രീ. ശശി ഉദ്ഘാടനം ചെയ്തു. കെ.സി .വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. എബിൻ ഫിലിപ്പ് അദ്ധ്യക്ഷപ്രസംഗവും കമ്മന ഇടവക വികാരി ഫാദർ ബിജു മാവറ സ്വാഗതപ്രസംഗവും നടത്തി. രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അനുഗ്രഹ പ്രഭാ ഷണവും അസോസിയേറ്റ് ഡയറക്ടർ ഫാ. അനീഷ് കാട്ടാംകോട്ടിൽ ആമു ഖപ്രഭാഷണവും നടത്തി. കമ്മന ഇടവകയിലെ ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ കമ്മന മുതൽ പെരുവക വരെ പ്രതിഷേധ റാലി നടത്തികൊണ്ട് ലഹരി സർക്കാർ ദിനത്തിൽ പങ്കാളികളായി.

**സീറോ മലബാർ സഭാ ദിനം ജൂലൈ 3**

യുവജനങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് ഈ വർഷം മൗണ്ട് സെന്റ് തോമസ്സിൽ വച്ച് നടന്ന സീറോ മലബാർ സഭാ ദിനത്തിൽ മാനന്ത വാടി രൂപതയുടെ പ്രതിനിധികളായി കെ.സി.വൈ.എം. അസോസിയേറ്റ് ഡയറക്ടർ ഫാ. അനീഷ് കാട്ടാംക്കോട്ടിൽ, ആനിമേറ്റർ സി.സ്മിത എസ്.എ. ബി.എസ്, ബിബിൻ (ദ്വാരക), അമൃത (തരിയോട്) എന്നിവർ പങ്കെടുത്തു.

**അർദ്ധവാർഷിക സെനറ്റ് ജൂലൈ 8**

2017–18 വർഷത്തെ അർദ്ധവാർഷിക സെനറ്റ് 8–7–17 ന് ദ്വാരക പാസ്റ്റ റൽ സെന്ററിൽ വച്ച് നടന്നു. 9.30 ന് ജപമാലയോടു കൂടി സെനറ്റ് സമ്മേ ളനം ആരംഭിച്ചു. 10 മണിക്ക് രൂപത പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി പതാക ഉയർത്തി. തുടർന്ന് നടന്ന വചന പ്രതിഷ്ഠയ്ക്ക് സി.സ്മിത നേതൃത്വം നൽകി. 10 മേഖലകൾ റിപ്പോർട്ട് അവതരിപ്പിച്ചു. മേഖല റിപ്പോർട്ടിംഗിനു ശേഷം നടന്ന പൊതു സമ്മേളനം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാദർ പോൾ വാഴപ്പള്ളി ഉദ്ഘാടനം ചെയ്തു. ശ്രീ. എബിൻ മുട്ടപ്പള്ളി സമ്മേളന ത്തിന് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തട ത്തിൽ ഏവരെയും സ്വാഗതം ചെയ്തു. അസോസിയേറ്റ് ഡയറക്ടർ ഫാ.

അനീഷ് കാട്ടാംകോട്ടിൽ ആമുഖ പ്രഭാഷണം നടത്തി. നടവയൽ മേഖല ഡയറക്ടർ ഷൈജു മുതിരക്കാലായിൽ, കൊട്ടിയൂർ മേഖല ആനിമേറ്റർ സി. റോസ്മിൻ എസ്എച്ച്, ദ്വാരക മേഖല പ്രസിഡണ്ട് ബിബിൻ പിലാപ്പള്ളി എന്നിവർ സെനറ്റിന് ആശംസകളറിയിച്ചു. തുടർന്ന് ട്രഷറർ സുബിൻ ജോസ് വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിച്ച ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ വധു പ്രിൻസി, ശ്രി. ജിജോ താന്നിവേലിൽ വധു റിൻസി എന്നിവർക്ക് ആശംസകൾ അറിയിച്ച് സംസാരിക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ കെ.സി.വൈ.എം. വിഭാവനം ചെയ്തിരിക്കുന്ന തുടർ പരിപാടികളെ സെനറ്റിന് പരിചയപ്പെടുത്തി. ശേഷം നടന്ന സംഘടന ചർച്ചയിൽ ഓഗസ്റ്റ് മാസം നടക്കുന്ന പരിപാടികളും രൂപത കലോൽസവവും ചർച്ച ചെയ്തു. രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് നടത്തിപ്പിനായി കമ്മിറ്റി രൂപീകരിച്ചു. രൂപത സെക്രട്ടറി അലീന സമ്മേളനത്തിന് നന്ദി പറഞ്ഞു.

**ജൂലൈ 9 യുവജന ദിനം – തൃശ്ശിലേരി**

തൃശ്ശിലേരി യൂണിറ്റിന്റെ ആതിഥേയത്വത്തിൽ ഈ വർഷത്തെ യുവജന ദിനാഘോഷങ്ങൾ നടന്നു. യുവജനങ്ങൾക്ക് വേണ്ടി പ്രത്യേകം അർപ്പിക്കപ്പെട്ട വി . ബലിക്ക് രൂപത ഡയറക്ടർ ഫാ. ലാൽ ജേക്കബ്, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. അനീഷ് കാട്ടാംക്കോട്ടിൽ എന്നിവർ കാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോയ്സ് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് വൈസ്സ് പ്രസിഡണ്ട് കുമാരി റ്റാനിയ പുൽപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപത സമിതി അംഗങ്ങളായ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, റവ ഫാ. അനീഷ് കാട്ടാംകോട്ടിൽ, ജനറൽ സെക്രട്ടറി ജിഷിൻ, ട്രഷറർ സുബിൻ, സെക്രട്ടറി അലീന, ആനിമേറ്റർ സി. സ്മിത എസ്.എ. ബി. എസ്, സംസ്ഥാന വൈസ്സ് പ്രസിഡണ്ട് ബിബിൻ ചെമ്പക്കര, മേഖല സെക്രട്ടറി റ്റോബി എന്നിവർക്കും യൂണിറ്റിലെ കരുത്തരായ മുൻ കെ.സി.വൈ.എം. അംഗങ്ങൾക്കും മാവിൻ തൈ സ്നേഹോപഹാരമായി നൽകി ആദരിച്ചു. യൂണിറ്റംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ കലാപരിപാടികൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും യൂണിറ്റംഗങ്ങൾ ഒരുക്കിയിരുന്നു. യുവജനദിനാഘോഷങ്ങൾ മികവുറ്റതും മനോഹരവുമാക്കിയ തൃശ്ശിലേരി യൂണിറ്റിലെ ഡയറക്ടർ പ്രിയപ്പെട്ട പോൾ ഇടയക്കൊണ്ടാട്ടച്ചനോടും, ശ്രീ. ജോയ്സിന്റെ നേതൃത്വത്തിലുള്ള യൂണിറ്റ് ഭാരവാഹികളോടും വേദപാഠ അദ്ധ്യാപകരോടും, കൈക്കാരൻമാരോടും, എഫ്.സി.സി. സിസ്റ്റേഴ്സിനോടുമുള്ള രൂപത കെ.സി.വൈ.എം. സമിതിയുടെ നന്ദി അറിയിക്കുന്നു.

**പ്രതിഷേധ മഴ നടത്തം – ജൂലൈ 11**

വയനാട് ചുരം ബദൽ റോഡ് യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കെ.സി.വൈ.എം. മാനന്തവാടി രൂപത സമിതിയുടെ നേതൃത്വത്തിൽ വയനാട് ചുരത്തിൽ പ്രതിഷേധ മഴ നടത്തം സംഘടിപ്പിച്ചു. പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സംസ്ഥാന വൈസ്സ് പ്രസിഡണ്ട് ബിബിൻ ചെമ്പക്കര, കോർഡിനേ

റ്റർ ജിജോ പൊടിമറ്റം തരിയോട് മേഖല പ്രസിഡണ്ട് ജോൺ എന്നിവർ പങ്കെടുത്തു.

**പോലീസ് സ്റ്റേഷൻ മാർച്ച്- ജൂലൈ 11**

ഡോൺ ബോസ്കോ കോളേജിൽ നടന്ന രാഷ്ട്രീയ അക്രമങ്ങളിൽ പ്രതിഷേധിച്ച് രൂപത സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 11-ന് പ്രതിഷേധ റാലിയും പോലീസ് സ്റ്റേഷൻ മാർച്ചും സംഘടിപ്പിച്ചു. റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. എബിൻ മുട്ടപ്പള്ളി, ഫാ ഡെീസ് പൂവത്തിങ്കൽ, ഫാ. ഷിജു ഐക്കരക്കാനായിൽ, ജിഷിൻ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എന്നിവർ നേതൃത്വം നൽകി.

**കലക്ട്രേറ്റ് പടിക്കൽ നിരാഹാര സമരം ജൂലൈ 12-നീതിക്കായുള്ള പോരാട്ടം**

നീണ്ട നാളുകളായി കലക്ട്രേറ്റ് പടിക്കൽ സത്യാഗ്രഹം അനുഷ്ഠിക്കുന്ന കാഞ്ഞിരത്തിനാൽ കുടുബത്തിന് അർഹതപ്പെട്ട ഭൂമി നൽകാതെ കഷ്ടപ്പെടുത്തുന്ന സർക്കാരിന്റെ നീതി നിഷേധത്തിനെതിരെ കെ.സി. വൈ.എം. കലക്ട്രേറ്റ് പടിക്കൽ ജൂലൈ 12 ബുധനാഴ്ച്ച നിരാഹാര സമരം നടത്തി. മാനന്തവാടി രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി നിരാഹര സമരം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ സ്വാഗതം ആശംസിച്ചു. ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. മാറി മാറി വന്ന സർക്കാരുകൾ മോഹന വാഗ്ദാനങ്ങൾ നൽകി കാഞ്ഞിരത്തിനാൽ കുടുംബത്തിന് നീതി ഉറപ്പാക്കുമെന്ന് പറഞ്ഞതല്ലാതെ സർക്കാർ ഉദ്യോഗസ്ഥരെ രക്ഷിക്കാൻ മാത്രമാണ് രാഷ്ട്രീയ നേതാക്കളുടെ ശ്രമമെന്ന് ആമുഖപ്രഭാഷണത്തിൽ അദ്ദേഹം കുറ്റപ്പെടുത്തി. രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങളായ ഫാ. അനീഷ് കാട്ടാംകോട്ടിൽ, റോസ്മേരി, ജിജോ താന്നിവേലിൽ, സുബിൻ ജോസ്, ജിജോ പൊടിമറ്റം, സി. സ്മിത, തുടങ്ങിയവർ പ്രസംഗിച്ചു. അഭിലാഷ് അറയ്ക്കൽ (കൽപ്പറ്റ), ജോൺസൺ (തരിയോട്), അനീഷ് മൂലയിൽ (മാനന്തവാടി), ബിബിൻ (ദ്വാരക), ബിജേഷ് (ബത്തേരി), ദീപക് (നടവയൽ) എന്നീ മേഖല പ്രസിഡണ്ടുമാരും, തരിയോട് മേഖല ആനിമേറ്റർ സി. ലിന്റ എഫ്.സി.സിയും, കൽപ്പറ്റ സിൻഡിക്കേറ്റംഗം ഷാജി അഴകനാൽ, കല്ലോടി മേഖലയിൽ നിന്ന് ജോമോൻ, എന്നിവരും വിവിധ മേഖല പ്രതിനിധികളും യൂണിറ്റ് പ്രതിനിധികളും, നിരാഹാര സമരത്തിൽ പങ്കെടുത്തു.

**ജൂലൈ 16 പ്രതിഷേധ റാലി**

എക്യുമെനിക്കൽ ഫോറത്തിന്റെയും ബത്തേരി ഫൊറോനയുടെയും നേതൃത്വത്തിൽ ബത്തേരി ടൗണിൽ വച്ച് നടന്ന പ്രതിഷേധ മൗന ജാഥയിൽ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി, ജനറൽ സെക്രട്ടറി ജിഷിൻ, വൈസ്സ് പ്രസിഡണ്ട് റോസ് മേരി, ആനിമേറ്റർ സി. സ്മിത എന്നിവർ പങ്കെടുത്തു.

പ്രതിഷേധ റാലിയ്ക്കുശേഷം രൂപത സമിതിയുടെയും, ബത്തേരി മേഖലയുടെയും നേതൃത്വത്തിൽ ബത്തേരി ടൗണിൽ പ്രതിഷേധ പ്രകടനം നടത്തി. ബത്തേരി, വടക്കനാട്, ചുള്ളിയോട് എന്നീ യൂണിറ്റുകളുടെ സഹ

കരണം പ്രകടനത്തിന് കൂടുതൽ മിഴിവേകി. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ.ഷിജോ എബിൻ മുട്ടപ്പള്ളി, ബത്തേരി യൂണിറ്റ് പ്രസിഡണ്ട് അജോ എന്നിവർ നേതൃത്വം നൽകി.

**സ്വാഗതം**

മേഖല ഡയറക്ടേഴ്സായി ചാർജ്ജെടുത്തിരിക്കുന്ന ബഹു. ഡെന്നീസ് പൂവത്തിങ്കൽ അച്ചനും (ബത്തേരി) ബഹുമാനപ്പെട്ട അനീഷ് കാട്ടാത്തച്ചനും (ചുങ്കക്കുന്ന്) ബഹു. സുനിൽ മഠത്തിലച്ചനും (കല്ലോടി) ബഹു. സിബി ചെറുത്തോട്ടിലച്ചനും (മാനന്തവാടി), ബഹു. മനോജ് കറുത്തേടത്തച്ചനും (മണിമൂളി) ബഹു. ഷിജു മുതിരക്കാലായിലച്ചനും (നടവയൽ ) ബഹു. ടോമി കൊച്ചുപ്പാറയിലച്ചനും (തരിയോട്) ബഹു. ജോഷി പുൽപ്പയിലച്ചനും (നിലമ്പൂർ) മാനന്തവാടി മേഖല ആനിമേറ്റർ സി. വിജയ എസ്. എ. ബി. എസ് നും കെ.സി.വൈ.എം. കുടുംബത്തിലേയ്ക്ക് സ്വാഗതം.

**ഡയറക്ടേഴ്സ് ആന്റ് ആനിമേറ്റേഴ്സ് മീറ്റ് (റെഡി)**

കെ.സി.വൈ.എം. മേഖലാ ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ് (റെഡി) ജൂൺ 22 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വൈകുന്നേരം 6 മണിക്ക് പ്രാർത്ഥനയോടുകൂടെ മീറ്റിംഗ് ആരംഭിച്ചു. രൂപതാ അസോസിയേറ്റ് ഡയറക്ടർ അനീഷ് കാട്ടാംകോട്ടിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ജനറൽ  സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ ബഹു. വികാരി ജനറൽ അബ്രാഹം നെല്ലിക്കലച്ചന് പൂച്ചെണ്ടു നൽകി സ്വീകരിച്ചു. പുതിയതായി മേഖലകളിലെ സാരഥ്യം ഏറ്റെടുത്തിരിക്കുന്ന ഡയറക്ടേഴ്സിനെ പ്രത്യേകം സ്വാഗതം ചെയ്തു. ശ്രീ. ജിഷിൻ യോഗത്തെ അഭിസംബോധനചെയ്ത് സംസാരിച്ചു. തുടർന്ന് വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ  യുവജന പ്രസ്ഥാനങ്ങളുടെ പ്രസക്തിയെക്കുറിച്ചും യുവജനങ്ങളെ സഭയോട് ചേർത്തു നിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. രൂപതാ ഡയറക്ടർ  റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വരും മാസങ്ങളിൽ കെ.സി.വൈ.എം. വിഭാവനം ചെയ്തിരിക്കുന്ന പരിപാടികൾ പരിചയപ്പെടുത്തി. യുവജനദിനാഘോഷം, കെ.സി.വൈ.എം. മാസാചരണം, രൂപതാ കലോൽസവം തുടങ്ങിയവ യോഗം ചർച്ച ചെയ്തു. നന്ദി പ്രകാശനത്തോടുകൂടെ മീറ്റിംഗ് അവസാനിച്ചു.

**മേഖലാ സന്ദർശനങ്ങൾ**

9-7-17 ന് പോരൂർ യൂണിറ്റിൽ വച്ച് നടന്ന മാനന്തവാടി മേഖലയുടെ അർദ്ധ വാർഷിക സെനറ്റിൽ രൂപത ആനിമേറ്റർ സി. സ്മിത പങ്കെടുത്തു.

2-7-17 ന് മണിമൂളി മേഖല സെനറ്റിൽ ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിൽ, ട്രഷറർ സുബിൻ കൊഴുപ്പാംത്തടത്തിൽ എന്നിവർ പങ്കെടുത്തു.

2-7-17 ന് ബത്തേരി മേഖല സെനറ്റിൽ സെക്രട്ടറി അലീന മണൽവിള, വൈസ്സ് പ്രസിഡണ്ട് റോസ് മേരി തേറുകാട്ടിൽ എന്നിവർ പങ്കെടുത്തു.

**യൂണിറ്റ് സന്ദർശനങ്ങൾ**

2/7/17 മൂലങ്കാവ്, കമ്മന - റവ. ഫാ. ലാൽ പൈനുങ്കൽ

2/7/17 ചീങ്ങവല്ലം - സി. സ്മിത എസ്.എ.ബി.എസ്
16/7/17 വടക്കനാട് - റവ. ഫാ. ലാൽ പൈനുങ്കൽ
16/7/17 ചുള്ളിയോട് - സി. സ്മിത എസ്.എ.ബി.എസ്
16/7/17 മൊതക്കര - റവ. ഫാ. അനീഷ് കാട്ടാംക്കോട്ടിൽ

**ആശംസകൾ**

വിവാഹം എന്ന കൂദാശയിലൂടെ കുടുബ ജീവിതത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന രൂപതാ സെക്രട്ടറി ശ്രീ. ജിജോ തോമസ്സ് താന്നിവേലിക്കും വധുവിനും കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനയും.

**മേഖല വാർത്തകൾ**

**നടവയൽ മേഖല**

രൂപതയുടെ നേതൃത്വത്തിൽ നടന്ന ആത്മജ്വാല പന്തക്കുസ്ത ജാഗരണ പ്രാർത്ഥനയ്ക്ക് 16 പേർ പങ്കെടുത്തു. 'പുതു ജീവൻ നല്ല നാളേയ്ക്കായ്' എന്ന പേരിൽ പരിസ്ഥിതി ദിനാഘോഷവും പരിസ്ഥിതി വാരാചരണവും നടത്തി. ഫാ. ജ്യോതിഷ് കാരക്കട ഉദ്ഘാടനം നിർവ്വഹിച്ചു. മേഖല ഡയറക്ടർ ഫാ. ഷൈജു മുതിരക്കാലായിൽ, പ്രസിഡണ്ട് ദീപക് ജോഷി, സെക്രട്ടറി അനില, ഫാ. ജോസഫ് പരുവുമ്മേൽ എന്നിവരുടെ നേതൃത്വത്തിൽ 10-6-17 ന് കുറുമ്പാലക്കോട്ട മലയിലേയ്ക്ക് ട്രക്കിംഗ്, മഴ നടത്തം, മരതൈ വിതരണം, മരം നട്ടു പിടിപ്പിക്കൽ എന്നിവ നടത്തപ്പെട്ടു. 16-6-17 ന് മിഷൻപ്രദേശത്തുള്ള 120 വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളിലെ കുട്ടികൾക്കുവേണ്ടി പഠനോപകരണവിതരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകി. 20-16-17ന് ക്യാൻസർ രോഗത്താൽ വലയുന്ന നിർധന യുവതിക്ക് 'കിരണം' ചികിൽസാ സഹായ നിധിയിൽ നിന്നും സാമ്പത്തീക സഹായം നൽകി.

**യൂണിറ്റ് വാർത്തകൾ**

**കയ്യൂന്നി**

18-6-17 ന് ബഹു. തോമസ്സ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ യുവജന സംഗമം നടത്തി. 160 പേർ സംഗമത്തിൽ പങ്കെടുത്തു. ബഹു. സിബി മാടപ്പള്ളിക്കുന്നേലച്ചൻ യുവജനം- ആധുനിക കാലഘട്ടത്തിൽ എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. യുവജനങ്ങൾ പരസ്പരം പരിചയപ്പെട്ടു. തുടർന്ന് പുതിയ പ്രവർത്തന വർഷത്തിലെ ഭാരവാഹികളായി അമൽ കൊച്ചുകളം (പ്രസിഡണ്ട്), ഷെറിൻ കൊട്ടാരം (വൈസ്സ് പ്രസിഡണ്ട്), ക്ലിൻസ് ആക്കാംച്ചിറ (സെക്രട്ടറി), ക്രിസ്റ്റീന ആലപ്പുറം (ജോ. സെക്രട്ടറി), ക്രിസ്റ്റോ ഡിസൂസ (ട്രഷറർ), എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഭാരവാഹികൾ എക്സിക്യൂട്ടീവ് കൂടുകയും വാർഷിക പദ്ധതി തയ്യാറാക്കുകയും ചെയ്തു. എല്ലാമാസവും അവസാനത്തെ ഞായറാഴ്ച്ച ഒരുമിച്ചു കൂടാൻ തിരുമാനിച്ചു. നന്ദിയുടെ പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**പുതിയിടംക്കുന്ന്**

രൂപതയുടെ നേതൃത്വത്തിൽ നടന്ന ആത്മജ്വാല പന്തക്കുസ്ത ജാഗരണ പ്രാർത്ഥനയ്ക്ക് യൂണിറ്റിൽ നിന്ന് 8 പേർ പങ്കെടുത്തു. അധ്യയന വർഷ

ത്തിന്റെ ആരംഭത്തിൽ സ്കൂൾ കുട്ടികൾക്കായി 10 പഠനോപകരണ കിറ്റുകൾ വിതരണം ചെയ്തു.

**തൃശ്ശിലേരി യൂണിറ്റ്**

ജൂലൈ 3-ാം തിയ്യതി ശനിയാഴ്ച്ച വൈകുന്നേരം 5 മണി മുതൽ 10 മണി വരെ യൂണിറ്റിന്റെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. ജൂൺ 9 ന് കെ.സി.വൈ.എം. പ്രവർത്തകർക്കുവേണ്ടി സംഘടിപ്പിച്ച സെമിനാറിൽ റേഡിയോ മാറ്റൊലി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ ക്ലാസ്സ് നയിച്ചു. ആത്മാഭിമാനത്തോടെ സമൂഹത്തിന് മാതൃകയായി ജീവിക്കേണ്ട യുവത്വം എന്ന വിഷയത്തിൽ നടത്തപ്പെട്ട ക്ലാസ്സിൽ 80 യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. പോൾ നാമധാരിയായ ഡയറക്ടർ പോൾ ഇടയക്കൊണ്ടാട്ടച്ചന് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചു.

**ചീങ്ങവല്ലം യൂണിറ്റ്**

ജൂൺ 4 ന് പരിസ്ഥിതി ദിനാചരണം നടത്തി. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണ വിതരണം നടത്തി. ജൂൺ 11 ന് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ മരതൈ വിതരണം നടത്തി.

ജൂലൈ 2 ന് രൂപത ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. യൂണിറ്റ് സന്ദർശനം നടത്തി. യൂണിറ്റ് ഭാരവാഹികളെല്ലാവരും അംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ബത്തേരിയിൽ വച്ച് നടന്ന മേഖല സെനറ്റിൽ ഭാരവാഹികൾ പങ്കെടുത്തു.

വി. പൗലോസ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് ചീങ്ങവല്ലം യൂണിറ്റിന്റെ നേതൃത്വത്തിൽ ബത്തേരി മേഖലയിലെ യുവജനങ്ങൾക്കുവേണ്ടി വി. പൗലോസ് യുവജനങ്ങൾക്ക് ഒരു പ്രകാശ ഗോപുരം എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി. ജൂലൈ 9 ന് യുവജന ദിനം സമുചിതമായി കൊണ്ടാടി.

**അമ്പലവയൽ യൂണിറ്റ്**

9-7-17 ന് നടന്ന യുവജന ദിനാഘോഷങ്ങളോടനുബന്ധിച്ച് അമ്പലവയൽ യൂണിറ്റിന്റെ പുനരൂപീകരണം നടന്നു. ബഹു. ഡയറക്ടർ കുര്യൻ വാഴയിലച്ചൻ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അസ്സി.ഡയറക്ടർ ഷിജു ഐക്കരക്കാനായിലച്ചൻ 2018 വർഷത്തിൽ നടക്കുന്ന യുവജന സിനഡിന്റെ വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. തുടർന്ന് യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

ബത്തേരി ഡോൺ ബോസ്കോ കോളേജും ചാപ്പലും തകർത്തതിൽ പ്രതിഷേധിച്ച് രൂപത സമിതിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ പ്രകടനത്തിൽ യൂണിറ്റിൽ നിന്നും 10 അംഗങ്ങൾ പങ്കെടുത്തു.

**കല്ലുവയൽ യൂണിറ്റ്**

ബത്തേരി ഡോൺ ബോസ്കോ കോളേജിൽ നടന്ന അക്രമ സംഭവങ്ങളിൽ കെ.സി.വൈ.എം കല്ലുവയൽ യൂണിറ്റ് പ്രതിഷേധിച്ചു. അക്രമങ്ങൾ അഴിച്ചുവിട്ട് കലാലയങ്ങളെ കലാപഭൂമിയാക്കുന്നത് ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ലെന്ന് യൂണിറ്റ് ഡയറക്ടർ ഫാ. ജെയ്സൺ കുഴികണ്ട

ത്തിലും പ്രസിഡണ്ട് റ്റിജിൻ വെള്ളപ്ലാക്കലും പറഞ്ഞു. തുടർന്ന് അംഗങ്ങൾ പ്രാർത്ഥന നടത്തി. അംഗങ്ങളുടെ ഒപ്പ് ശേഖരണം നടത്തി.

**കല്ലോടി യൂണിറ്റ്**

യൂണിറ്റിന്റെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഫാ. അഗസ്റ്റിൻ പുത്തൻപുരയ്ക്ക് സ്നേഹപൂർവ്വം സ്വാഗതം ആശംസിച്ചു. . യുവജന ദിനത്തോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി, യുവജന ദിനം സമുചിതമായി ആഘോഷിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ വി.കുർബാന, കാഴ്ച്ചയർപ്പണം എന്നിവ നടത്തി. 'ഉണർവ്വിൽ നിന്ന് നിറവിലേയ്ക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര സെമിനാർ നടത്തി. തുടർന്ന് കല്ലോടി മേഖല ഭാരവാഹികളെ തിരഞ്ഞെടുത്തു. മേഖല പ്രസിഡണ്ടായി അതുൽ ആവണക്കലിനെയും സെക്രട്ടറിയായി ജോയിസി തേവർക്കുന്നിലിനെയും തിരഞ്ഞെടുത്തു

**തോമാട്ടുചാൽ**

യുവജനദിനാഘോഷം - കെ.സി.വൈ.എം.തോമാട്ടുചാൽ യൂണിറ്റ് ഡയറക്ടർ റവ. ഫാദർ ഡെന്നീസ് പൂവ്വത്തിങ്കലിന്റെ നേതൃത്വത്തിൽ യൂണിറ്റിൽ യുവജനദിനാഘോഷം നടത്തി. കാഴ്ച സമർപ്പണം, ബൈബിൾ വായന, ഗായകസംഘം, അൾത്താരസംഘം തുടങ്ങിയ മേഖലകളിൽ യുവജനങ്ങളുടെ സാന്നിദ്ധ്യംകൊണ്ടും സഹകരണംകൊണ്ടും ശ്രദ്ധേയമായി. തുടർന്ന് ഡയറക്ടറുടെ നേതൃത്വത്തിൽ യൂണിറ്റ് ഇലക്ഷൻ നടത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. തുടർന്ന് റവ.ഫാ. വിമൽ യുവജനങ്ങൾക്ക് ക്ലാസ് എടുക്കുകയുണ്ടായി. യുവജനങ്ങൾക്ക് ലഘു ഭക്ഷണം നൽകി.

പ്രതിക്ഷേധ റാലിയും മെമ്മോറാണ്ടവും - സുൽത്താൻ ബത്തേരി ഡോൺ ബോസ്കോ കോളേജിൽ നടന്ന ആക്രമണത്തിൽ പ്രതിക്ഷേധിച്ച് കെ.സി.വൈ.എം തോമാട്ടുചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങളെ അണിനിരത്തി പ്രതിക്ഷേധ റാലി നടത്തി, റാലിയിൽ മുന്നൂറോളം ആളുകൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാദർ.ഡെന്നീസ് പൂവ്വത്തിങ്കൽ, ആനിമേറ്റർ സി. ലിസി. എഫ്.എം.എ, യൂണിറ്റംഗങ്ങളായ റോജീഷ് മാളിയേക്കൽ, അനൂപ് കക്കുഴിയിൽ, ജിൻസൻ പുളിമൂട്ടിൽ, വിനു വാണിയേപ്പിള്ളിൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് ഇടവകജനങ്ങളിൽ നിന്നായി മുഖ്യമന്ത്രിക്കും മറ്റ് മേലധികാരികൾക്കും നൽകുന്നതിനായി ഒപ്പുശേഖരണം നടത്തി. മെമ്മോറാണ്ടം തയ്യാറാക്കി.

**കാട്ടികുളം യൂണിറ്റ്**

കേരളമാകെ പകർച്ച വ്യാധികളാലും മറ്റ് രോഗങ്ങളാലും വീർപ്പുമുട്ടിയിരിക്കുന്ന സാഹചര്യത്തിൽ കാട്ടികുളം കെ.സി .വൈ. എമ്മിന്റെ നേതൃത്വത്തിൽ യുവജനദിനാഘോഷങ്ങളുടെ ഭാഗമായി കാട്ടിക്കുളം ഓം മൈലിലെ ബസ്സ് സ്റ്റോപ്പും, പള്ളിയും പരിസരവും വൃത്തിയാക്കി. 30 യുവജനങ്ങൾ ഈ യജ്ഞത്തിൽ പങ്കാളികളായി. പ്രസിഡണ്ട് സനു ഇല്ലിക്കൽ , സെക്രട്ടറി ബ്രിന്റ താഴത്തുമുറിയിൽ എന്നിവർ നേതൃത്വം നൽകി.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂൺ 23 മുതൽ 26 വരെ നടന്ന കോഴ്സിൽ 113 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ആഗസ്റ്റ് 11 -14 - പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 25 - 28 - പാസ്റ്ററൽ സെന്റർ ദ്വാരക
സെപ്റ്റംബർ 6 - 9 - പാസ്റ്ററൽ സെന്റർ ദ്വാരക

**സ്വാഗതം**

ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന വൈദികർ: ബഹുമാനപ്പെട്ട ഫാ. സിജോ ഇളംകുന്നപ്പുഴ (കൽപറ്റ), ഫാ.ജെയ്സ് പൂതക്കുഴി (കല്ലോടി), ഫാ.ജോസ് തേക്കനാടി (ദ്വാരക), ഫാ.ജോയി തുരുത്തേൽ (മുള്ളൻകൊല്ലി), ഫാ. ജോജോ ഔസേപ്പറമ്പിൽ (മാനന്തവാടി), ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ (ചുങ്കക്കുന്ന്), ഫാ.പോൾ കൊരണ്ടിയാർകുന്നേൽ (നിലമ്പൂർ), ഫാ. കുര്യാക്കോസ് പറമ്പിൽ (ബത്തേരി). ഇവർക്ക് ഹൃദ്യമായ സ്വാഗതവും, വിജയാശംസകളും നേരുന്നു.

**മാതൃവേദി**

മാതൃവേദി കേന്ദ്ര എക്സിക്യൂട്ടീവ് ജൂലൈ 25, 26 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്നു. രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

മാതൃവേദി സംയുക്ത മേഖലാ എക്സിക്യൂട്ടീവ് ആഗസ്റ്റ് 12 -ന് ചേരുന്നു. പങ്കെടുക്കേണ്ടവർ: ബഹു. മേഖലാ ഡയറക്ടർ, മേഖലാ ആനിമേറ്റർ, മേഖലാ പ്രസിഡന്റ്, രൂപതാ എക്സിക്യൂട്ടീവ്, വനിതാ കമ്മീഷൻ ആനിമേറ്റർ, സെക്രട്ടറി, മരിയൻസിംഗിൾസ് ആനിമേറ്റർ, സെക്രട്ടറി. വിശദാംശങ്ങൾ കത്തു മുഖേന അറിയിക്കുന്നതാണ്.

മാതൃവേദിയുടെ ആഭിമുഖ്യത്തിലുള്ള ക്ലാസ്സുകൾ ഇടവകകളിൽ നടത്താൻ ബഹു. വികാരിയച്ചൻമാരും മാതൃവേദി ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

**ചുങ്കക്കുന്ന് മേഖല**

29-6-2017 ൽ കേളകം സാൻജോസ് പള്ളിയിൽ വച്ച് മാതൃവേദി മേഖലാ മാനേജിംഗ് കമ്മിറ്റി ചേർന്നു. മേഖലാ ഡയറക്ടറായി ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ ചാർജ്ജെടുത്തു. അച്ചന്റെ നേതൃത്വത്തിൽ

ഒരു വൃക്ഷത്തൈ നട്ട് പുതിയ പ്രവർത്തനവർഷം ആരംഭിച്ചു. പുതിയ മാർഗ്ഗരേഖ വിതരണം ചെയ്തു.

**തരിയോട് മേഖല**

തരിയോട് മേഖലയുടെ ജപമാലറാലി ജൂലൈ 8 -ന് മഞ്ഞൂറ ദേവാലയത്തിൽ വച്ചു നടത്തി. 9 ഇടവകകളിൽ നിന്നും അമ്മമാർ പങ്കെടുത്തു.

**ബത്തേരി മേഖല**

ജൂലൈ 1-ന് മൂലങ്കാവ് സെന്റ് ജൂഡ് ദേവാലയത്തിൽ വച്ച് ബത്തേരി മേഖല ജനറൽ ബോഡി നടന്നു. മേഖലാ ഡയറക്ടർ ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. രൂപതാ ഡയറക്ടർ ബഹു. ഫാ. ജോഷി മഞ്ഞക്കുന്നേൽ 'സമൂഹ വളർച്ചയിൽ കുടുംബങ്ങളുടെ പങ്ക്' എന്ന വിഷയം അവതരിപ്പിച്ചു, മാർഗ്ഗരേഖ പ്രാകാശനം ചെയ്തു. മേഖലാ സാഹിത്യ മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. മേഖലാ ആനിമേറ്റർ സി. ലൂസി എസ്.എച്ച് എല്ലാവർക്കും നന്ദി പറഞ്ഞു.

**പൂളപ്പാടം**

മാതാപിതാക്കൾ നഷ്ടപ്പെട്ട ഇടവകയിലെ ഒരു വിദ്യാർത്ഥിക്ക് 2500/- രൂപ പഠനസഹായം നൽകി.

**ചെന്നലോട്**

ജൂൺ 18-ന് അമ്മമാർക്ക് സെമിനാർ സംഘടിപ്പിച്ചു. കുടുംബ ജീവിതത്തിന്റെ ഭദ്രത എങ്ങനെ കാത്തുസൂക്ഷിക്കാമെന്നും കുടുംബ നവീകരണത്തിൽ അമ്മമാരുടെ പങ്കിനെക്കുറിച്ചും ബഹു. ഫാ. സണ്ണി മഠത്തിൽ ക്ലാസ്സെടുത്തു.

**കയ്യൂന്നി**

അമ്മമാർക്കായി ജൂലൈ 3-ന് 'മഴക്കാല രോഗങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഡോ. ഡോണിയ വാണിശ്ശേരി ക്ലാസ്സെടുത്തു. പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മാസത്തിലെ മൂന്നാം ഞായറാഴ്ച്ച അമ്മമാർ ഒരുമിച്ചുകൂടാൻ തീരുമാനിച്ചു.

**പൂക്കോട്ടുംപാടം**

എല്ലാ ഭവനങ്ങളിലും തിരുഹൃദയ വണക്കമാസ പുസ്തകം എത്തിച്ചുകൊടുത്തു. മതബോധനത്തിന്റെ ആവശ്യകത മനസിലാക്കു വാൻ മാതാപിതാക്കൾക്ക് ശ്രീ. തോമസ് സാർ ക്ലാസ്സ് നൽകി.

**വാഴവറ്റ**

ജൂൺ 5-ന് പരിസ്ഥിതി ദിനം ആചരിച്ചു. വൃക്ഷതൈകൾ വിതരണം ചെയ്തു. സോപ്പുപൊടി നിർമ്മിച്ചു. ചുള്ളിയോട് മേഴ്സി ഹോം സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. കയ്യൂന്നി ഫാത്തിമ മാതാ പള്ളി സന്ദർശിച്ച് ദണ്ഡവിമോചനം നേടി. മദ്യവർജന ദിനത്തോടനുബന്ധിച്ച് കുരിശിന്റെ വഴി നടത്തി പ്രർത്ഥിച്ചു.

**ശാന്തിഗിരി**

കോളയാട് മരിയസദൻ സന്ദർശിച്ചു. ഇടവകയിൽനിന്നും ശേഖരിച്ച

ഭക്ഷണ സാധനങ്ങൾ നൽകി. മാതാവിന്റെ വണക്കമാസം വായിക്കുകയും ഇടവകയിൽ ജപമാല റാലി നടത്തുകയും ചെയ്തു.

**കാവുംമന്ദം**

ഇടവകയിലെ SSLC, +2 പരീക്ഷയിൽ full A+ നേടിയ കുട്ടികൾക്ക് സമ്മാനം നൽകി. സഹായം അർഹിക്കുന്നവർക്ക് 50 കിലോ അരി നൽകി. ജൂൺ മാസം മുഴുവൻ ആരാധനയുടെ സമയത്ത് തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കേളകം**

ഇടവകയിലെ SSLC പരീക്ഷയിൽ full A+ കിട്ടിയ കുട്ടികളെ ആദരിച്ച് അവർക്ക് ക്യാഷ് അവാർഡ് നൽകി. വിവാഹ സഹായം നൽകി.

**തൃശ്ശിലേരി**

പന്തകുസ്താ തിരുനാളിന് ഒരുക്കമായി ജാഗരണ പ്രാർത്ഥനയും 15-ാം തീയതി വി. കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി.

**ചുങ്കക്കുന്ന്**

ജൂൺ 1-ന് പുതിയ അദ്ധ്യയന വർഷാരംഭത്തോടനുബന്ധിച്ച് കുട്ടികൾക്കായ് കൈവെപ്പ് പ്രാർത്ഥന നടത്തി. അന്നേദിനം തന്നെ 'മഴക്കാല രോഗങ്ങളും പ്രതിവിധികളും' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഡോണിയ അമ്മമാർക്ക് സെമിനാർ നടത്തി. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി അമ്മമാർ വൃക്ഷത്തൈ നട്ടു. എല്ലാ ഭവനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നടത്തി. ഇടവകയിൽ നിന്നും മരണമടഞ്ഞവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തി.

**കമ്മന**

അമ്മമാർക്ക് സെമിനാർ നടത്തി. രൂപതാ ഡയറക്ടർ ബഹു. ജോഷി മഞ്ഞക്കുന്നേൽ അച്ചൻ ക്ലാസ്സ് എടുത്തു. കുട്ടികൾക്ക് ബാഗും നോട്ടുബുക്കും വിതരണം ചെയ്തു. ദേവാലയ നിർമ്മാണത്തിന്റെ ഭാഗമായി ധനശേഖരണാർത്ഥം അമ്മമാർ ചക്ക വറുത്ത് വിറ്റു.

**ഇരുളം**

നവദമ്പതികളെ അനുമോദിച്ച് സമ്മാനം നൽകി. മാതൃവേദിയുടെ മേഖലാ ഡയറക്ടർക്കും ആനിമേറ്റർക്കും യാത്രയയപ്പു നൽകി.

**പുതിയിടംകുന്ന്**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും പച്ചക്കറി തൈകൾ വിതരണം ചെയ്തു. മീറ്റിംഗുകളോടനുബന്ധിച്ച് ഭവനങ്ങളിൽ കുടുംബപ്രതിഷ്ഠ നടത്തുകയും തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. വാർഡുകളിൽ വായനയ്ക്കായി മാസികകൾ വിതരണം ചെയ്തു.

**മരിയൻ സിംഗിൾസ്**

ജൂലൈ 17-ന് മീറ്റിംഗിൽ 12 പേർ പങ്കെടുത്തു. സി. മരീന ജോസ് എസ്.എച്ച്. നേതൃത്വം നൽകി. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 21 -ന്.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ പ്രവർത്തകരെ,

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുവാനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നാം തുടരുകയാണല്ലൊ. സ്നേഹത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണല്ലൊ നമ്മുടെ സംഘടനയുടെ മുഖമുദ്ര. നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ നമ്മുടെ മനസ്സിൽ ദൈവം ജനിക്കുന്നു. നാം മറ്റുള്ളവരെ വെറുക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ദൈവം മരിക്കുന്നു. സ്നേഹം ദൈവമാണ്. നാം അപരനുവേണ്ടി സദ്കൃത്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ പ്രവർത്തനങ്ങൾ ദൈവീകമാകുകയാണ്. സ്നേഹമില്ലാതെയുള്ള നമ്മുടെ ഏതൊരു പ്രവർത്തിയും ഫലം നല്കാത്ത വൃക്ഷം പോലെയാകും. ഒരോ വിൻസെൻഷ്യനും നല്ല പ്രവർത്തികൾ ചെയ്യുമ്പോൾ സ്വർഗരാജ്യത്തിലേക്കുള്ള ഓരോ പടവുകളാണ് കയറുന്നത്. ദൈവം സ്നേഹമാകുന്നതുപോലെ നാമും സ്നേഹമാകണം. സഹോദരനുവേണ്ടി നാം സമയവും, സമ്പത്തും പങ്കുവയ്ക്കുമ്പോൾ ദൈവത്തിന് അനുരൂപരായി മാറുകയാണ്. സമ്പത്തിന്റെ കാവൽക്കാർ മാത്രമാണ് നാമെന്ന അടിസ്ഥാനതത്വം മറക്കരുത്. ദാനം ചെയ്ത് ഒരുവനും ദരിദ്രനാകുന്നില്ല. അതുകൊണ്ട് നാം ദാനം ചെയ്യുന്നവരായി മാറുവാൻ പരിശ്രമിക്കണം. നമ്മുടെ മുന്നിൽ യാചിക്കുന്ന ഒരുവനും നിരാശയോടെ മടങ്ങുവാൻ ഇടവരാതിരിക്കട്ടെ. കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നതിന്റെ തെളിവാണ് കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുന്നത്.

സെൻറ് വിൻസെന്റ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ രൂപതയിലെ വനിതാ കോൺഫ്രൻസ് ഭാരവാഹികൾക്കായി ഏകദിന നേതൃത്വപരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. 50-വനിതാ കോൺഫ്രൻസുകളിൽനിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. ലീലാമ്മ വിളയാനിപറമ്പിൽ, ലൗലി ചക്കിട്ടക്കുടി എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. വനിതാവിഭാഗം സി.സി. പ്രസിഡന്റ് ബേബി മരിയ പുലിക്കോട്ടിൽ അധ്യക്ഷം വഹിച്ചു. സെന്റ് വിൻസെന്റ് ഡി

പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ജോർജ്ജ് ആക്കാന്തിരി ഉദ്ഘാടനം ചെയ്തു. ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, സി.സി. വനിതാ പ്രതിനിധി സിസ്റ്റർ പ്രിയ ഷൈജൻ തടങ്ങഴിയിൽ എന്നിവർ ആശംസകളർപ്പിച്ചു. സി.സി. വൈസ് പ്രസിഡന്റ് ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ, സി.സി. ജനറൽസെക്രട്ടറി ബ്ര. ബാബു നമ്പുടാകം, സി.സി.ഓഫീസ് സെക്രട്ടറി ബ്ര.ജോൺ കണ്ണാട്ട്പറമ്പിൽ എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ എടുത്തു. വനിതാ വിഭാഗം സെക്രട്ടറി സിസ്റ്റർ ത്രേസ്യാമ്മ കൊച്ചുമലയിൽ സ്വാഗതവും, തരിയോട് എ.സി.പ്രസിഡന്റ് സിസ്റ്റർ റോസമ്മ അയ്യങ്കുഴയ്ക്കൽ നന്ദിയും പറഞ്ഞു. സ്നേഹവിരുന്നോടെ ക്യാമ്പ് സമാപിച്ചു.

സെൻട്രൽ കൗൺസിൽ ഭാരവാഹികളുടെ നേതൃത്വത്തിൽ ഏര്യ കൗൺസിൽ സന്ദർശനം തുടങ്ങിയ വിവരം ഇതിനകം സർക്കുലർ മുഖേന നിങ്ങളെല്ലാവരും അറിഞ്ഞുകാണുമല്ലോ. നിലമ്പൂർ എ.സി. സന്ദർശനം ജൂലൈ 16-ന് നടന്നു. എ.സി.യുടെ കീഴിലെ മുഴുവൻ കോൺഫ്രൻസുകളുടെയും ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു. എ.സി. പ്രസിഡന്റ് ബ്ര.തോമസ് വടക്കെമുറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം എ.സി. ആത്മീയ ഉപദേഷ്ടാവും നിലമ്പൂർ ഫൊറോന വികാരിയുമായ റവ.ഫാ.തോമസ് കച്ചിറയിൽ ഉദ്ഘാടനം ചെയ്തു. സി.സി.പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി, സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, സി.സി. വിദ്യാഭ്യാസ സ്കോളർഷിപ്പ് ഓഫീസർ ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ എന്നിവർ സംസാരിച്ചു. സി.സി. വൈസ്പ്രസിഡന്റ് ബ്ര. ജോസ് തുരുത്തിപ്പാറ ആശംസകളർപ്പിച്ചു.

എ.സി.സന്ദർശന തിയതി, സ്ഥലം എന്നിവ ചുവടെ ചേർക്കുന്നു. എല്ലാ സ്ഥലങ്ങളിലും (ചുണ്ടക്കര ഒഴികെ) ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ നാലുമണി വരെയാണ് സന്ദർശനത്തോടനുബന്ധിച്ചുള്ള യോഗം നടക്കുന്നത്. യോഗം കൃത്യസമയത്ത് തുടങ്ങുവാൻ വേണ്ടതായ ക്രമീകരണങ്ങൾ അതാത് എ.സി. പ്രസിഡന്റുമാർ നടത്തേണ്ടതാണ്. പുതിയ എ.സി. ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ട സ്ഥലങ്ങളിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ എ.സി.പ്രസിഡന്റുമാർ നടത്തേണ്ടതാണ്.

| | | |
|---|---|---|
| 2017 ഓഗസ്റ്റ് 6 - ഗൂഡല്ലൂർ എ.സി. | - | അരുൾനിലയം പള്ളിഹാൾ - 2 - 4 |
| ഓഗസ്റ്റ് 13 - തോണിച്ചാൽ എ.സി. | - | ദ്വാരക പള്ളി ഹാൾ - 2 - 4. |
| ഓഗസ്റ്റ് 20 - പയ്യമ്പള്ളി എ.സി. | - | ഒണ്ടയങ്ങാടി പള്ളി ഹാൾ - 2 - 4. |

| | | |
|---|---|---|
| ഓഗസ്റ്റ് 27 - നടവയൽ എ.സി. | - | നടവയൽ കോൺഫ്രൻസ് ഓഫീസ് - 2 - 4 |
| സെപ്തംമ്പർ 3 - ചുണ്ടക്കര എ.സി. | - | ചുണ്ടക്കര പള്ളിഹാൾ - 1.30 - 3.30. |
| സെപ്തംമ്പർ 10 - കല്പറ്റ എ.സി. | - | ഡി പോൾ പള്ളിഹാൾ - 2 - 4. |
| സെപ്തംമ്പർ 17 - കൊട്ടിയൂർ എ.സി | - | ചുങ്കക്കുന്ന് പള്ളിഹാൾ - 2 - 4. |
| സെപ്തംമ്പർ 24 - കുറുമ്പാല എ.സി. | - | കുറുമ്പാല പള്ളിഹാൾ - 2 - 4. |
| ഒക്ടോബർ 1 - മാനന്തവാടി എ.സി. | - | മാനന്തവാടി കത്തീഡ്രൽ ഹാൾ - 2 - 4. |
| ഒക്ടോബർ 15 - പാടിച്ചിറ എ.സി. | - | പാടിച്ചിറ പള്ളിഹാൾ - 2 - 4. |
| ഒക്ടോബർ 22 - പുൽപ്പള്ളി എ.സി. | - | മുള്ളൻകൊല്ലി പള്ളിഹാൾ - 2 - 4. |

**ഓസാനാംഭവൻ സന്ദർശനം**

2017-ഓഗസ്റ്റ് മാസം ഓസാനാംഭവൻ സന്ദർശനം നടത്തേണ്ട എ.സി.കൾ-ഓഗസ്റ്റ് ഒന്നുമുതൽ 15-വരെ ഗൂഡല്ലൂർ എ.സി.യുടെ കീഴിലുള്ള കോൺഫ്രൻസുകൾ. ഓഗസ്റ്റ് 16-മുതൽ 30-വരെ പാടിച്ചിറ എ.സി. യുടെ കീഴിലുള്ള കോൺഫ്രൻസുകൾ.

ജൂലൈ 15,16 തീയതികളിൽ നടന്ന കെ.ആർ.സി.സി.യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി പങ്കെടുത്തു. ചുണ്ടേൽ പള്ളിഹാളിൽ നടന്ന കോഴിക്കോട് സെൻട്രൽ കൗൺസിൽ വാർഷികത്തിൽ സി.സി. വൈസ്പ്രസിഡന്റ് ബ്ര.അഗസ്റ്റിൻ കൊടിയംകുന്നേൽ, സി.സി. ജനറൽസെക്രട്ടറി ബ്ര.ബാബു നമ്പുടാകം,സി.സി. ട്രഷറർ ബ്ര.എൻ.യു.ജോൺ, സി.സി.ഓഫീസ് സെക്രട്ടറി ബ്ര.ജോൺ കണ്ണാട്ട്പറമ്പിൽ എന്നിവർ ക്ലാസ്സെടുത്തു.

സ്നേഹാശംസകളോടെ,

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**

സി.സി. പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**സമഗ്ര ആദിവാസി വികസന പദ്ധതി**

**കുടനിർമ്മാണത്തിൽ വിദഗ്ദ്ധ പരിശീലനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട്, തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുടനിർമ്മാണത്തിൽ വിദഗ്ദ്ധ പരിശീലനം നൽകി. പദ്ധതിയിൽ പങ്കാളികളായ മുഴുവൻ അംഗങ്ങൾക്കും ഗ്രൂപ്പടിസ്ഥാനത്തിൽ പരിശീലനം നൽകുകയും, കുടനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ സൗജന്യമായി വിതരണം നടത്തുകയും ചെയ്തു. പരിശീലനത്തിന് ഫീൽഡ് ആനിമേറ്റർമാരായ ഷൈനി, ബിൻസി, ലിസി എന്നിവർ നേതൃത്വം നൽകി.

**കമ്പോസ്റ്റ് വിതരണം ചെയ്തു**

സമഗ്ര ആദിവാസി വികസനപദ്ധതിയിൽ അംഗങ്ങളായ 730 കുടുംബങ്ങൾക്കും അവരുടെ കൃഷിയിടത്തിൽ ഉപയോഗിക്കുന്നതിന് വാരണാസി കമ്പോസ്റ്റ് സൗജന്യമായി വിതരണം ചെയ്തു. 1,50,000 കി.ഗ്രാം കമ്പോസ്റ്റാണ് ഈ വർഷം വിതരണം ചെയ്തത്.

**പങ്കെടുത്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയത്ത് വെച്ച് നടത്തിയ വാർഷിക പൊതുയോഗത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് സെക്രട്ടറി റവ.ഫാ. ബിജോ കറുകപള്ളിൽ, അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടം, പ്രോഗ്രാം ഓഫീസർ ശ്രീ. ജോസ് പി.എ. എന്നിവർ പങ്കെടുത്തു.

**വാർഷിക പൊതുയോഗം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2017 ജൂൺ 17-ാം തീയതി WSSS ൽ വെച്ച് നടന്നു. മാനന്തവാടി രൂപതാ വികാരിജനറൽ വെരി.റവ.ഫാ. അബ്രാഹം നെല്ലിക്കൽ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ സാമൂഹ്യസേവന വിഭാഗം കോ-ഓഡിനേറ്റർ റവ.ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി റവ.ഫാ. ബിജോ കറുകപ്പള്ളിൽ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വാർഷിക പൊതുയോഗത്തിൽ വെച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് രൂപം നൽകി.

**പാരമ്പര്യ കുരുമുളകു സംരക്ഷണ പദ്ധതി**

നാടൻ കുരുമുളക് സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വെയും, നടീൽ വസ്തുക്കളുടെ ശേഖരണവും നടന്നു. ഇതിനോടകം 44 തരം കുരുമുളകിനങ്ങൾ വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, പരിസര പ്രദേശങ്ങളിൽ നിന്നുമായി ശേഖരിച്ചു. നഴ്സറിയിൽ നട്ടുവളർത്തിയിട്ടുള്ള നാടൻ കുരുമുളകിനങ്ങൾ പ്രധാന കൃഷിസ്ഥലത്തേയ്ക്ക് മാറ്റിനട്ടു. സാധാരണ കൃഷിരീതിയിൽ നിന്നും വ്യത്യസ്തമായി പരീക്ഷണാടിസ്ഥാനത്തിൽ 40 ഓളം സ്ഥിരം കാലുകൾ (Permanant pillars) നിർമ്മിച്ചു. വിവിധ മോഡലുകളിൽ ഡിസൈൻ ചെയ്തിട്ടുള്ള കാലുകളിൽ കുരുമുളകിനങ്ങൾ നട്ടുവളർത്താൻ ആരംഭിച്ചു.

കുരുമുളകിനങ്ങളുടെ മാതൃ-സസ്യശേഖരണം ഒരുക്കുന്നതിന്റെ ഭാഗമായി 17-ൽ പരം സ്ഥിരം താങ്ങുകാലുകൾ സ്ഥാപിച്ചു. കുരുമുളകിനങ്ങളുടെ ജീൻബാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലത്ത് സിൽവർ തൈകൾ, കൊന്നകാലുകൾ എന്നിവ നട്ടു. പൂർണ്ണമായ ജൈവകൃഷിയും, ബയോഡയനാമിക് രീതിയുമാണ് കൃഷിയിൽ നടപ്പിലാക്കിവരുന്നത്. പ്രത്യേകം ഒരുക്കിയ സ്ഥലത്ത് ഇടവിളയായി മഞ്ഞൾ കൃഷി നടത്തിവരുന്നു.

പദ്ധതിയോടനുബന്ധിച്ചുള്ള ജൈവവള നിർമ്മാണത്തിനുവേണ്ടിയുള്ള പരിശീലനം ഈ മാസം 8-ാം തീയതി ബോയ്സ് ടൗണിൽ വച്ചു നടത്തി. തെരഞ്ഞെടുക്കപ്പെട്ട കർഷകരും, NABARD ൽ നിന്നുള്ള ഉദ്യോഗസ്ഥരും പരിശീലന പരിപാടിയിൽ പങ്കെടുത്തു. പഞ്ചഗവ്യം, ഫിഷ് അമിനോആസ്, ഇം.എം. ലായനി തുടങ്ങിയ ജൈവവളങ്ങൾ നിർമ്മിക്കുവാനാണ് പരിശീലനം നൽകിയത്.

നിലവിലുള്ള ബോട്ടാണിക് ഗാർഡന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചില അപൂർവ്വയിനം ഔഷധസസ്യങ്ങൾ ശേഖരിക്കുകയും ഗാർഡനിൽ നടുകയുമുണ്ടായി. ബോയ്സ് ടൗണിൽ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുള്ള Knowledge centre- ൽ കൃഷി സംബന്ധമായ ഗ്രന്ഥങ്ങളുടെ ശേഖരണം നടന്നു. ആയൂർവേദ ഗ്രന്ഥങ്ങളും, ജൈവകൃഷിയോടനുബന്ധിച്ചുള്ള ഗ്രന്ഥങ്ങളും ഇതിൽപ്പെടുന്നു.

പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിംഗ് ഏജൻസിയുടെ സന്ദർശനവും നടന്നു. ജർമ്മനിയിൽ നിന്നുള്ള വിദഗ്ധ സംഘത്തിന്റെ സന്ദർശന പരിപാടിക്ക് WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിയും മറ്റു മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു. പദ്ധതിയുടെ ഭാവിപ്രവർത്തനങ്ങളും ചർച്ച ചെയ്തു.

**ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം**

കാരിത്താസ് ഇന്ത്യയുടെ ക്യാൻസർ സുരക്ഷായജ്ഞമായ ആശാകിരണം മാനന്തവാടി രൂപതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കി വരുന്നു.

ഇടവകകൾ കേന്ദ്രീകരിച്ച് വിവിധ സംഘടനകളുടെ സഹായത്തോടെ ക്യാൻസറിനെതിരായ ബോധവത്ക്കരണവും ഭക്ഷ്യസുരക്ഷാ പദ്ധതികളും നടപ്പിലാക്കിവരുന്നു. പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് വിവിധ വരുമാന വർദ്ധക പരിപാടികളും ആസൂത്രണം ചെയ്യുന്നു.

ആശാകിരണം പദ്ധതിയുടെ യൂണിറ്റ്തല ഉദ്ഘാടനം ജലസംരക്ഷണ പരിപാടികൾ വരുമാനവർദ്ധക പരിപാടികൾ ക്യാൻസർ ബോധവത്ക്കരണ സെമിനാറുകൾ എന്നിവ പയ്യംപള്ളി, എടയൂർകുന്ന്, ആറാട്ടുതറ, ചെറുകാട്ടൂർ, കുറുക്കൻമൂല, മൊതക്കര, പോരൂർ, എടത്തന, തവിഞ്ഞാൽ, കബനിഗിരി, സീതാമൗണ്ട്, പാടിച്ചിറ, പട്ടാണികൂപ്പ്, ശശിമല, മരകാവ്, വഞ്ഞോട് എന്നിവിടങ്ങളിൽ നടന്നു.

മാനന്തവാടി സെന്റ് ജോസഫ്സ് ആശുപത്രിയുടെ സഹായത്തോടെ നടത്തിയ മെഡിക്കൽ ക്യാമ്പിൽ അഞ്ഞൂറിലധികം ആളുകൾ പങ്കെടുത്തു.

ആശാകിരണം രോഗീസഹായ നിധിയിലേക്കുള്ള ധനശേഖരണാർത്ഥം നടത്തുന്ന സമ്മാനകൂപ്പൺ വിൽപ്പനയിൽ ഇതുവരെ 85000 രൂപ വരവ് ലഭിക്കുകയും രണ്ട് രോഗികൾക്ക് സഹായം നൽകുകയും ചെയ്തു.

**ജനകീയ സംഘാടനം**

ഇടവകാതലത്തിള്ള WSSS ന്റെ ജനകീയ സംഘാടനവേദിയായ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ക്യാൻസർ സുരക്ഷാ യജ്ഞമായ ആശാകിരണം നടപ്പിൽ വരുത്തുന്നത് സോഷ്യൽ വെൽഫയർ സൊസൈറ്റികൾ വഴിയാണ്.

കമ്മ്യൂണിറ്റി ഡെവലപ്മെന്റർ, സെക്രട്ടറിമാർ തുടങ്ങിയവർക്കുള്ള മാസ മീറ്റിംഗിൽ ഭക്ഷ്യസുരക്ഷയേകുറിച്ചും ക്യാൻസർ പ്രതിരോധത്തെകുറിച്ചും ഫാ. ജോസഫ് ചിറ്റൂർ, ഡോ. തന്മയ്സ്വാമി എന്നിവർ സെമിനാർ നയിച്ചു.

ക്യാൻസർ സുരക്ഷാ ക്ലാസുകൾ ഭക്ഷ്യസുരക്ഷാ സെമിനാറുകൾ, ജലസംരക്ഷണ പരിപാടികൾ തുടങ്ങി നിരവധി പദ്ധതികൾ SWS കളിൽ നടത്തിവരുന്നു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിൽവരുത്തുന്ന NABARD ന്റെ വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രസ്തുത ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് ഗ്രൂപ്പ് വിസിറ്റ്, വരുമാനവർദ്ധക പരിപാടികളുടെ നിരീക്ഷണം എന്നിവ നടക്കുന്നു. വിവിധ ഗ്രൂപ്പുകൾക്ക് ബാങ്കുകളിൽ നിന്ന് 30 ലക്ഷത്തോളം രൂപ വായ്പ തുക ലഭിക്കുകയുണ്ടായി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. ഇപ്പോൾ നിലവിൽ 330 കുടുംബങ്ങൾ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചു വരുന്നു.

വിവിധ വരുമാനപദ്ധതികൾക്കായി സേവ് എ ഫാമിലി പ്ലാനിൽ ഉൾപ്പെട്ട 34 കുടുംബങ്ങൾക്കായി ഈ മാസം മൂന്നു ലക്ഷത്തി എൺപതി നാലായിരം രൂപ വിതരണം ചെയ്തു.

സേവ് എ ഫാമിലി പ്ലാനിലേയ്ക്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹ തയുള്ള കുടുംബങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ഇട വകകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**കേരളാ ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകര ണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരളാ ലേബർ മൂവ്മെന്റിന്റെ മാനന്ത വാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**തയ്യൽ തൊഴിലാളി ക്ഷേമനിധി (KTWF)**

കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ പുതിയ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. ഇതുവരെ ലഭിച്ച അപേക്ഷകളുടെ രജിസ്ട്രേഷൻ ജൂലൈ 27 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടക്കുന്നതാണ്.

1994 ൽ കേരള നിയമസഭ പാസ്സാക്കിയ 16-ാമത്തെ ആക്ട് അനുസ രിച്ച് 1995 ഒക്ടോബർ 16-ന് നിലവിൽ വന്ന ക്ഷേമനിധിയാണ് തയ്യൽ തൊഴി ലാളി ക്ഷേനിധി.

തയ്യൽ, എംബ്രോയിഡറി, ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്നവർ എന്നിവർക്ക് ഈ ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാം. അത്യാവശ്യം തയ്യൽ അറിയാവുന്ന 20-നും 53 നും ഇടയ്ക്ക് പ്രായമുള്ള ഏതൊരാൾക്കും അംഗത്വമെടുക്കാം.

**ആനുകൂല്യങ്ങൾ**

പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ, വിവാഹാനു കൂല്യം, പ്രസവധനസഹായം (15000) മരണാനന്തര സഹായം, വിദ്യാ ഭ്യാസാനുകൂല്യങ്ങൾ (600 മുതൽ 25000 വരെ) ഒരുവർഷം (20 X12) 240 രൂപയാണ് അംശാദായം.

**ബോധവത്ക്കരണ ക്ലാസ്**

തോമാട്ടുചാൽ, വടുവഞ്ചാൽ, മൊതക്കര എന്നീ സ്ഥലങ്ങളിൽ സി. ഇന്നസെന്റും ശ്രേയസ്സ് തവിഞ്ഞാൽ യൂണിറ്റിൽ കോഡിനേറ്റർ മിനിയും ക്ഷേനിധികളെകുറിച്ച് ക്ലാസെടുത്തു.

**ഫോറം ലീഡേഴ്സ് മീറ്റിംഗ്**

എല്ലാ ഫോറങ്ങളുടെയും സംസ്ഥാനതല സമിതി പുന:സംഘടിപ്പി ക്കുന്നതിനായി എല്ലാ ഫോറങ്ങളുടെയും സംസ്ഥാന ജനറൽ കൗൺസിൽ യോഗം സംയുക്തമായി ജൂൺ 25, 26 ദിവസങ്ങളിൽ എറണാകുളം പി.ഒ. സി. യിൽ വെച്ച് നടന്നു. രൂപതയിൽ നിന്നും ഫോറം ലീഡേഴ്സായ ശ്രീ. ബിജു മരോട്ടിമൂട്ടിൽ, ശ്രീ. ഇ.യു. പൈലി, സുമ രാജൻ എന്നിവർ പങ്കെ ടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

കെ.എൽ.എം. എക്സിക്യൂട്ടീവ് മീറ്റിംഗും ഫോറം ലീഡേഴ്സ് മീറ്റിംഗും ജൂലൈ 31 ന് നടത്താൻ തീരുമാനിച്ചു.

**DDU - GKY**

കേന്ദ്രഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ, ബിപിഒ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. താത്പര്യമുള്ളവർ എത്രയും വേഗം WSSS മായി ബന്ധപ്പെടുക.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

DDU-GKY, NULM കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2 ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസുമാണ് അടിസ്ഥാന പ്രവേശന യോഗ്യത.

**വികാസ് പീഡിയ**

വികസനം വിജ്ഞാനം പകർന്നു കൊടുക്കുന്നതിലൂടെയും ശേഖരിക്കുന്നതിലൂടെയും എന്നതാണ് പ്രധാന ലക്ഷ്യം. ഭാരതത്തിലെ എല്ലാവിഭാഗം ജനങ്ങളെയും അറിവിന്റെ പാതയിലേയ്ക്ക് നയിക്കുക എന്നതും ഈ വിജ്ഞാന പോർട്ടൽ നടപ്പിലാക്കുന്നു. വിവിധ വിഷയങ്ങളിൽ ഇന്ത്യയിലെ

വിവിധ ഭാഷകളിൽ വികാസ്പീഡിയ പോർട്ടലിൽ അറിവുകൾ നേടുവാൻ ഇന്ത്യയിലെ ഏതൊരു പൗരനും സഹായകമായ രീതിയിലാണ് ഭാരത സർക്കാർ ഈ പോർട്ടൽ വികസിപ്പിച്ചെടുത്തിരിക്കുന്നത്. സമൂഹ വികസന ത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് ഇന്ത്യാ ഗവൺമെന്റ് സി-ഡാകു മായി ചേർന്ന് വികാസ്പീഡിയ പോർട്ടൽ ജനങ്ങളിലേയ്ക്ക് എത്തിച്ചിരി ക്കുന്നത്.

മാധ്യമ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവരശേ ഖരണവും വിവരവിനിമയുവം പങ്കുവയ്ക്കലും സാധാരണക്കാർക്ക് ലഭ്യമാ ക്കുന്നതിലേക്കായി പ്രധാനമായും ആറു വിഭാഗങ്ങളിലായി വിഭജിച്ചിരിക്കുന്ന ഉള്ളടക്കത്തെ ഓരോ ദിവസവും പുതിയ അറിവുകളുടെ കൂട്ടിച്ചേർക്കൽ, നിലവിലുള്ള ഉള്ളടക്കങ്ങളുടെ പുന:പരിശോധനയും പുതുക്കലും വഴി വിശ്വാ സ്യത ഉറപ്പാക്കുന്നു. ഇതിനായി ഓരോ വിഷയങ്ങളിലും വിദഗ്ദരായവരുടെ പ്രത്യേക പാനൽ പ്രവർത്തിച്ചുവരുന്നു. സമൂഹവികസനത്തിന് കാതലായ മാറ്റങ്ങൾ വരുത്തുന്ന ഒട്ടനവധി അറിവുകളും വിവരങ്ങളും മൊബൈൽ ആപ്ലി ക്കേഷനുകളും അടങ്ങുന്നതാണ് വികാസ്പീഡിയ പോർട്ടൽ.

വിവരസാങ്കേതിക വിദ്യയും മാധ്യമങ്ങളും ഉപയോഗിച്ച് സർക്കാർ ഡിപ്പാർട്ടുമെന്റും സർക്കാർ ഇതര സംഘടനകളുമായി സഹകരിച്ച് വികാ സ്പീഡിയയുടെ പ്രചാരണത്തിനും ഉള്ളടക്ക ശേഖരണത്തിനുമായി ശില്പ ശാലകൾ ബോധവത്ക്കരണ ക്ലാസുകൾ, പ്രചാരണ സ്റ്റാളുകൾ നടത്തപ്പെ ട്ടുവരുന്നു. ഒപ്പംതന്നെ കേരളത്തിലെവിടെയും നടത്തപ്പെടുന്ന പൊതുപരി പാടികളിലും സെമിനാറുകളിലും വികാസ്പീഡിയ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

**ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി (FDGT)**

കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിലുള്ള പി.എസ്.സി./ഗവ. അംഗീകൃത കോഴ്സായ ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി കോഴ്സിലേക്ക് ജൂലൈ മാസത്തിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. രണ്ടുവർഷമാണ് കോഴ്സിന്റെ കാലാവധി. ഈ കോഴ്സ് കൂടാതെ ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്കും പ്രവേശനം ആരംഭിച്ചിരിക്കുന്നു. (ഫാബ്രിക് പെയിന്റിംഗ്, ഗ്ലാസ് പെയിന്റിംഗ്, ഫ്ളവർ മേക്കിംഗ്, മിഷ്യൻ എംബ്രോ യ്ഡറി, ഹാൻഡ് എംബ്രോയ്ഡറി, കട്ടിംഗ് & ടെയ്ലറിംഗ്). കൂടുതൽ വിവ രങ്ങൾക്ക് 8547346329, 04935 240314 എന്നീ ഫോൺ നമ്പറുകളിൽ ബന്ധ പ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

## (ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

പോഷക സമൃദ്ധവും ആരോഗ്യകരവും വിഷാംശം തീരെയില്ലാത്തതുമായ ഭക്ഷ്യവസ്തുക്കൾ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ഉല്പ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കൃഷിയിടങ്ങളിൽ തന്നെയുള്ള വസ്തുക്കളെ ഉപയോഗപ്പെടുത്തിയും അന്യവസ്തുക്കളെയും രാസവളങ്ങളെയും രാസ കീടനാശിനികളെയും പരമാവധി ഒഴിവാക്കിക്കൊണ്ടും മണ്ണിന്റെ വളക്കൂറും ഘടനയും മെച്ചപ്പെടുത്താനുതകുന്ന തരത്തിൽ വിളകളും വിള വ്യവസ്ഥകളും തിരഞ്ഞെടുത്തും ചെയ്യുന്ന ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി മികച്ച വരുമാനം നേടുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുമായി ആരംഭിച്ച ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നോട്ടു പോയ്കൊണ്ടിരിക്കുന്നു. ജൂൺ മാസത്തിൽ പദ്ധതിയിലേക്ക് പുതിയതായി 937 കർഷകർ അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ ഇവരെ പ്രാദേശിക അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു.

**പരിസ്ഥിതി ദിനം ആചരിച്ചു**

ബയോവിൻ അഗ്രോ റിസേർച്ച്, വൊഫാ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനം ആചരിച്ചു. 20,000 കറുവപ്പട്ട തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു. മുൻസിപ്പൽ ചെയർമാൻ ശ്രീ.വി.ആർ. പ്രവീജ് തൈകളുടെ വിതരണം ഉദ്ഘാടനം നടത്തി. ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു.

സർട്ടിഫൈഡ് ജൈവ വളങ്ങളെ പറ്റി കർഷകരിൽ അവബോധമുണ്ടാക്കാനായി ഫീൽഡ് കോർഡിനേറ്റർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. ജൈവവള നിർമ്മാണ കമ്പനിയായ ക്യാംസൻ ബയോടെക്നോളജീസിൽ നിന്നും ശ്രീ. പ്രമോദ് ക്ലാസ്സുകൾ നൽകി.

**സെമിനാറുകൾ നടത്തി**

ജൈവവളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 28 സെമിനാറുകൾ നടത്തി. എ.ഇ.ഓ. മാരായ കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. ഇല്ലത്തുമൂല, പനവല്ലി, കല്ലുവയൽ, മലങ്കര, മാടക്കുന്ന്, വടുവഞ്ചാൽ, അപ്പപ്പാലം, കമ്മന, നിരവിൽപ്പുഴ, എടമുണ്ട, നാരോക്കടവ്, കുറുമണി, വാകേരി, കേണിച്ചിറ, കുടുക്കി, മുണ്ടക്കൊല്ലി, നമ്പിയാർകുന്ന്, കല്ലൂർ,

മണൽവയൽ, കരിമ്പാടികുനി, മടക്കിമല എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് സെമിനാറുകൾ സംഘടിപ്പിച്ചത്. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**കർഷക ഗ്രൂപ്പ് (ഐസിഎസ്) രജിസ്ട്രേഷൻ**

കഴിഞ്ഞ ഒരു വർഷമായി പദ്ധതിയിൽ അംഗങ്ങളായ കർഷകരെ 25 മുതൽ 500 വരെ കർഷകരുൾപ്പെടുന്ന ഗ്രൂപ്പുകളാക്കി പ്രാദേശിക അടിസ്ഥാനത്തിൽ രൂപീകരിക്കുകയും അവരിൽ നിന്നും ഒരു ഭരണ സമിതിയെ തിരഞ്ഞെടുക്കുകയും, കർഷകരെ APEDA യിൽ രജിസ്റ്റർ ചെയ്യുന്നതിന്റെ ആദ്യപടിയായി ഐസിഎസ്സുകളെ സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ കോർഡിനേറ്റർ ശ്രീ. അമൽ ആന്റണി യുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിംങ്ങുകളിൽ റീജിണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ പരിശീലനം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 102 ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് ഏകദിന പരിശീലനം സംഘടിപ്പിച്ചു. പരിശോധന നടത്തേണ്ട രീതി, മാനദണ്ഡങ്ങൾ, പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ട വിധം എന്നീ വിഷയങ്ങളിൽ ശ്രീമതി രമ്യ ക്ലാസ്സുകൾ നൽകി. ശ്രീ. ഷാജി ജോസ്, ശ്രീ. അമൽ ആന്റണി എന്നിവർ സംസാരിച്ചു.

**ഫെയർട്രേഡ് - സംഭരണം**

വോഫായിൽ അംഗങ്ങളായ കർഷരിൽ നിന്നും ജൂൺ മാസം 1502 കിലോ തേങ്ങ, 5975 കിലോ മാങ്ങ എന്നിവ 35 രൂപ നിരക്കിൽ സംഭരിച്ചു.

**ജലസേചന സൗകര്യത്തിന് മോട്ടറുകൾ വിതരണം ചെയ്തു**

വോഫായിൽ അംഗങ്ങളായ ആദിവാസി വിഭാഗത്തിൽ ഉൾപ്പെടുന്ന കർഷകരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി തൊണ്ടർനാട് പഞ്ചായത്തിലെ ചുരുളിയിലെ 25 കർഷകർക്ക് ജലസേചന സൗകര്യത്തിനായി 5 HP ഡീസൽ മോട്ടോർ, 150 മീറ്റർ പൈപ്പ് എന്നിവ വൊഫാ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ, ശ്രീ. അമൽ ആന്റണി, ഫീൽഡ് കോർഡിനേറ്റർ ശ്രീമതി ഷീല എന്നിവരുടെ സാന്നിധ്യത്തിൽ വിതരണം ചെയ്തു.

**വൊഫാ വാർഷിക പൊതുയോഗം 2016-17**

414 കർഷകരുമായി 2008 ൽ രൂപീകൃതമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് സംഘടനയായ WSSS

ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (WOFFA) ആരംഭകാലഘട്ടം മുതൽ കർഷകർക്ക് പ്രതീക്ഷ നൽകിക്കൊണ്ട് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ 7 വർഷങ്ങൾ പിന്നിടുകയാണ്. സംഘടനയുടെ അഭൂതപൂർവ്വമായ വളർച്ച ഏറെ അഭിമാനകരമാണ്. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ജൈവ ഫെയർട്രേഡ് കർഷക സംഘടനയായ വോഫയിൽ 7609 കർഷകരാണിന്നുള്ളത്. സംഘടനയുടെ 2016-17 വർഷത്തെ വാർഷിക പൊതുയോഗം ജൂൺ മാസം 27 ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. യോഗത്തിൽ വൊഫാ ചെയർമാൻ അഡ്വ.ഫാ.ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. അംഗങ്ങളെ WSSS ഡയറക്ടറും വൊഫാ എക്സിക്യൂട്ടീവ് മെമ്പറുമായ റവ. ഫാ. ബിജോ കറുകപ്പള്ളിൽ സ്വാഗതം ചെയ്തു. സംഘടയുടെ 2016-17 വാർഷിക പൊതുയോഗം റവ. ഫാ. ജോസഫ് ചിറ്റൂർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ജീവിതശൈലി രോഗങ്ങൾ എന്ന വിഷയത്തിൽ സ്വാമി തന്മയാനന്ദ (ഡോ.തമ്പാൻ), റവ. ഫാ. ജോസഫ് ചിറ്റൂർ എന്നിവർ ക്ലാസ്സെടുത്തു. പ്ലസ് റ്റു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ 19 വിദ്യാർത്ഥികളെ ആദരിച്ചു. 2000 രൂപ വീതം ക്യാഷ് അവാർഡും ഫലകവും WSSS ജോ. ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വിതരണം ചെയ്തു. വൊഫാ ചെയർമാൻ അഡ്വ. ഫാ.ജോൺ ചൂരപ്പുഴയിൽ 2016-17 വർഷത്തെ വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ, 2017-18 വർഷത്തെ ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുകയും അംഗങ്ങൾ ഐക്യകണ്ഠേന പാസ്സാക്കുകയും ചെയ്തു.

യോഗത്തിൽ സംഘടനയുടെ 2017-20 വർഷത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് നടന്നു. പ്രസ്തുത തെരഞ്ഞെടുപ്പിൽ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ (ചെയർമാൻ), ശ്രീ. ചാക്കോ ചെറുപ്ലാവിൽ (വൈസ് ചെയർമാൻ), ശ്രീ. സണ്ണി മൂലക്കര (സെക്രട്ടറി), ശ്രീ. ജോയി പരിയാരത്ത് (ജോ.സെക്രട്ടറി), ശ്രീ.മാത്യു കൊളപ്പള്ളി (ട്രഷറർ), റവ.ഫാ.ബിജോ കറുകപ്പള്ളിൽ (എക്സി. മെമ്പർ), ശ്രീ. അണ്ണൻ ചുരുളി (എക്സി.മെമ്പർ), ശ്രീമതി ലിസി കുര്യാക്കോസ് (എക്സി.മെമ്പർ), ശ്രീ.പി.കെ.മുരളീധരൻ (എക്സി.മെമ്പർ) എന്നിവരെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

**2016-17 വർഷത്തെ വോഫായുടെ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ**

**1. ചികിത്സാ സഹായം**

ചികിത്സ സഹായത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുകയും ഏറ്റവും അർഹരായ 103 രോഗികൾക്കായി 908000 രൂപ ചികിത്സാ സഹായകമായി വിതരണം ചെയ്യുകയും ചെയ്തു.

**2. കാടുവെട്ടു മെഷീൻ സബ്സിഡി**

കാടുവെട്ടു മെഷീന് അപേക്ഷ സമർപ്പിക്കുകയും, നിബന്ധനകൾക്കനുസൃതമായി ബിൽ ഓഫീസിൽ ഹാജരാക്കിയ 2 സംഘങ്ങൾക്കായി 10000/- രൂപ വിതരണം ചെയ്യുകയും ചെയ്തു.

**3. വിദ്യാഭ്യാസ സഹായം**

വിദ്യാഭ്യാസ സഹായത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുകയും ഏറ്റവും അർഹരായ 2 വിദ്യാർത്ഥികൾക്കായി 60,000 രൂപ വിദ്യാഭ്യാസ സഹായം വിതരണം ചെയ്യുകയും ചെയ്തു.

**4. ഭവന നിർമ്മാണം**

ഭവന നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ 3 കുടുംബങ്ങൾക്കായി 3,00,000/- രൂപ വിതരണം ചെയ്തു.

**5. ജൈവവള നിർമ്മാണം**

ജൈവകൃഷി പ്രോത്സാഹനത്തിനും, ഗുണമേന്മയുള്ള ജൈവവളം ഗ്രൂപ്പുതലത്തിൽ നിർമ്മിക്കുന്നതിനുമായി നൽകി വരുന്ന സാമ്പത്തിക സഹായം 2016-17 സാമ്പത്തിക വർഷത്തിൽ 30000/- രൂപ വീതം 14 ഗ്രൂപ്പുകൾക്കായി വിതരണം ചെയ്തു.

**6. കക്ക വിതരണം**

PH അനുപാത നിയന്ത്രണത്തിലൂടെ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ 41379 കിലോഗ്രാം കക്ക വൊഫയിൽ ഉൽപന്നം ലഭ്യമാക്കിയ കർഷകർക്ക് വിതരണം ചെയ്തു.

**7. ജലസേചനത്തിനായുള്ള സാമ്പത്തിക സഹായം**

കൃഷിഭൂമിയിൽ ജലസേചന സൗകര്യമൊരുക്കുന്നതിനായി നിബന്ധനകൾക്കനുസൃതമായി അപേക്ഷ സമർപ്പിച്ച 954 കർഷകർക്ക് സാമ്പത്തിക സഹായമായി 95,40,000/- രൂപ വിതരണം ചെയ്തു.

**8. ആദിവാസി വിഭാഗത്തിലെ കർഷകർക്ക്**

പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ചുരുളി ഗ്രാമത്തിലെ 30 കർഷകർക്കായി ജലസേചന സൗകര്യമൊരുക്കുന്നതിന് 5 HP മോട്ടറും 150 മീറ്റർ പൈപ്പും വാങ്ങി നൽകുകയും സ്വന്തമായി കുരുമുളക് തൈകൾ ഉല്പ്പാദിപ്പിക്കുന്നതിന് നേഴ്സറി തുടങ്ങുന്നതിനുള്ള സഹായം നൽകുകയും ചെയ്തു.

**9. നടീൽ തൈ വിതരണം**

1. 2016-17 സാമ്പത്തിക വർഷത്തിൽ വോഫ 3 ലക്ഷത്തോളം CxR ഇനത്തിൽപ്പെട്ട കാപ്പിതൈകൾ നേഴ്സറിയിൽ ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ നിർവ്വഹിച്ചു.

2. 2016-17 സാമ്പത്തിക വർഷത്തിൽ 10,000 പൈനാപ്പിൾ തൈകൾ കർഷകർക്ക് വിതരണം ചെയ്തു.

3. 2016-17 സാമ്പത്തിക വർഷത്തിൽ 20,000 കറുവപ്പട്ട തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു.

4. 2016-17 സാമ്പത്തിക വർഷത്തിൽ 10,00,000 കുരുമുളക് തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നേഴ്സറിയിൽ ക്രമീകരിച്ചു.

**10. ടാർപോളിൻ ഷീറ്റ് വിതരണം**

വോഫയിൽ ഉത്പന്നങ്ങൾ വിപണനം നൽകിയ 1000 കർഷകർക്ക് 2250 രൂപ വിലവരുന്ന ടാർപോളിൻ ഷീറ്റ് 1000 രൂപ നിരക്കിൽ വിതരണം ചെയ്തു.

**11. ജൈവകർഷക അവാർഡ്**

വോഫയിലെ കർഷകരിൽ നിന്നും 3 മികച്ച കർഷകരെ കണ്ടെത്തു

കയും ജൈവകർഷക സംഗമത്തിൽ വെച്ച്, 1,2,3 സ്ഥാനക്കാർക്ക് മെമന്റോയും 25,000 രൂപ, 15,000 രൂപ, 10,000 രൂപ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡും വിതരണം ചെയ്യുകയും ചെയ്തു.

**കഫേ വാർഷിക പൊതുയോഗം 2016-17**

2015 മുതൽ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വേണ്ടി 2015 ജൂലൈ മാസം 20 ന് രൂപീകരിക്കപ്പെട്ട ഫെയർട്രേഡ് സംഘടനയാണ് കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ് (കഫേ). 2859 കർഷകരാൽ രൂപം കൊണ്ട സംഘടനയിൽ 2016-17 വർഷത്തിൽ 4358 അംഗങ്ങളാണുള്ളത്.

കഫേയുടെ ആദ്യ വാർഷിക പൊതുയോഗം 2017 ജൂൺ മാസം 30 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. കഫേ ചെയർമാൻ റവ. ഫാ. ബിജു കോയിക്കാട്ടിൽ അധ്യക്ഷത വഹിച്ച വാർഷിക പൊതുയോഗത്തിന്റെ ഉദ്ഘാടന കർമ്മം മാനന്തവാടി രൂപത സോഷ്യൽ സർവ്വീസ് വിങ് കോർഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ കഫേ ഉപദേഷ്ടാവും ബയോവിൻ അഗ്രോ റിസേർച്ച് ചെയർമാനുമായ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തി. തുർന്ന് സെക്രട്ടറി ശ്രീ. പി.എ. ജോസഫ് സംഘടയുടെ 2016-17 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ്-ചെലവ് കണക്ക്, 2017-18 വർഷത്തെ ബഡ്ജറ്റ് കരട് രേഖ, ഫെയർ ട്രേഡ് ഡവലപ്മെന്റ് പ്ലാൻ തുടങ്ങിയവ അവതരിപ്പിക്കുകയും അംഗങ്ങളുടെ പ്രവർത്തന അംഗീകാരം നേടുകയും ചെയ്തു.

തുടർന്ന് 2017-18 വർഷത്തെ സംഘടനയുടെ ഭരണസമിതി അംഗങ്ങളായി നിലവിൽ സേവനമനുഷ്ഠിക്കുന്ന ഫാ. ബിജു കോയിക്കാട്ടിൽ (ചെയർമാൻ), ശ്രീ. ചന്തു എം. എം (വൈസ് ചെയർമാൻ), ശ്രീ. പി.എ. ജോസഫ് (സെക്രട്ടറി), ശ്രീ. രാധാകൃഷ്ണൻ മാസ്റ്റർ (ജോ.സെക്രട്ടറി), ശ്രീ. തോമസ് പി.എ (ട്രഷറർ), ശ്രീ. വിനീഷ് മാത്യു (എക്സി.മെമ്പർ), ശ്രീ. നിധിൻ ജോണി (എക്സി.മെമ്പർ), ശ്രീ. മാത്യു ടി എം (എക്സി.മെമ്പർ), ശ്രീ. കേശവൻ വി (എക്സി.മെമ്പർ), ശ്രീ. പി.എം വർഗ്ഗീസ് (എക്സി. മെമ്പർ) എന്നിവരെ യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

**ബയോലാന്റ് അഗ്രോ പ്രൊസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജൂൺ മാസത്തിലും കാപ്പി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, തേങ്ങ, പൈനാപ്പിൾ, ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മാനേജ്മെന്റ് കമ്മിറ്റി**

മാനേജ്മെന്റ് കമ്മിറ്റിയിലേക്ക് പുതിയ അംഗങ്ങളായി കെ. മമ്മൂട്ടി, ഫാത്തിമ ബീഗം, സുനിൽ കെ.ജി, ഡോ. കെ.എം. ജോസ്, ഡോ. വി. ജിതേഷ്, ഷാജു പി ജെയിംസ്, സാബു പി.എ, എം.പി വത്സൻ, രാകേഷ്, ദേവകി കെ. എന്നിവരെ ഉൾപ്പെടുത്തി. 2019 മെയ് 31 വരെയായിരിക്കും ഇവരുടെ പ്രവർത്തന കാലാവധി. പുതിയ മാനേജ്മെന്റ് കമ്മിറ്റിയംഗങ്ങൾക്ക് അനുമോദനങ്ങളും വിജയാ ശംസകളും.

മനേജ്മെന്റ് കമ്മിറ്റിയുടെ അടുത്തയോഗം ഓഗസ്റ്റ് 13 ന് ഉച്ചകഴിഞ്ഞ് 02.30 ന് ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതായിരിക്കും. എല്ലാ അംഗങ്ങളും സമയം മുൻകൂട്ടി ക്രമീകരിച്ച് ആദ്യന്തം യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**തത്സമയ ഫോൺ ഇൻ പരിപാടി**

**സാക്ഷരതാ മിഷൻ പ്രവർത്തനങ്ങൾ**

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളേയും തുല്യതാ പഠന പരിപാടികളേയും കുറിച്ചറിയാൻ റേഡിയോ മാറ്റൊലി തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ സി.കെ. പ്രദീപ് കുമാർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളെകുറിച്ചും മുൻകരുതലുകളെകുറിച്ചും റേഡിയോ മാറ്റൊലി തത്സമയ ഫോൺ ഇൻ പരിപാടി നടത്തി. കുട്ടികൾക്ക് കൃത്യമായ സമയത്ത് പ്രതിരോധ കുത്തിവെപ്പ് നൽകാത്തതാണ് ഡിഫ്ത്തീരിയ പടരാനുള്ള പ്രധാന കാരണമെന്ന് ജില്ലാ സർവൈലൻസ് ഓഫീസർ ഡോ.വി. ജിതേഷ് പറഞ്ഞു. ഏഴു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആവശ്യമായ എല്ലാ കുത്തിവെപ്പുകളും ലഭിച്ചുവെന്ന് ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

പനിയും പകർച്ചവ്യാധികളും പ്രതിരോധിക്കാനുള്ള ഹോമിയോപ്പതി ചികിത്സാരീതികളെകുറിച്ച് റേഡിയോ മാറ്റൊലി തത്സമയ ഫോൺ ഇൻ പരിപാടി പ്രക്ഷേപണം ചെയ്തു. നൂൽപ്പുഴ ഗവ. ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കൽ ഓഫീസർ ഡോ. കെ.ജി. രഞ്ജിത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**അന്തർദേശീയ യോഗ ദിനാചരണം**

അന്തർദേശീയ യോഗ ദിനാചരണത്തിന്റെ ഭാഗമായി തത്സമയ ഫോൺ ഇൻ പരിപാടിയിൽ ജില്ലാ ആയുർവ്വേദ ആശുപത്രിയിലെ ഡോ. സുജിത് മുരളി പങ്കെടുത്ത് സംസാരിച്ചു.

യോഗ ദിനാചരണത്തിന്റെ ഭാഗമായി ശ്രീ. ബിനോ ബേബി, ശ്രീ. പ്രവീൺ ടി.രാജൻ എന്നിവരുടെ അഭിമുഖങ്ങളും അന്നേദിവസം പ്രക്ഷേപണം ചെയ്തു. മാനസികാരോഗ്യത്തിന് യോഗയുടെ സ്വാധീനം എന്ന വിഷയത്തിലൂന്നി സ്റ്റേഷൻ ഡയറക്ടർ സന്ദേശം നല്കി.

**വിവിധ കാർഷിക പദ്ധതികൾ**

വിള ഇൻഷുറൻസ്, ഓണത്തിന് ഒരു മുറം പച്ചക്കറി തുടങ്ങി ജനോപകാരപ്രദമായ കാർഷിക പദ്ധതികൾ ജനങ്ങളിലെത്തി ക്കുന്നതിന് റേഡിയോ മാറ്റൊലി നടത്തിയ ഫോൺ ഇൻ പരിപാടിയിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷാജൻ തോമസ്, ഡെപ്യൂട്ടി ഡയറക്ടർമാരായ ടി.പുഷ്കരൻ, സുധീഷ് വി. ജോൺ എന്നിവർ പദ്ധതികൾ അവതരിപ്പി ക്കുകയും കർഷകരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

**GST**

GST യെക്കുറിച്ചുള്ള ശ്രോതാക്കളുടെ സംശയങ്ങൾക്ക് കൊമേഴ്സ്യൽ ടാക്സ് ഡെപ്യൂട്ടി കമ്മീഷണർ ഫിറോസ് കെ. തത്സമയ ഫോൺ ഇൻ പരിപാടിയിലൂടെ മറുപടി നൽകി.

**വായനാവാരം- വിജയികൾ**

വായനാവാരത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി വിദ്യാർത്ഥി കൾക്കായി നടത്തിയ തത്സമയ ഫോൺ ഇൻ വായനാമത്സരത്തിൽ കൈപ്പാട്ടുകുന്നിലുള്ള അഭിനവ്, പുലിക്കാടുള്ള ആകർഷ്, മരിയ ജ്യോത്സ്ന എന്നിവർ സമ്മാനത്തിന് അർഹരായി.

**അന്താരാഷ്ട്ര സംഗീത ദിനാചരണം**

അന്താരാഷ്ട്ര സംഗീത ദിനത്തോടനുബന്ധിച്ച് ജൂൺ 21 ന് ശ്രോതാക്കളാവശ്യപ്പെട്ട ഗാനങ്ങൾ പ്രക്ഷേപണം ചെയ്തു. ഫോൺ, SMS, WhatsApp എന്നിവയിലൂടെ ആവശ്യപ്പെട്ട 68 ഗാനങ്ങളാണ് പ്രക്ഷേപണം ചെയ്തത്.

**സർവ്വോദയ സദസ്സ്**

വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളിൽ കൂടി സഞ്ചരിച്ച് വാർഷിക പദ്ധതി നിർവ്വഹണത്തേക്കുറിച്ചുള്ള അവലോകനവും പുതിയ വർഷത്തേക്കുള്ള പദ്ധതികളുടെ നടത്തിപ്പിനേക്കുറിച്ചും നൂതന നിർദ്ദേശങ്ങൾ ആവിഷ്കരിക്കുന്ന പരിപാടിയായ സർവ്വോദയ സദസ്സ് പ്രക്ഷേപണം ആരംഭിച്ചു. എല്ലാമാസവും രണ്ടാമത്തേയും നാലാമത്തേയും ആഴ്ചകളിൽ വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ 07.10 നാണ് സർവ്വോദയ സദസ്സ് പ്രക്ഷേപണം ചെയ്യുക.

**മാറ്റൊലിക്കൂട്ടം**

ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ മാറ്റൊലി, ജനങ്ങളോടൊപ്പം സജീ വമാകുന്ന നൂതന സംരംഭമാണ് മാറ്റൊലിക്കൂട്ടം. മാറ്റൊലിയുടെ ശ്രോതാ ക്കളുടെയും സന്നദ്ധപ്രവർത്തകരുടെയും സഹകാരികളുടെയും അഭ്യുദയ കാംഷികളുടെയും വക്താക്കളുടെയും പ്രാദേശിക കൂട്ടായ്മയാണ് മാറ്റൊലി ക്കൂട്ടം. സമാനമനസ്കരായ സംഘടനകളോടും പ്രസ്ഥാനങ്ങളോടും കൂട്ടായ്മ കളോടുമൊപ്പം വയനാടിന്റെ ഐക്യവും ക്ഷേമവും ഊട്ടി ഉറപ്പിച്ച്, സുവി

കസിതവും സുസ്ഥിരവും സുരക്ഷിതവുമായി സംരക്ഷിക്കാനുമാണ് ഈ സംരംഭം.

**കേന്ദ്രസമിതി യോഗം**

നമ്മളൊന്നായി നന്മയുള്ള നാടിനായി എന്ന ആശയത്തിലൂന്നി റേഡിയോ മാറ്റൊലി സമാരംഭിച്ച മാറ്റൊലിക്കൂട്ടത്തിന്റെ കേന്ദ്രസമിതിയോഗം പ്രസിഡന്റ് ഷാജൻ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. എല്ലാ ഗ്രാമങ്ങളിലും മാറ്റൊലിക്കൂട്ടം തുടങ്ങുക എന്നതാണ് ലക്ഷ്യം. സ്റ്റേഷൻ ഡയറക്ടർ യോഗത്തിൽ ആമുഖപ്രഭാഷണം നടത്തി. ജനറൽ കോർഡിനേറ്ററായി നിയമിതനായ ശ്രീ. ഷാജു പി.ജെയിംസ് വിഷയാവതരണം നടത്തി. സെക്രട്ടറി ശ്രീ. ചാക്കോ വെള്ളമുണ്ട, വൈസ് പ്രസിഡന്റ് ജിത്തു ബത്തേരി, ജോയിന്റ് സെക്രട്ടറി സുലോചന തരിയോട്, ട്രഷറർ ശ്രീമതി ആസ്യ കൂളിവയൽ എന്നിവർ യോഗത്തിന് നേതൃത്വം നൽകി. വിവിധ പഞ്ചായത്തുകളിലെ മാറ്റൊലിക്കൂട്ടങ്ങൾക്ക് നേതൃത്വം നൽകാൻ പൊതുയോഗം തെരഞ്ഞെടുത്ത ശ്രീ. മനമോഹനമാരാർ, ശ്രീ. ശങ്കരനാരായണൻ, ശ്രീ. ഇ. ശ്രീധരൻ, ശ്രീ. എം.എ. ബേബി, ശ്രീമതി ലില്ലി ജോയ്, ശ്രീ. സോബിൻ സെബാസ്റ്റ്യൻ, ശ്രീ. പത്മനാഭൻ, ശ്രീ. സിനി ജോർജ്ജ്, ശ്രീ. അജി തോമസ്, ശ്രീമതി സുനന്ദ, ശ്രീ. ഭാസ്കരൻ എന്നിവർ സംസാരിച്ചു. പ്രാദേശിക മാറ്റൊലിക്കൂട്ടങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും എത്രയും വേഗം സാധിക്കുന്നിടത്തെല്ലാം കൂട്ടങ്ങൾ ആരംഭിക്കണമെന്നും തീരുമാനമെടുത്തു. തുടക്കം എന്ന നിലയിൽ കേന്ദ്ര സമിതിയംഗങ്ങളുടെ ഗ്രാമങ്ങളിൽ മാറ്റൊലിക്കൂട്ടം തുടങ്ങുമെന്ന് ഉറപ്പു നല്കി.

**വരദൂർ മാറ്റൊലിക്കൂട്ടം**

കണിയാമ്പറ്റ പഞ്ചായത്തിലെ വരദൂരിൽ മാറ്റൊലിക്കൂട്ടം ചേർന്നു. പനമരം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പൗലോസ് കുറുമ്പേമഠം, കണിയാമ്പറ്റ പഞ്ചായത്ത് മെമ്പർ പി.ജെ.രാജേന്ദ്രപ്രസാദ്, മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി പ്രസിഡന്റ് ഷാജൻ ജോസ് എന്നിവർ ചേർന്ന് മരത്തൈ നട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. 50 ഓളം പേർ യോഗത്തിൽ പങ്കെടുത്തു. വരദൂരിൽ ഗ്രാമമാറ്റൊലി സംഘടിപ്പി ക്കുവാനും ബസ് വെയ്റ്റിംഗ് ഷെഡിനോട് ചേർന്ന് റേഡിയോ സെറ്റ് സ്ഥാപിക്കുവാനും തീരുമാനിച്ചു. മാറ്റൊലിക്കൂട്ടത്തിന്റെ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ശ്രീ. കെ.ഡി.സുദർശൻ പ്രസിഡന്റായും ശ്രീ. പി.കെ. വിശ്വനാഥൻ സെക്രട്ടറിയായും ശ്രീ. പോൾ പള്ളിപ്പാട്ട് ട്രഷററുമായുള്ള സമിതിയ്ക്ക് രൂപം കൊടുത്തു. ശ്രീ. ഷിബു കെ.വി., ശ്രീ. പി.ജെ.ആർ. പ്രസാദ്, ശ്രീ. എം.സി.എ. പ്രസാദ്, ശ്രീമതി ഏലിയാമ്മ ഗീവർഗ്ഗീസ്, ശ്രീമതി സുജിത ഉണ്ണികൃഷ്ണൻ എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ. എ.ഡി.എസ്. പ്രസിഡന്റ് ശ്രീമതി ഏലിയാമ്മ ഗീവർഗ്ഗീസ്, ശ്രീ. മനമോഹനമാരാർ, ശ്രീ. ശങ്കരനാരായണൻ, ശ്രീ. വിശ്വനാഥൻ, ശ്രീ. പി.എൻ.സുധാകര സ്വാമി എന്നിവർ സംസാരിച്ചു.

**ഇണ്ടേ്യരിക്കുന്ന് മാറ്റൊലിക്കൂട്ടം**

തൊണ്ടർനാട് പഞ്ചായത്തിലെ തേറ്റമല ഇണ്ടേ്യരിക്കുന്നിൽ മാറ്റൊലിക്കൂട്ടം ചേർന്നു. ഇണ്ടേ്യരിക്കുന്ന് സാംസ്കാരിക നിലയത്തിൽ ചേർന്ന യോഗത്തിൽ 47 പേർ പങ്കെടുത്തു. തൊണ്ടർനാട് പഞ്ചായത്ത് വാർഡ് മെമ്പർ ആൻസി ജോയ് മരത്തൈ നട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഷാജു പൂവത്തുംമൂട്ടിൽ പ്രസിഡന്റായും സൂസി കളപ്പുരക്കൽ സെക്രട്ടറിയായും അനിൽ കെ. സി. ട്രഷററുമായുള്ള സമിതിയ്ക്ക് രൂപം കൊടുത്തു. ശ്രീ. ജോസ് നെല്ലിത്താനത്ത്, ശ്രീ.തങ്കച്ചൻ സി.ജെ. ശ്രീ. സണ്ണി എം.യു., ശ്രീ. പൗലോസ് കെ. ജെ., ശ്രീ. ഡാനി പൂവ്വകുളം എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. ശ്രീ. ചാക്കോ ഇല്ലിക്കൽ, ശ്രീ.എ. വി. പൗലോസ് എന്നിവർ പ്രസംഗിച്ചു. ഇണ്ടേ്യരിക്കുന്ന് ഗ്രാമത്തിലെ കുട്ടികളുടെ കലാപരിപാടികളും ഇതോടനുബന്ധിച്ചു നടന്നു.

**പാറത്തോട് മാറ്റൊലിക്കൂട്ടം**

തരിയോട് പഞ്ചായത്തിലെ പാറത്തോട് ഗ്രാമത്തിൽ മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. പൊഴുതന ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ.ജയിംസ് മാങ്കുത്തേൽ മാറ്റൊലി മരം നട്ട് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അമ്പതോളം പേർ പങ്കെടുത്ത യോഗത്തിൽ കുട്ടികളുടെ കലാപരിപാടികളും അവതരിപ്പിക്കപ്പെട്ടു. റവ. ഫാ. അനൂപ് (തരിയോട് സെന്റ് മേരീസ് ചർച്ച് അസ്സി. വികാരി), ശ്രീമതി സിന്ധു, ശ്രീ. ബിനീഷ്, ശ്രീ. അബ്ബാസ് എ. പി. എന്നിവർ യോഗത്തിൽ സംസാരിച്ചു. ശ്രീ. അബ്ബാസ് എ.പി. (പ്രസിഡന്റ്), ശ്രീ. ലിനീഷ് ആന്റണി (സെക്രട്ടറി), ശ്രീമതി ഷൈജ പോൾ (ട്രഷറർ) ശ്രീമതി ജാസ്മിൻ ലിജോ, ശ്രീ. സനീഷ് മാത്യു, ശ്രീ. ഷിബു പി.എസ്, ശ്രീ. സനൽ വി. ആർ. എന്നിവരാണ് ഭാരവാഹികൾ.

**പേരാൽ മാറ്റൊലിക്കൂട്ടം**

പടിഞ്ഞാറത്തറ പഞ്ചായത്തിലെ മഞ്ഞൂറ പേരാൽ പ്രതിഭ വായനശാലയിൽ വച്ച് ചേർന്ന മാറ്റൊലിക്കൂട്ടം രൂപീകരണയോഗം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി ഉഷ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ശ്രീ. പി. കെ. ചന്ദ്രൻ, ശ്രീ. റിജീഷ് വി. ആർ, രമേശൻ കെ. ആർ. തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. പേരാൽ ഗ്രാമത്തിൽ മാറ്റൊലി മരം നടുകയും കുട്ടികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

ശ്രീ. റിജീഷ് വി. ആർ. (പ്രസിഡന്റ്), രമേശൻ കെ. ആർ. (സെക്രട്ടറി), ശ്രീമതി സാലി ജോർജ്ജ് (ട്രഷറർ), ശ്രീ. പി. കെ. ചന്ദ്രൻ, ശ്രീ.ജോസ് വേച്ചനിക്കൽ, ശ്രീമതി സിന്ധു വിനോദ്, ശ്രീ. അശോകൻ ജി എന്നിവരാണ് ഭാരവാഹികൾ.

**പാലിയാണ മാറ്റൊലിക്കൂട്ടം**

വെള്ളമുണ്ട പഞ്ചായത്തിൽ പാലിയാണ ഗ്രാമത്തിൽ മാറ്റൊലിക്കൂട്ടം ആരംഭിച്ചു. മാറ്റൊലിക്കൂട്ടം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ മാറ്റൊലി മരം നട്ട് ഉദ്ഘാടനം ചെയ്തു. ശ്രീ. ഇസ്മയിൽ (പി.റ്റി.എ

പ്രസിഡന്റ്), ശ്രീ. സുമേഷ് (ക്ഷീരസംഘം പ്രസിഡന്റ്) ശ്രീമതി സിസിലി വർഗ്ഗീസ് (എ.ഡി.എസ് പ്രസിഡന്റ്) എന്നിവർ പ്രസംഗിച്ചു.

ശ്രീ. ജോസ് പി. വി. (പ്രസിഡന്റ്) ശ്രീ. സുമേഷ് കെ (സെക്രട്ടറി), ശ്രീ. വൽസൻ വി. കെ. (ട്രഷറർ), ശ്രീ. ജിഷിൻ മുണ്ടാക്ക് തടത്തിൽ, ശ്രീ. അരുരാജ് എം, ശ്രീ. ഇസ്മയിൽ, ശ്രീമതി സിസിലി വർഗ്ഗീസ് എന്നിവരാണ് ഭാരവാഹികൾ.

**ഉടൻ ആരംഭിക്കുന്ന മാറ്റൊലിക്കൂട്ടങ്ങൾ, സ്ഥലങ്ങൾ, തീയതികൾ**

പനമരം പഞ്ചായത്ത് - അഞ്ചുകുന്ന് - സ്ഥലം ക്ലബ്ബ്കുന്ന്- 23.07.17 ന് 05 മണിക്ക്.

മീനങ്ങാടി പഞ്ചായത്ത് - മീനങ്ങാടി - സ്ഥലം മജീദ് ഹാൾ മീനങ്ങാടി - 30.07.17 ന് 5 മണിക്ക്.

**മാറ്റൊലിക്കൂട്ടം എങ്ങനെ ആരംഭിക്കാം**

റേഡിയോ മാറ്റൊലിയുടെ ഒരു പ്രദേശത്തെ ശ്രോതാക്കളും സന്നദ്ധ പ്രവർത്തകരും സഹകാരികളും കൂടിയാലോചിച്ച് മാറ്റൊലിക്കൂട്ടം ആരംഭിക്കാം. പ്രദേശത്തെ ജനപ്രതിനിധികൾ, സാംസ്കാരിക, സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിവരുടെ സാന്നിധ്യവും സഹകരണവും അഭ്യർത്ഥിക്കാം. ആദ്യ യോഗം കൂടാൻ അനുയോജ്യമായ സ്ഥലം (അംഗൺവാടികൾ, ക്ലബ്ബുകൾ, സാംസ്കാരികനിലയങ്ങൾ, വായനശാലകൾ, സ്കൂളുകൾ മുതലായവ) കണ്ടെത്തി തീയതിയും, സമയവും, സ്ഥലവും കേന്ദ്രസമിതിയെ അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക് - 9446034422, 9946931312, 9495547911

**ഇന്റേൺഷിപ്പ്**

സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗിലെ അശ്വിൻ ജോസ്, രാജഗിരി കോളേജ് ഓഫ് എൻജിനീയറിംഗിലെ ക്രിസ്റ്റി ജോസ്, പൂഞ്ഞാർ എൻജിനീയറിംഗ് കോളേജിലെ അശ്വിൻ എസ് എന്നിവർ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**സന്ദർശനങ്ങൾ**

GHSS ശ്രീകണ്ഠാപുരം, IJMHSS കൊട്ടിയൂർ എന്നീ സ്കൂളുകളിലെ പ്ലസ് ടു ജേർണലിസം വിഭാഗം വിദ്യാർത്ഥികൾക്ക് സമാന്തര മാധ്യമ പ്രവർത്തനം, സാമൂഹിക റേഡിയോ, റേഡിയോ പ്രോഗ്രാം നിർമ്മാണം, അവതരണം എന്നീ വിഷയങ്ങളിലൂന്നി ഏകദിന ശില്പശാല സംഘടിപ്പിച്ചു.

**നബാർഡ് ടീം**

ഗ്രാമ വികസനത്തിന്റെ മാതൃക പഠിക്കുന്നതിനായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിയ നബാർഡിന്റെ വിവിധ സംസ്ഥാനങ്ങളിലെ റീജിയണൽ മാനേജർമാർ മാറ്റൊലിയിൽ സന്ദർശനം നടത്തി.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**June-July 2017**

Admissions to the first year degree programmes are nearly complete and the classes began in the second week of July 2017. In addition to the combined meeting of the new students and their parents on the opening day, a two-day Orientation Programme was also conducted for the new entrants by the IQAC with a view to providing information on higher education and integrating them into the college culture. Second and third year Class PTA meetings were also held prior to the beginning of the first year classes to seek the assistance of the parents in the prevention of ragging and related issues. The Election Commission of India conducted Voter awareness-cum- Enrolment programme for the first year students in which the Deputy Thahasildar in charge of the Election Wing spoke to the students. Our College Magazine 2015-16 won the Special Jury mention in the Basheer Award instituted by the Bankmen's Club in which the Jury rated our magazine at par with the magazines of some of the reputed educational institutions in Kerala.

**Dr. Savio James V**

Principal

# CEADOM *വിദ്യാഭ്യാസ മേഖല*

**ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപക സമ്മേളനം 2017 ആഗസ്റ്റ് 12 ന്**

സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും, അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി 2017 ആഗസ്റ്റ് 12 ശനിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരക, പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**എൽ.പി, യു.പി സ്ക്കൂൾ പ്രധാനാദ്ധ്യാപക സമ്മേളനം 2017 സെപ്റ്റബർ 09 ന്**

സ്ക്കൂൾ പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിനും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും, അഭിപ്രായങ്ങൾ ആരായുന്നതിനും വേണ്ടി സെപ്റ്റബർ 09 ശനിയാഴ്ച രാവിലെ 10.00 am മുതൽ 1.00 pm വരെ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ ഹൈസ്ക്കൂളുകളിലെയും പ്രധാനാദ്ധ്യാപകരുടെ യോഗം ദ്വാരക, പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. ദേവമാതാ എ.എൽ.പി. സ്കൂൾ ആടിക്കൊല്ലി**

സ്കൂൾ പ്രവേശനോത്സവം :- പുൽപ്പള്ളി പഞ്ചായത്ത്തല പ്രവേശനോത്സവം ദേവമാതാ എ. എൽ. പി. സ്കൂളിൽ വർണ്ണാഭമായ ചടങ്ങുകളോടെ നടത്തി. ബാന്റ് മേളം, മധുരപലഹാരവിതരണം, 'കുഞ്ഞികൈയിലൊരു കുഞ്ഞിപുസ്തകം', ഓരോ കുട്ടിയ്ക്കും നെയിം കാർഡ് വിതരണം എന്നിവ പ്രവേശനോത്സവത്തിന് മാറ്റുകൂട്ടി. സ്കൂൾ മാനേജർ ഫാ.ഷാജു മുളവേലിക്കുന്നേൽ, പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു പ്രകാശ് തുടങ്ങിയവർ പങ്കെടുത്തു.

ലോകപരിസ്ഥിതി ദിനം :- ജൂൺ അഞ്ചാം തിയ്യതി ലോകപരിസ്ഥിതി ദിനം സ്കൂളിൽ സമുചിതമായി ആചരിച്ചു. സ്കൂൾ മുറ്റത്ത് അത്തി, മാവ്, പേര മുതലായ ഫലവൃക്ഷതൈകൾ നട്ടു. പരിസ്ഥിതി

പ്രതിജ്ഞ, മുദ്രാഗീതം, പ്രസംഗമൽസരം, പരിസ്ഥിതി പോസ്റ്റർ മൽസരം എന്നിവ നടത്തി. ബി.ആർ.സി. ട്രെയിനർ ഷാജൻ മാസ്റ്റർ മുഖ്യാതിഥിയായിരുന്നു.

വായന പക്ഷാചരണം :- രണ്ടാഴ്ച നീണ്ടുനിന്ന വിവിധ വായനാധിഷ്ഠിത പ്രവർത്തനങ്ങളോടെ 2017 വായനാ പക്ഷാചരണം സ്കൂളിൽ വിവിധ പ്രവർത്തനങ്ങളോടെ നടത്തി. വായനാദിന സന്ദേശം ഉൾക്കൊള്ളുന്ന ബാഡ്ജുകൾ വായനാദിനത്തിൽ മുഴുവൻ കുട്ടികളും അധ്യാപകരും ധരിച്ചു. റിട്ട. അധ്യാപകൻ ശ്രീ. ജോസ് കെ.എം. അക്ഷരമരം പ്രകാശനം ചെയ്ത് വായനാ പക്ഷാചരണം ഉദ്ഘാടനം ചെയ്തു. വായനാ പ്രതിജ്ഞ, കഥ പറയൽ, മാതൃകാ വായന, കവിതാലാപനം, പുസ്തകപ്രദർശനം, വായനാമൂല ക്രമീക്കരിക്കൽ, പ്രസംഗമത്സരം, വായനാക്വിസ് തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ വായനാ പക്ഷാചരണത്തോടനുബന്ധച്ച് സ്കൂളിൽ സംഘടിപ്പിച്ചു. രക്ഷിതാക്കൾക്കായി നടത്തപ്പെട്ട വായനാമത്സരം അവർക്കിടയിൽ വേറിട്ടൊരനുഭവമായി.

**2. അസംപ്ഷൻ എ.യു.പി. സ്കൂൾ, ബത്തേരി**

പ്രവേശനോത്സവം:- സ്കൂൾ പ്രവേശനോത്സവം മികച്ച രീതിയിൽ സംഘടിപ്പിച്ചു. മാനന്തവാടി രൂപതാ മെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. മാനേജർ റവ.ഫാ.സ്റ്റീഫൻ കോട്ടക്കൽ അദ്ധ്യക്ഷത വഹിച്ചു. പി.റ്റി.എ. പ്രസിഡന്റ് ശ്രീ.റ്റിജി ചെറുതോട്ടിൽ, വാർഡ് കൗൺസിലർ ടി.എൽ സാബു, എം പി റ്റി എ പ്രസിഡന്റ് ശ്രീമതി മിനി ദേവസ്യ, സെല്ലി ടി.ജെ, പി.എ വർഗ്ഗീസ്, സുനിൽ അഗസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

സ്മാർട്ട് വിദ്യാലയം:- സ്മാർട്ട് വിദ്യാലയം എന്ന സ്വപ്ന സാക്ഷാത്കാരത്തിലേക്ക് പുത്തൻ ചുവടുകൾ. 32 ക്ലാസ്സ് മുറികളും ടൈൽസ് വിരിച്ച് മനോഹരമാക്കി. കെട്ടിടങ്ങൾ പെയിന്റ് ചെയ്ത് മനോഹരമാക്കി. ജനലുകളും വാതിലുകളും പിടിപ്പിച്ചു. 23 ലക്ഷം രൂപ നവീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു.

വായനാവാരം:- വായനാവാരത്തോടനുബന്ധിച്ച് ആയിരത്തോളം പുസ്തകം ക്ലാസ്സ് ലൈബ്രറികളിലേക്ക് ശേഖരിച്ചു.

പരിസ്ഥിതി ദിനം: വിപുലമായി ആചരിച്ചു

a) നക്ഷത്രവനം: സ്കൂളിൽ പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ നക്ഷത്രവനം ഒരുക്കി. തൈകൾ നടീൽ ഉദ്ഘാടനം കൗൺസിലർ ടി.എൽ സാബു നിർവഹിച്ചു.

b) കരനെൽ: സ്കൂളിൽ ആരംഭിച്ച കരനെൽ കൃഷിയുടെ വിത്ത് വിതക്കൽ മാനേജർ റവ.ഫാ.സ്റ്റീഫൻ കോട്ടക്കൽ നിർവഹിച്ചു.

പി.റ്റി.എ ജനറൽ ബോഡി:- പി.റ്റി.എ ജനറൽ ബോഡി യോഗം

ചേർന്നു. മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീ. സി.കെ സഹദേവൻ ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ.സ്റ്റീഫൻ കോട്ടക്കൽ അദ്ധ്യക്ഷത വഹിച്ചു. പി.റ്റി.എ പ്രസിഡന്റ് ശ്രീ. റ്റിജി ചെറുതോട്ടിൽ സ്വാഗതം പറഞ്ഞു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ വത്സ ജോസ്, വികസനകാര്യ ചെയർ പേഴ്സൺ ടി.എൽ സാബു, കൗൺസിലർ ബാബു, മിനി ദേവസ്യ എന്നിവർ പ്രസംഗിച്ചു. 2017-18 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പാചകപുര നവീകരണം:- മുൻസിപ്പാലിറ്റി ഒരലക്ഷം രൂപ ചെലവഴിച്ച് പാചകപുര നവീകരിച്ചു.

**റാങ്ക് ലിസ്റ്റ് രൂപീകരണം**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേയ്ക്കുള്ള നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

**നിബന്ധനകൾ**

1. മാനന്തവാടി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് LP, UP, HS വിഭാഗങ്ങളിൽ അദ്ധ്യാപക ഒഴിവുകളിലേയ്ക്ക് നിയമിക്കുന്നതിനായി 2015ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 30-06-2017 ൽ അവസാനിച്ചു. എന്നാൽ ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടും തസ്തിക നഷ്ടം മൂലം ജോലി നഷ്ടപ്പെട്ടവർക്ക് പുതുതായി ഒഴിവുകളുണ്ടാകുന്ന ക്രമത്തിൽ നിയമനം നൽകിയതിനു ശേഷം മാത്രമെ പുതിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ പരിഗണിക്കുകയുള്ളു.

2. പാനൽ ലിസ്റ്റിൽ ഓരോ വിഭാഗത്തിലും A, B, C, D എന്നിങ്ങനെയാണ് തിരിക്കുന്നത്. അഞ്ച് ഉദ്യോഗാർത്ഥികളായിരിക്കും ഓരോ പാനലിലും ഉണ്ടായിരിക്കുക. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ആറ് ഘട്ടങ്ങളിലുമുള്ള മാർക്കിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവരിൽ ആദ്യത്തെ അഞ്ച് പേർ A പാനലിലും തുടർന്നുവരുന്ന അഞ്ച് പേർ വീതം B, C, D പാനലുകളിലും എന്ന ക്രമത്തിലായിരിക്കും പാനൽ ലിസ്റ്റ് തയ്യാറാക്കുന്നത്.

3. സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള മാനന്തവാടി രൂപതാംഗമായ മാതൃകാ ജീവിതം നയിക്കുന്ന, മൂല്യബോധമുള്ള ഏതൊരാൾക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഓഫീസിൽ 01/08/2017 മുതൽ 10/11/2017 വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. ഇടവക തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വികാരിയച്ചനിൽ നിന്നും വാങ്ങി ഹാജരാക്കി രജിസ്ട്രേഷനുള്ള അപേക്ഷാഫോറം ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

5.മാനന്തവാടി രൂപതയുടെ ഇടവകാതിർത്തികളിൽ താമസിക്കുന്ന ഏതൊരാൾക്കും രജിസ്ട്രേഷന് അവസരം ഉണ്ട്. ഇവർ ഏത് ഇടവകയുടെ പരിധിയിൽ താമസിക്കുന്നുവോ അവിടുത്തെ വികാരിയച്ചന്റെ കത്താണ് ഹാജരാക്കേണ്ടത്.

6.പൂരിപ്പിച്ച അപേക്ഷാഫോറം തിരികെ നൽകുമ്പോൾ വികാരിയച്ചനിൽ നിന്നും ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

7.പേര് രജിസ്റ്റർ ചെയ്യുമ്പോൾ മാനന്തവാടി രൂപതാംഗമായിരുന്ന ഒരാൾ പരീക്ഷാ സമയത്ത് മറ്റൊരു രൂപതാംഗമാണെങ്കിൽ അവർക്ക് പരീക്ഷ എഴുതുവാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല. (ഉദാ: വിവാഹം, ഇടവക മാറ്റം മുതലായവ)

8.രജിസ്ട്രേഷന് കത്തോലിക്കർക്ക് മതപഠന ഡിപ്ലോമ സർട്ടിഫിക്കറ്റ് (12-ാം ക്ലാസ്സ്) നിർബന്ധമായിരിക്കും എന്നാൽ 2004-2005 അധ്യയന വർഷത്തിലോ അതിനു മുമ്പോ വിശ്വാസ പരിശീലനത്തിൽ 10-ാം ക്ലാസ്സ് ഡിപ്ലോമ പാസ്സായവരാണെങ്കിൽ വികാരിയച്ചന്റെ ശുപാർശ യുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ അപേക്ഷ സമർപ്പിക്കുന്നവർ, തിരഞ്ഞെടുപ്പിന്റെ മറ്റ് ഘട്ടങ്ങൾ പൂർത്തിയാക്കി പൂൾ ലിസ്റ്റിൽ സ്ഥാനം ലഭിച്ചാലും, നിയമനത്തിന് മുമ്പ് രൂപതാ മതബോധന കേന്ദ്രം നടത്തുന്ന പ്രത്യേക +2 (Plus Two) തത്തുല്യ പരീക്ഷ വിജയിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ നിയമനത്തിന് പരിഗണിക്കപ്പെടുകയുള്ളൂ.

9. മതബോധന DCC,HDC എന്നീ കോഴ്സുകൾ പൂർത്തീ കരിച്ചവർ സർട്ടിഫിക്കറ്റിന്റെ കോപ്പി കൂടി അപേക്ഷയോടൊപ്പം സമർപ്പി ക്കണം.

10. നിയമാനുസൃതമായ പരീക്ഷയുടെ റിസൾട്ട് അറിഞ്ഞവരെ മാത്രമേ രജിസ്ട്രേഷന് അനുവദിക്കുകയുള്ളു. പൂരിപ്പിച്ച അപേക്ഷാ ഫോറത്തോടൊപ്പം യോഗ്യത തെളിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്കു ലിസ്റ്റുകൾ, പാഠ്യപാഠ്യാനുബന്ധ വിഷയങ്ങൾ, മതപഠനം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ, മാനദണ്ഡമനുസരിച്ച് ഗ്രെയ്സ് മാർക്കിന് അർഹ മായ മറ്റു സർട്ടിഫിക്കറ്റുകൾ ഇവയുടെ എല്ലാം സ്വയം സാക്ഷ്യപ്പെടു ത്തിയ കോപ്പികൾ എന്നിവ സമർപ്പിക്കേണ്ടതാണ്.

11. പൂർണ്ണമല്ലാത്തതും തെറ്റായ വിവരങ്ങൾ നൽകുന്നതുമായ അപേക്ഷകൾ തിരസ്കരിക്കുന്നതാണ്.

12. കഴിഞ്ഞ പാനൽ ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കാത്ത എല്ലാവരും അടുത്ത പരീക്ഷയ്ക്ക് പങ്കെടുക്കണമെങ്കിൽ വീണ്ടും പേര് പുതുക്കി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ ഫീസിൽ ഇളവ് ലഭിക്കുന്നതാണ്.

13. രജിസ്റ്റർ ചെയ്ത എല്ലാ ഉദ്യോഗാർത്ഥികളെയും ഒരു സമ്മേളനത്തിനും പൊതുപരീക്ഷയ്ക്കും ക്ഷണിക്കുന്നതാണ്. 1011–2017 വരെ സ്വീകാര്യമാം വിധം പേര് രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും ആദ്യത്തെ മൂന്ന് ഘട്ടത്തിൽ പങ്കെടുക്കാം. തുടർന്നുള്ള നാലാമത്തെ ഘട്ടത്തിലേയ്ക്ക് മൂന്നാമത്തെ ഘട്ടം വിജയകരമായി പൂർത്തിയായവരെ മാത്രമേ പരിഗണിക്കുകയുള്ളു.

14. എഴുത്ത് പരീക്ഷയുടെ റിസൽട്ട് 2018 ജനുവരി 15 –ാം തിയ്യതി കോർപ്പറേറ്റ് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുതാണ്.

15. ഓരോ തവണയും റാങ്ക് ലിസ്റ്റിന് പ്രസിദ്ധീകരണ തീയതിക്ക് ശേഷം സാധാരണഗതിയിൽ മൂന്നു വർഷത്തെ കാലാവധിയായിരിക്കും ഉണ്ടായിരിക്കുക. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ, രൂപതാ വിദ്യാഭ്യാസ ബോർഡ് ഈ ലിസ്റ്റിന്റെ കാലാവധി കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യുന്നതാണ്.

16. റാങ്ക് ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും CEADOM ന്റെ സൈറ്റിൽ (www.ceadom.com/ www.ceadom.org) ഉണ്ടായിരിക്കുതാണ്.

**തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ**

**1–ാം ഘട്ടം:– രജിസ്ട്രേഷൻ.**

രജിസ്ട്രേഷൻ സമയം 2017 ഓഗസ്റ്റ് 1 മുതൽ 2017 നവംബർ 10 വരെ.

രജിസ്ട്രേഷൻ ഫീസ് : Rs .1000/-

Application form submit ചെയ്യുമ്പോൾ, എഴുത്ത് പരീക്ഷയ്ക്ക് ആവശ്യമായ പി.ഒ.സി സൻമാർഗ്ഗ പാഠാവലിയും, ബിഷപ്പ് തോമസ് ചക്കിയത്ത് എഴുതിയ 'ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും' എന്ന പുസ്തകവും ആവശ്യമുള്ളവർക്ക് കോർപ്പറേറ്റ് ഓഫീസിൽ നിന്നും വാങ്ങാവുതാണ്.

**2–ാം ഘട്ടം:– ഒത്തുചേരൽ**

പേര് രജിസ്റ്റർ ചെയ്തവർക്കായുള്ള സമ്മേളനത്തിൽ എല്ലാ ഉദ്യോഗാർത്ഥികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഈ സമ്മേളനത്തിൽ CEADOM - ന്റെ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും വിശദീകരിക്കുന്നതും എഴുത്തു പരീക്ഷയിൽ സംബന്ധിക്കാൻ യോഗ്യരായവർക്ക് ഹാൾ റ്റിക്കറ്റ് വിതരണം ചെയ്യുന്നതുമായിരിക്കും.

സ്ഥലം: പാസ്റ്ററൽ സെന്റർ, ദ്വാരക, തിയ്യതി : 18 നവംബർ 2017

സമയം: 10.00 am മുതൽ 1.00 pm വരെ.

**3-ാം ഘട്ടം:- എഴുത്ത് പരീക്ഷ**

എഴുത്തു പരീക്ഷയിൽ സംബന്ധിക്കാൻ ഹാൾ റ്റിക്കറ്റ് നിർബന്ധമാണ്.

സ്ഥലം: എ.യു.പി സ്കൂൾ, ദ്വാരക, തിയ്യതി: 25 നവംബർ 2017, ശനി, സമയം: 10.00 am മുതൽ 1.00 pm വരെ.

**സിലബസ് ചുവടെ ചേർക്കുന്നു**

**തസ്തിക**

**LPSA**

(TTC + ആവശ്യമായ യോഗ്യതകൾ)

**പാർട്ട് - I (100 മാർക്ക്, 2 hrs)**

1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ, പാഠാനുബന്ധ പ്രവർത്തനങ്ങൾ, പൊതുവിജ്ഞാനം, DEd ന്റെ 2017-2018 വർഷത്തെ സിലബസ്

**പാർട്ട് - II (50 മാർക്ക്, 1 hrs)**

a) 11,12 ക്ലാസ്സുകളിലെ പി.ഒ.സി. സൻമാർഗ്ഗ പാഠാവലി,

b) ബിഷപ്പ് തോമസ് ചക്യത്ത് എഴുതിയ 'ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും' എന്ന പുസ്തകം.

**തസ്തിക**

**UPSA, HSA**

(B.Ed + ആവശ്യമായ യോഗ്യതകൾ)

**പാർട്ട് - I (100 മാർക്ക്, 2 hrs)**

8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ബി.എഡിന്റെ സബ്ജക്ട് അടിസ്ഥാനമായ വിഷയത്തിന്റെ പുസ്തകങ്ങൾ, പാഠാനുബന്ധ പ്രവർത്തനങ്ങൾ, പൊതുവിജ്ഞാനം, B.Ed ന്റെ 2017-2018 വർഷത്തെ സിലബസ്.

**പാർട്ട് - II (50 മാർക്ക്, 1 hrs)**

a) 11, 12 ക്ലാസ്സുകളിലെ പി.ഒ.സി സൻമാർഗ്ഗ പാഠാവലി,

b) ബിഷപ്പ് തോമസ് ചക്യത്ത് എഴുതിയ 'ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും' എന്ന പുസ്തകം.

എഴുത്ത് പരീക്ഷയുടെ റിസൽട്ട് 2018 ജനുവരി 15-ാം തിയ്യതി കോർപ്പറേറ്റ് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്. എഴുത്ത് പരീക്ഷയിൽ 50 ശതമാനം മാർക്ക് ലഭിച്ചവർക്ക് മാത്രമേ നാലാം ഘട്ടത്തിലേയ്ക്ക് പ്രവേശിക്കാൻ യോഗ്യതയുള്ളു. യോഗ്യതയുള്ളവർക്ക് നാലും അഞ്ചും ഘട്ടങ്ങളുടെ സിലബസ് സഹിതമുള്ള ഇന്റർവ്യൂ കാർഡ് പോസ്റ്റ് വഴി ലഭിക്കുന്നതാണ്. പോസ്റ്റൽ തടസ്സം നേരിടുന്നവർ കോർപ്പറേറ്റ് ഓഫീസിൽ നിന്നും ഫെബ്രുവരി 10 നു ശേഷം ഇന്റർവ്യൂ കാർഡ് നേരിട്ട് കൈപ്പറ്റാവുന്നതാണ്.

**4–ാം ഘട്ടം:– കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തൽ**

കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്താൻ പാഠഭാഗങ്ങൾ ലാപ്ടോപ്പ് ഉപയോഗിച്ച് അവതരിപ്പിക്കാനും അതിനാവശ്യമായ വസ്തുതകൾ ഇന്റർനെറ്റിൽ നിന്നും കണ്ടെത്തി ഉപയോഗിക്കാനുള്ള ശേഷി, Ubuntu ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ പ്രത്യേകതരത്തിൽ വിലയിരുത്തപ്പെടുന്നതോടൊപ്പം കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ വൈവ പരീക്ഷയും ഉണ്ടായിരിക്കുന്നതാണ്.

**5–ാം ഘട്ടം:– വിദ്യാലയ പ്രവർത്തന വിലയിരുത്തൽ**

ഒരു ദിവസത്തെ അദ്ധ്യാപനം:– നൽകുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കുന്നത് വിദ്യാഭ്യാസ വിദഗ്ധർ വിലയിരുത്തുന്നു. വിദ്യാഭ്യാസ വിദഗ്ധരുടെയും, കുട്ടികളുടെയും വിലയിരുത്തൽ ഈ ഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

**6–ാം ഘട്ടം: അഭിമുഖം**

ഉദ്യോഗാർത്ഥികളുടെ വിശ്വാസാധിഷ്ഠിത ജീവിതവും, ധാർമ്മിക നിലപാടുകളും വിഷയത്തിലുള്ള അറിവും, പൊതുവിജ്ഞാനവും, അദ്ധ്യാപനത്തിന് ആവശ്യമായ മറ്റെല്ലാ കഴിവുകളും, ആത്മവിശ്വാസവും, വിവിധ ചോദ്യങ്ങളിലൂടെയും, അന്വേഷണങ്ങളിലൂടെയും മറ്റും വിലയിരുത്തുന്നു. കൂടാതെ ഇടവക വികാരിയിൽ നിന്നും ലഭിക്കുന്ന Confidential report ഉം ഈ ഘട്ടത്തിൽ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ഇന്റർവ്യൂവിന് ക്ഷണിച്ചുകൊണ്ടുള്ള കോൾലെറ്ററും യോഗ്യത തെളിയിക്കുന്ന ഒറിജിൽ സർട്ടിഫിക്കറ്റുകളും ഇന്റർവ്യൂവിന്റെ സമയത്ത് ഹാജരാക്കേണ്ടതാണ്.

**ആറുഘട്ടങ്ങളും വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ലഭിക്കാവുന്ന അധിക പരിഗണനകൾ**

a) കഴിഞ്ഞ പാനൽ ലിസ്റ്റിൽ പേര് വരികയും നിയമനം ലഭിക്കാതിരിക്കുകയും ചെയ്തവർക്ക് 25 മാർക്ക് ഗ്രെയ്സ് മാർക്കായി ഈ പാനൽ ലിസ്റ്റ് തയ്യാറാക്കുമ്പോൾ നൽകുന്നതാണ്.

b) ദിവസവേതനത്തിൽ മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്ക്കൂളുകളിൽ ജോലി ചെയ്തവർക്കും, ചെയ്യുന്നവർക്കും കാലയളവ് പരിശോധിച്ച് ഓരോ മാസ കാലയളവിനും (ഒരുമാസത്തിന് ഒരു മാർക്ക് വീതം) അഡീഷണൽ മാർക്ക് നൽകുന്നു. (മാക്സിമം 50 മാർക്ക് വരെ)

c) മതബോധനം DCC, HDC എന്നീ കോഴ്സുകൾ പാസ്സായവരെയും, മതാദ്ധ്യാപകരെയും, രൂപതാ ഭക്തസംഘടനാ സജീവ

പ്രവർത്തകരെയും പ്രത്യേകമായി പരിഗണിക്കുന്നതാണ്. രൂപതാ ഭക്ത സംഘടനാ സജീവ പ്രവർത്തകർക്ക് ഇടവക വികാരിയുടെ ശുപാർശ കത്ത് നിർബന്ധമാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

• പൂൾ ലിസ്റ്റ് തയ്യാറാക്കലുമായി നടക്കുന്ന യോഗത്തിലെ (2-ാംഘട്ടം) ഹാജർ നിർബന്ധമാണ്. പ്രസ്തുത യോഗത്തിൽ മേൽ പറഞ്ഞ ഘട്ടങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്.

• കോർപ്പറേറ്റ് സ്കൂളുകളിൽ ദിവസേന വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരും ചെയ്യുന്നവരുമായ എല്ലാ അദ്ധ്യാപകർക്കും മാസം ഒന്നിന് ഒരു മാർക്ക് വീതം നൽകപ്പെടുന്നതും, ആ മാർക്ക് ആറു ഘട്ടങ്ങളിൽ വിജയകരമായി പാസ്സായ ഉദ്യോഗാർത്ഥികളുടെ മാർക്കി നോട് ചേർത്ത് പാനൽ ലിസ്റ്റ് തയ്യാറാക്കുന്നതിൽ പരിഗണിക്കുന്നതു മാണ്. ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷവും തുടർന്ന് വരുന്ന വർഷ ങ്ങളിൽ Ceadom ന്റെ വിവിധ സ്കൂളുകളിൽ Daily Wages ൽ ജോലി ചെയ്യുന്നവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. പ്രസ്തുത മാർക്ക് എല്ലാ വർഷവും മാർച്ച് 31ന് ഉൾപ്പെടുത്തി പാനൽ ലിസ്റ്റ് നവീകരിക്കുന്നതാണ്. ഇത്തരത്തിൽ ദിവസവേതന ജോലിയുടെ ഗ്രേസ് മാർക്ക് ഉൾപ്പെടുത്താൻ മാർച്ച് 25ന് മുമ്പ് പ്രധാനാധ്യാപകന്റെ സാക്ഷ്യപത്രം നിർബന്ധമായും സമർപ്പിക്കണം. സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് മാർക്കുകൾ നൽകുന്നതല്ല. അങ്ങനെ കോർപ്പ റേറ്റ് സ്കൂളുകളിൽ Daily Wages ൽ ജോലി ചെയ്യുന്ന സേവനത്തിന നുസൃതമായി പാനൽ ലിസ്റ്റിലെ സ്ഥാനങ്ങൾക്ക് മാറ്റങ്ങൾ വരാം (ഉദാ: - പാനൽ ലിസ്റ്റിൽ ഒന്നാമതായി വന്ന ഒരാൾ Daily Wages ൽ ജോലി ചെയ്യുന്നതിനായി വിളിക്കുമ്പോൾ പോകാതിരിക്കുകയും, രണ്ടാമ ത്തെയോ മൂന്നാമത്തെയൊ വ്യക്തികൾ ഇത്തരത്തിൽ പോവുകയും ചെയ്താൽ അവരുടെ മാർക്കിനോട് ഗ്രേസ് മാർക്ക് കൂട്ടി ചേർക്കപ്പെടുകയും അവർ പാനൽ ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന്റെ സമയത്ത് ഒന്നാമതായി വരികയും ചെയ്യാനുള്ള സാധ്യത നില നിൽക്കുന്നു.) അതുപോലെ Daily Wages ൽ ജോലി ചെയ്യുന്ന കാലഘ ട്ടത്തിൽ സ്കൂളിൽ നിന്നും ലഭിക്കുന്ന Confidential report ന്റെ അടിസ്ഥാ നത്തിൽ ഈ മാർക്ക് നൽകപ്പെടാതിരിക്കാനും പൂൾ ലിസ്റ്റിൽ നിന്നു തന്നെ ഉദ്യോഗാർത്ഥികൾ പുറത്താക്കപ്പെടാനുമുള്ള സാധ്യതയുണ്ട് എന്ന കാര്യവും നിലനിൽക്കുന്നു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# കെസിബിസി മദ്യവിരുദ്ധസമിതി

**ലഹരിവിരുദ്ധ ക്ലബ്ബുകൾ**

ലഹരിയുടെ ഉപയോഗത്തിനെതിരെ ചെറുപ്പം മുതൽ കുട്ടികളെ ചിന്തിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സൺഡേ സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് തുടക്കമായി. എല്ലാ ഇടവകകളിലും ഒരു അദ്ധ്യാപകൻ ആനിമേറ്ററായി സമിതി രൂപീകരിച്ച് വരുന്നു. ഏറെ താൽപര്യത്തോടെയാണ് അധ്യാപകർ ലഹരിവിരുദ്ധ ക്ലബ്ബുകളെ സ്വീകരിക്കുന്നത്. നേതൃത്വം നൽകുന്ന അധ്യാപകരെയും പ്രധാനാധ്യാപകരെയും വികാരിയച്ചന്മാരെയും നന്ദിപൂർവ്വം ഓർമ്മിക്കുന്നു.

**ആനിമേറ്റർമാർക്ക് പരിശീലനം**

ഇടവക ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആനിമേറ്റർമാരായി പ്രവർത്തിക്കുന്ന അധ്യാപകർക്ക് ഏകദിന പരിശീലനം നൽകി. രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സണ്ണി മഠത്തിൽ ആമുഖ പ്രഭാഷണം നടത്തി. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. V.D രാജു, ജോയി പരിയാരത്ത്, P.I. ജയിംസ്, സി.ജോവിറ്റ, സി. മരീന എന്നിവർ നേതൃത്വം നൽകി. പൊതു ചർച്ചയും ക്രോഡീകരണവും നടത്തി.

**മാർഗ്ഗരേഖ**

ലഹരിവിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന കർമ്മ പരിപാടികൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കി.

**സെമിനാർ-കത്തീഡ്രൽ**

ലഹരിവിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ 5 -ാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി മാനന്തവാടി കത്തീഡ്രൽ ഇടവകയിൽ സെമിനാർ നടത്തി. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. സെമിനാർ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ വികാരിയച്ചനും പ്രധാനാധ്യാപകനും ആനിമേറ്റർമാർക്കും മറ്റ് അധ്യാപകർക്കും നന്ദി അറിയിക്കട്ടെ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# ഡി.എഫ്.സി. മാനന്തവാടി രൂപത

## ഫൊറോനതല സന്ദർശനം

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനും രൂപതയിലെ മുഴുവൻ ഫൊറോനയിലെയും വികാരിയച്ചൻമാരെ നേരിൽകണ്ട് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുമായി ദീപിക റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോന വികാരിയച്ചന്മാരേയും ഭാരവാഹികളേയും സന്ദർശിച്ചു. സർക്കുലേഷൻ മാനേജർ പ്രിൻസി, രൂപതാ സെക്രട്ടറി ഫ്രാൻസീസ് പി.വി. എന്നിവർ സന്ദർശനത്തിൽ പങ്കാളികളായി. ഫൊറോന വികാരിയച്ചന്മാരുടെ സഹകരണത്തെ നന്ദിയോടെ സ്മരിക്കുന്നു. ഓരോ ഫൊറോനയിലേയും യൂണിറ്റ്തല ഭാരവാഹികളുടെ യോഗം വിളിച്ചുചേർത്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## ഡി.എഫ്.സി. ശാക്തീകരണം

ഡി.എഫ്.സി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി നാം ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഊർജസ്വലമായി പ്രവർത്തിക്കാൻ താല്പര്യമുള്ളവരെകൂടി ഉൾപ്പെടുത്തി ഡി.എഫി.സി. യുടെ പ്രവർത്തനം ശക്തമാക്കണം. ഡി.എഫ്.സി. യൂണിറ്റുകൾ രൂപീകരിക്കാത്ത ഇടവകകളിൽ എത്രയും വേഗത്തിൽ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

## ലക്ഷ്യം മുന്നിൽകണ്ടുള്ള പ്രവർത്തനം

നമ്മുടെ രൂപതയിലെ ഓരോ ഇടവകകളിലും ഒക്ടോബർ 31 ന് മുമ്പായി മുപ്പത്തിയഞ്ച് ശതമാനം വീടുകളിൽ ദീപികപത്രം എത്തിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ഈ ഒരു ലക്ഷ്യത്തിലേക്ക് എത്തുന്നതിന് ഭവനസന്ദർശനത്തിലൂടെ സാധിക്കുന്നതാണ്. ഓരോ ആഴ്ചയിലും ഡി.എഫ്.സി. യൂണിറ്റ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾക്ക് പ്ലാൻ തയ്യാറാക്കുകയും ചെയ്യണം. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം ഡി.എഫ്.സി. ഭാരവാഹികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. 'നമ്മുടെ ഭാഷാപദ്ധതി' വഴി നമ്മുടെ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ദീപികപത്രം അനുദിനം വായിക്കുന്നതിന് അവസരം ഒരുക്കാവുന്നതാണ്.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ** – ഡി.എഫ്.സി രൂപതാ സെക്രട്ടറി

# അറിയിപ്പുകൾ



**1) വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

കുവൈറ്റ് മലയാളി കാതോലിക്ക് അസോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റിന്റെ (KMCA) സ്കോളർഷിപ്പ് പദ്ധതി 18-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ വളരെ സന്തോഷത്തോടെ സ്കോളർഷിപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നു. 2017 മാർച്ചിലെ പരീക്ഷയിൽ SSLC പാസായിട്ടുള്ളവരും, കത്തോലിക്കരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ 150 വിദ്യാർത്ഥികളെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 5000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്.

**നിബന്ധനകൾ**

1. 10 A+(Full A+) ഉള്ളവർ മാത്രമാണ് അപേക്ഷിക്കേണ്ടത്.
2. ഇതോടൊന്നിച്ച് കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂർണ്ണമായും പൂരിപ്പിച്ച് അയയ്ക്കണം.
3. CBSE, ICSE, Tamil Board Exam മുതലായ വിഭാഗങ്ങൾ അപേക്ഷിക്കേണ്ടതില്ല.
4. 2017 നു മുൻപ് പാസ്സായവർ അപേക്ഷിക്കേണ്ടതില്ല.
5. 150 ൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ കമ്പ്യൂട്ടർ മുഖേന വിജയികളെ തെരഞ്ഞെടുക്കുന്നതാണ്. KMCA Scholarship കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

   അപേക്ഷകർ മാർക്ക് ലിസ്റ്റിന്റെ Attested Copy യോടൊപ്പം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് സാധാരണ തപാലിൽ ഓഗസ്റ്റ് 20-ന് മുമ്പായി അയയ്ക്കേണ്ടതാണ്.

**അഡ്രസ്സ്: കെ.റ്റി. തോമസ്**

കരിപ്പാപ്പറമ്പിൽ. ഡി.റ്റി. റോഡ്, കാഞ്ഞിരപ്പള്ളി - 686507

NB: Acknowledment ആവശ്യമുള്ളവർ Self Addressed Postcard കൂടി അപേക്ഷയോടൊപ്പം അയയ്ക്കണം., അപേക്ഷാഫോമുകൾക്ക് thomkarippa@gmail.com എന്ന ഈമെയിലിൽ ആവശ്യപ്പെടുകയോ, നേരിട്ട് ഭാരവാഹികളിൽ ആർക്കെങ്കിലും Self Addressed /Stamped Cover അയയ്ക്കുകയോ ചെയ്താൽ ലഭിക്കുന്നതായിരിക്കും.

**2) Public Notice**

**Subject: Declaration of receipt of foreign contribution.**

Rule 13(a) of Foreign Contribution (Regulation) Rules, 2011 (FCRR, 2011) prescribes that a person who has been granted a certificate of registration or prior permission shall place the audited statement of accounts on receipts and utilization of foreign contribution, including income and expenditure statement, receipt and payment account and balance sheet for every financial year beginning on the first of April within 9 months of the closure of financial year on its official website or on the website as specified by the Central Government. Further, Rule 13(b) of FCRR, 2011 requires that a person receiving foreign contribution in a quarter of a financial year shall place details of foreign contribution received on its official website or on the website as specified by the Central Government within 15 days following the last day of the quarter in which it has been received clearly indicating the details of donors, amount received and date of receipt.

2. It is, however, noticed that most of the organizations, who have received foreign contribution, have not complied with the requirements of the abovementioned Rule 13(a) and 13(b) of FCRR, 2011. It is, therefore, requested that organizations may comply with the provisions of Rule 13 of FCRR, 2011 within a month from the date of this public Note, failing which, penal action as per Foreign Contribution (Regulation) Act, 2010 and Rules made thereunder will be taken,

**(Mukesh Mittal)**
Joint Secretary to the Government of India
Tel: 011-23438034
Fax: 011-23438033

# Pastoral Centre Programme



**August 2017**

| | |
|---|---|
| 5 | Zion |
| 8 -9 | Oneday Programme |
| 10 | Family Apostolate Joint Executive |
| 11 | KCYM |
| 11-12 | Department of Youth Ministry |
| 11- 14 | Marriage Preparation Course |
| 19 | KCYM |
| 20-24 | Zion Retreat |
| 21 | Marian Singles |
| 25-28 | Marriage Preparation Course |
| 26-28 | Department of Youth Ministry |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



### *August 2017*

| | |
|---|---|
| *2 Wed* | *Visitors' Day* |
| *3 Thu* | *Vianney day Celebration* |
| *4 Fri* | *Out of Station* |
| *6 Sun 13 Sun* | *K C B C Bishops' Retreat* |
| *14 Mon Morning* | *Vincentgiri* |
| *Afternoon* | *Chungakkunnu* |
| *15 Tue* | *Dwaraka: New Forane Inaugural Celebration* |
| *16 Wed 17 Thu* | *Out of Station* |
| *20 Sun 31 Thu* | *Mount St. Thomas- Kakkanad, Synod* |

### *September 2017*

| | |
|---|---|
| *1 Fri 4 Mon* | *Mount St. Thomas- Kakkanad, Synod* |
| *6 Wed* | *Good Shepherd Major Seminary, Kunnoth* |
| *8 Fri 11 Mon* | *Erkkad Out of Station* |
| *12 Tue* | *Payyampally: Ordination Dn. Martin Kuzhikandathil PSDP* |
| *13 Wed* | *Visitors' Day* |
| *14 Thu* | *Mary Matha College: Excellence Day* |
| *15 Fri* | *Out of Station* |
| *17 Sun 22 Fri* | *Priests' Retreat* |
| *23 Sat* | *Malom* |
| *24 Sun 29 Fri* | *Priests' Retreat* |
| *30 Sat* | *Sulthan Bathery: Blessing of the Church* |